3913




47

ST. THOMAS HIGH SCHOOL

ചലനാത്മക വീക്ഷണം

എം. വി. അബ്ദു

MUSLIM ASSOCIATION HIGH SCHOOL
Date
ERNAKULAM.



ചലനാത്മക വീക്ഷണം.

CHALANATMAKA VEEKSHANAM.



M. V. ABU.

PUBLISHERS.

CURRENT BOOKS, TRICHUR.

1_00

ചലനാത്മക വീക്ഷണം.

എം. വി. അബൂ.

AMINA BOOK STALL,
TRICHUR-1.

പ്രസാധകർ.
കറൻറ് ബുക്സ്, തൃശ്ശൂർ.
1_00.

FITST IMPRESSION
1000 COPIES, FEBRUARY 1959.

COVER: Sankar Blocks.
COVER PTG: Guruvilasam Press.

(RIGHTS RESERVED)

Printed at

F. GEORGE PRINTING WORKS, KANDASSANKADAVU.

"കർമ്മമേ, നിന്നിൽവാഴ്വൂ ജീവിതാസവം,സൃഷ്ടീ–
കർമ്മത്തിലാമോദിക്ക ജീവിതധർമ്മം, നിത്യം
ആലസ്യലാസ്യംകൊള്ളും മാനുഷനുണരട്ടെ
ആദർശരമ്യം പുത്തൻലോകത്തിനുദയമേകാൻ"

— ഇഖ്ബാൽ.

"പോരാ, ചെയ്തതു് വേണ്ടംവണ്ണമായില്ലാ–കാണാ–
യോരോരോ വിടവുകൾ മാനുഷൻതൻ സൃഷ്ടിയിൽ:
പണിയായുധം താഴേവെക്കുവാൻ നിരൂപിക്കെ,
പണിതീടണം പുതുതായെന്നേ കാണുന്നവൻ!"

ഉള്ളടക്കം.

അസ്വസ്ഥനും അസംതൃപ്തനുമായ മനുഷ്യൻ.

ഷാ–ഒരു അതിമാനുഷൻ.

മേജർ ബാർബറ.

ഇഖ്ബാലിന്റെ ലോകം.

ഇസ്ലാമിക സംസ്കാരം.

മിസ്റ്റിസിസവും യുക്തിചിന്തയും.

ചോരയും കല്ലുകളും.

"Before man parted for this earthly strand,
While yet upon the Verge of heaven
he stood,
God put a heap of letters in his hand
And bade him make with them what
word he could,

And man has turned them many times:
made Greece,
Rome, England, France:—Yes, nor in
vain essayed
Way after way, changes that never cease!
The letters have combined: Something
was made.

Ah! an inextinguishable sense
Haunts him that he has not made
what he should
That he has still, though old, to
recommence,
nce he has not yet found the word
God would!

Mathew Arnold.

അസ്വസ്ഥനും അസംതൃപ്തനുമായ മനുഷ്യൻ.

"യാത്രയായ് ലോകത്തേക്കു മാനവൻ, സ്വർഗ്ഗത്തിന്റെ
വാതിൽക്കലായപ്പോള,ന്നീശ്വരനവന്നേകി
കൈകളിലൊരുപിടി യക്ഷരം, മികവുറ്റ
വാഗ്രൂപമാവുംവണ്ണം സൃഷ്ടിചെയ്യുവാനായി."

തിരിച്ചും മറിച്ചുംവെച്ചക്ഷരങ്ങളെ, മർത്യൻ
രചിച്ചു പലവട്ടം വാക്കുകൾ – ഗ്രീസും റോമും
കർത്തുബ*ഫ്രാൻ,സിംഗ്ലണ്ട്, ലെനിൻഗ്രാഡ്—ഇവയൊന്നും
വ്യർത്ഥമായിട്ട,ല്ലെന്നാൽ സംതൃപ്തനായില്ലവൻ.

"പോരാ, ചെയ്തതു വേണ്ടംവണ്ണമായില്ലാ, കാണാ–
യോരോരോ വിടവുകൾ മാനുഷ്യൻ തൻ സൃഷ്ടിയിൽ:
പണിയായുധം താഴേവെക്കാമെന്നാലോചിക്കേ,
പണിതീടണം പുതുതായെന്നേ കാണുന്നവൻ!"*

---

* കൊർഡോവ.

* 8–ാംപേജിൽ ചേർത്ത വരികളുടെ സ്വതന്ത്രവിവർത്തനം.

അതത്ര സുഖകരമായൊരനുഭവമല്ല. പണിയെല്ലാമൊരു വിധം ചെയ്തീർത്തു്, പണിയായുധമൊരിടത്തുവെച്ചു്, സുഖമായൊന്നു പുകവലിച്ചു് ''നട്ടപ്പായ്ക്കാ''നൊരുങ്ങുമ്പോഴും, ചെയ്ത കഴിഞ്ഞ പണി വേണ്ടംവണ്ണം നന്നായില്ല, അതു വീണ്ടും പുതുക്കിപണിതേ പറ്റൂ എന്നവരുന്നതു് ആരേയും സന്തോഷിപ്പിക്കില്ല. ഉവ്വോ? എന്നാൽ നിങ്ങളതിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും മനുഷ്യസമുദായത്തിന്റെ ''വിധി'' യതാണു്.

മനുഷ്യൻ ഗ്രീസു് കെട്ടിപ്പടുത്തു. എന്നിട്ടോ? ഗ്രീസു്, റോമിനു് വഴി മാറിക്കൊടുക്കേണ്ടിവന്നു. ''റോം നിർമ്മിക്കപ്പെട്ടതു് ഒരു ദിവസംകൊണ്ടല്ല.'' ശരി, എത്രനാളത്തെ കഠിനാധ്വാനംകൊണ്ടു് പണിതുണ്ടാക്കിയതായാലുംശരി, റോം പടുത്തുയർത്തിയ കരങ്ങൾക്കും സ്വന്തം നിർമ്മിതിയുടെ എല്ലാ വിടവുകളും മടക്കാൻ കഴിവുണ്ടായില്ല. റോം ഈടുറ്റതും കേടറ്റതുമാണെന്ന സംതൃപ്തിയോടെ കൈകെട്ടിയിരുന്നവരും റോമും ഒപ്പം നിലംപതിച്ചപ്പോൾ, ഒരിക്കലും പരാജയപ്പെടാത്ത മനുഷ്യന്റെ സർഗ്ഗശക്തി പണിപ്പെട്ടു പണിതുണ്ടാക്കിയതാണു് കർത്തൂബ (കൊർഡോവ) എന്നാലവിടംകൊണ്ടവസാനിച്ചോ? ചരിത്രം ആവർത്തിച്ചുകൊണ്ടതന്നെയാണിരിക്കുന്നതു്. എങ്കിലും, എന്തൊരാവേശജനകമായ ചരിത്രമാണു് മനുഷ്യന്റേതു്; അത്രതന്നെ അഭിമാനകരവും അഭികാമ്യവും!

സർഗ്ഗശക്തിയും അപൂർണ്ണതയും.

മനുഷ്യന്റെ അതിശ്രദ്ധാപൂർവ്വകമായ സൃഷ്ടികളിൽപോലും വീണ്ടും വീണ്ടും വിടവുകൾ പ്രത്യക്ഷപ്പെടുമ്പോൾ, ചിലർ നിരാശാനിഹതരായി ചോദിക്കുകയാണു്: ''എന്തിനീ പാഴ്വേലയെല്ലാം!'' ഇത്രയും പറയുന്നതോടെ, കാണാത്തതും അനുഭവിക്കത്തക്കതുമായ എന്തെങ്കിലും സൃഷ്ടിച്ചെടുക്കാനുള്ള പണിയായുധ

ങ്ങളും കടലിലെറിഞ്ഞുകളയുന്നു. അപ്പോഴാം, കരിങ്കല്ലിൽനിന്നു് സൌന്ദര്യം കടഞ്ഞെടുക്കുന്ന ശില്പിയുടെ പണിയായുധം കരിങ്കല്ലിനോടേറ്റുമുട്ടുമ്പോഴുണ്ടാകുന്ന ശബ്ദം പറയാതെ പറയുകയാണു്: "എന്റെ സൃഷ്ടിക്കു് പരിപൂർണ്ണതയുടെ 'ടെയ്ഡ്മാർക്കു്'" ഇല്ലായിരിക്കാം. എന്നാലും, ഞാൻ കടഞ്ഞെടുക്കുന്ന പൂക്കാം, കറുത്തു് കനത്ത കരിങ്കല്ലിനേക്കാം സുന്ദരങ്ങളാണു്—അവക്കു് സൌരഭ്യമില്ലെന്നിരിക്കിലും; ചിത്രകാരന്റെ ചായക്കൂട്ടു് രൂപം കൊടുക്കുന്ന സജീവരൂപങ്ങളാം നിങ്ങളുടെ അന്തരംഗത്തിൽ നവജീവിതത്തിന്റെ കല്പോലം സൃഷ്ടിക്കാൻ പര്യാപ്തമാണു്—അതിനു് സ്വന്തമായി ജീവനില്ലെന്നിരിക്കിലും; നിസ്സാരമായ കൽക്ഷണങ്ങളാംകൊണ്ടു കെട്ടിപ്പടുക്കപ്പെടുന്ന മണിസൌധങ്ങളാംക്കു് മാനത്തുമിന്നുന്ന മഹാനക്ഷത്രങ്ങളുടെ ആയുസ്സുണ്ടായിരിക്കില്ലെങ്കിലും, മനുഷ്യക്കണ്ണുങ്ങളാംക്കു് മഞ്ഞിൽനിന്നും മഴയിൽനിന്നും മറ നൽകാനതുമതി."

ജീവന്റെ മഹനീയധർമ്മമായ സർഗ്ഗശക്തിക്കു വിലങ്ങുവെക്കാതെ, അവിരാമം അഭിരാമമായ നവലോകം കെട്ടിപ്പടുക്കുന്ന മനുഷ്യൻ, അതിന്നിടയിൽ അസുന്ദരവും അനഭിലഷണീയവുമായ സൃഷ്ടികളും കാരണഭൂതനായേക്കാം. മനുഷ്യന്റെ പ്രവൃത്തിനന്മയുടേയും സൌന്ദര്യത്തിന്റേയും സത്യത്തിന്റേയും ലോകം സമ്പന്നമാക്കുന്നതോടൊപ്പം അതിലെങ്ങാനും തിന്മയുടേയും വൈരൂപ്യത്തിന്റേയും അസത്യത്തിന്റേയും കണികകളും കണ്ണിൽപെട്ടാൽ, കർമ്മരാഹിത്യത്തിന്റെ അധിത്യകയിൽ അലസരായിരിക്കുന്നവരാക്രോശിക്കുകയായി: "ഈ വിസ്മൃതികളും വിഫലമായി വിയർപ്പു ചിന്തുന്നു. നോക്കൂ! അവരുടെ നിർമ്മിതികളിൽ മുഴച്ചു കാണുന്ന വൈരൂപ്യം; അപൂർണ്ണത!"

നിങ്ങളുടെ കണ്ണു് തുറന്നുതന്നെയിരിക്കുന്നുണ്ടെങ്കിലും, കണ്ണീർമുകളും ഓരോ നിമിഷവും നിരവധി പ്രാവശ്യം അടയ്ക്കുന്നതു

മാത്രം പൂണ്ടിക്കാട്ടുന്നവരുടെ * വാക്കുകൾ നിങ്ങളെ വഴിതെറ്റി ക്കാതിരിക്കട്ടെ. ജീവിതത്തിന്റെ വെല്ലുവിളി സ്വീകരിച്ചു് പ്രവർത്തനത്തിന്റെ പണിപ്പുരയിൽ നിൽക്കുന്ന വിയർപ്പുനാറുന്ന മനുഷ്യാ, ഭാവിയുടെ പൂക്കൾ ചൂണ്ടവിട്ടർത്തുവാൻ വ്യഗ്രതയോ ടെ നോക്കുന്നതു് നിന്റെ നേർക്കാണു്; നീയാണു് ഭാവിയുടെ സ്രഷ്ടാവു്!

നിന്റെ സൃഷ്ടിയിൽ അപൂർണ്ണത കാണുമ്പോൾ നീയസ്വ സ്ഥനും അസംതൃപ്തനുമാകുന്നു. കൂടുതൽ സുന്ദരവും താരതമ്യേന പരിപൂർണ്ണവുമായ ഒരു സൃഷ്ടിയെ വിഭാവനം ചെയ്തുകൊണ്ടു് പണി തുടരുന്നു. ഹാ! ഒരിക്കലുമവസാനിക്കാത്ത പുതുക്കിപ്പു ണിയലിന്റെ ചരിത്രമാണു് ലോകത്തിന്റേതു്. അപൂർണ്ണതയിൽ നിന്നു് പരിപൂർണ്ണതയെ ലക്ഷ്യംവെച്ചുകൊണ്ടുള്ള അവസാനം കാണാത്ത ജൈത്രയാത്രയാണു് ജീവിതം. അതിന്റെ കാൽപ്പാട് കളത്രേ ഋതുകാലചരിത്രം. അപൂർണ്ണതയല്ല ജീവിതത്തിന്റെശത്രു. കർമ്മരാഹിത്യത്തിന്റെ പാഴ്ഭൂവിൽ കുടിയിരിക്കുന്ന യാഥാസ്ഥി തികതമാല്ലേ—അതാണു് ജീവിതത്തിന്റെ ആ ജന്മശത്രു.

അനുശോചനവും അനുമോദനവും.

പ്രഭാതം പൊട്ടിവിരിഞ്ഞപ്പോൾ, ബോധവാനായ മനു ഷ്യൻ കണ്ണുതുറന്നപ്പോൾ, അനന്ത വിസ്മൃതിയാണു് ജീവിതസാ ഗരമാണു് അവന്റെ കണ്ണിൽ പെടുന്നതു്. എന്തൊരാർപ്പും വിളിയും തിക്കും തിരക്കുമാണവിടെ! തീക്കൊള്ളുണ്ടു്, പായക്ക

---

* "In spite of the fact that we shut our eyelids every second, it is the openings of the eyes that count"

Tagore—"Sadhana"

പ്പലുകളുണ്ട്, പൊതുമുതോണികൾ പോലുമുണ്ട്. എല്ലാം തയ്യാറായി നിൽക്കുകയാണ്—നിറയെ ആളുകളോടെ. കോപംകൊണ്ട കടലിലൂടെ എവിടേക്കാണിവയെല്ലാം യാത്ര? ഇവയ്ക്ക് ലക്ഷ്യസ്ഥാനം പ്രാപിക്കാനാവുമോ? ചില വൻകപ്പലുകൾ കണ്ണെത്താത്ത ദൂരത്തേക്കു നീങ്ങുകയാണ്. പൊതുമുതോണികളിൽ ചിലതു് വഴിക്കുവെച്ചു മുങ്ങുന്നു. അതിലുള്ള യാത്രക്കാരുടെ നിലശോചനീയംതന്നെ. എന്നാലതിനേക്കാൾ ശോചനീയരായ ചിലരുമുണ്ടീജീവിതസാഗരത്തിൽ. നിങ്ങൾ ചെവിയോർത്തു നോക്കൂ. എങ്ങുനിന്നോ പുറപ്പെടുന്ന ആ നിസ്സഹായതയുടെ വിലാപഗാനം ആരുടേതാണ്? ജീവിതസാഗരത്തിലെത്തപ്പെട്ടിട്ടും ഒരു പൊതുമുതോണിയിലെങ്കിലും കയറിപ്പറ്റി പൌരുഷപൂർവ്വം അതു തരണംചെയ്യാൻ ശ്രമിക്കാതെ കടലിന്റെ കരയിൽ കടിച്ചുതൂങ്ങിക്കിടക്കുന്ന പരിഷയിൽ നിന്നാണതു പുറപ്പെടുന്നതു്. മഹത്തായ ഒരു പ്രാപ്യസ്ഥാനം ലാക്കാക്കിക്കൊണ്ട് ശുഭപ്രതീക്ഷാനിർഭരമായ ഹൃദയത്തോടെ സമാരംഭിക്കപ്പെടുന്ന ആവേശജനകമായ ജീവിതയാത്രയുടെ അനശ്വരമായ ആനന്ദം അവർക്കജ്ഞാതമാണ്. അവരുടെ പേരിൽ ഞാനനുശോചിക്കുന്നു! ലക്ഷ്യസ്ഥാനത്തെത്തിച്ചേരട്ടെ, അഥവാ, എത്തിച്ചേരാതിരിക്കട്ടെ, അഭികാമ്യമായ ആ ഉന്നത്തിൽനിന്നു കണ്ണെടുക്കാതെ, തകരാൻപോകുന്ന പൊതുമുതോണികൾക്ക് സഹായഹസ്തം നീട്ടിക്കൊണ്ട് പതറാതെ മുന്നേറുന്നവർ ജീവിതയാഥാർത്ഥ്യം ഗ്രഹിച്ചവരാണ്; ജീവിതാനന്ദം നുകരുന്നവരാണ്. അവർക്കാണെന്റെ അനുമോദനങ്ങൾ!

ഷാ — ഒരു അതിമാനുഷൻ.

'അതിമാനുഷ'നെക്കുറിച്ച് വളരെയേറെ പ്രസ്താവിച്ചിട്ടുള്ള ഒരാളാണ് ജോർജ്ജ് ബെർണാർഡ് ഷാ. എന്നാൽ ഷാ തന്നെ ചുരുങ്ങിയതോതിൽ ഒരതിമാനുഷനായിരുന്നില്ലേ, — അദ്ദേഹം ആ പദംകൊണ്ട് വിവക്ഷിക്കുന്ന അർത്ഥത്തിലല്ലെന്നിരുന്നാലും?

മനുഷ്യസഹജമായ ചില ആഗ്രഹങ്ങളുണ്ട്: സ്വാർത്ഥ ക്ഷ്യപേയങ്ങളാസ്വദിക്കുക; ആവുന്നത്ര ആകർഷകമായ ചുറ്റുപാ-ിൽ താമസിക്കുക; പ്രകൃതിസൌന്ദര്യം കണ്ടാനന്ദിക്കുക; തമാശപറഞ്ഞു ചിരിക്കുക; കുറച്ചൊരു ''റൊമാൻസോ''ടുകൂടി ജീവിക്കുക തുടങ്ങിയവ. ഇവയൊക്കെ ജീവിതത്തിലെ അനാവശ്യമായ ആഡംബരങ്ങളല്ല, മനുഷ്യസാധാരണമായ ആവശ്യങ്ങളാണ് എന്നാണല്ലോ പൊതുമതം. എന്നാൽ ഷാ പ്രസ്തുത സ്വഭാവവിശേഷങ്ങളൊക്കെത്തീതനായിരുന്നു. ഇതിനൊക്കെയുപരിയായ എന്തോ ഒന്നിനുവേണ്ടിയാണ് അദ്ദേഹത്തിന്റെ അത്യുന്നതമായ ചിന്താമണ്ഡലം ഉഴറിയിരുന്നതു്.

ഷായുടെ വ്യക്തിത്വത്തിൽ അലിഞ്ഞുചേർന്നിരുന്ന ഈ അതിമാനുഷത്വത്തിന്റെ അംശത്തെ പ്രതിപാദിച്ചതു് — അദ്ദേഹത്തിന്റെ സൌന്ദര്യബോധത്തിന്റെ അപര്യാപ്തതയെച്ചൊല്ലി, വികാരാംശത്തിന്റെ വൈരളൃത്തെച്ചൊല്ലി — അദ്ദേഹത്തിന്റെ

കലയെ വളരെപേർ വിമർശിച്ചിട്ടുണ്ട്. കാര്യം ഏറെക്കുറെ ശരിയാണുതാനും. മനുഷ്യസാധാരണമായ സ്വഭാവവിശേഷങ്ങൾക്കതീതനായി വർത്തിക്കുകയും അങ്ങനെത്തന്നെ വ്യതിരിക്തമായൊരു സൌന്ദര്യബോധമുൾക്കൊള്ളുകയും ചെയ്യുന്നൊരു വ്യക്തിയുടെ കലാസൃഷ്ടി സാധാരണനിലയിൽ അനുവാചകനു് പ്രിയംകരമല്ലാതിരിക്കാനാണെളുപ്പം. എന്നിട്ടും മറ്റാർക്കും സാധ്യമല്ലാത്തവിധം കാണാൻകൂടി കഴിയാത്ത വിജയമാണു് ഷാ കൈവരിച്ചതു്—തന്റെ കലകൊണ്ടു് എന്തു കാര്യലാഭമാണോ അദ്ദേഹമുദ്ദേശിച്ചിരുന്നതു് ആ ഉദ്ദേശം നിറവേറുന്നതിൽ പ്രത്യേകിച്ചും. അപ്പോൾ എന്തായിരുന്നു അദ്ദേഹത്തിന്റെ വിജയരഹസ്യം?

സമകാലീനപ്രശ്നങ്ങളുടെ ചിത്രീകരണം.

തന്റെ ആശയങ്ങൾ ജനതാമദ്ധ്യത്തിൽ സാവ്വത്രികമായി പ്രചരിപ്പിക്കുവാനുള്ള ഫലപ്രദമായ ഒരുപകരണമെന്ന നിലയിലാണു് ഷാ സാഹിത്യത്തെ സമീപിച്ചതു്. കാൽപ്പനിക പ്രസ്ഥാനത്തോടു് അദ്ദേഹത്തിനു് അവജ്ഞയേയുണ്ടായിരുന്നുള്ളു. പൊതുവെ സ്വീകരിച്ചുവരുന്ന അർത്ഥത്തിൽ ഒരു തനി റിയലിസ്റ്റുമായിരുന്നില്ല അദ്ദേഹം. ഏതെങ്കിലും യാഥാർത്ഥ്യം യഥാതഥമായി ചിത്രീകരിച്ചാൽ അതു് അവശ്യം അനുവാചകനെ ആകഷിച്ചുകൊള്ളണമെന്നില്ല; എന്നാലങ്ങനെ ചിത്രീകരിക്കുന്ന പ്രശ്നങ്ങൾ അനുവാചകരെ പൊതുവെ ഗാഢമായി ബാധിക്കുന്നതാണെങ്കിലോ?—നിശ്ചയമായും പ്രസ്തുത കലാസൃഷ്ടി അവരെ അവഗാഢമായാകർഷിക്കാതെപോവില്ല. ഈ കലാരഹസ്യം നല്ലവണ്ണം ഗ്രഹിച്ചതിന്റെ ഫലമായുടലെടുത്തതാണു് ഷായുടെ കലാസൃഷ്ടികളെന്നു പറയാം. പ്രസിദ്ധ ദാർശനികനായ സി. ഇ. എം. ജോഡ് വ്യക്തമാക്കുന്നു: "സമകാലീന മനുഷ്യനെ അഭിമുഖീകരിക്കുന്ന അതേ പ്രശ്നങ്ങളും, വ്യാമോഹവിമുക്തമായ നഗ്നയാഥാർത്ഥ്യങ്ങളും വിഷമതകളുംതന്നെയാണു് ഷാ നാടകീയമായ രീതിയിൽ അവതരിപ്പിക്കുന്നതു്" ഷായുടെ വിജയ രഹസ്യവും മറെറാന്നല്ല.

ജനതയുടെ വിവേചനാശക്തിയെ ഉദ്ദീപ്തമാക്കത്തക്കവിധം യുക്തിസഹവും ശക്തിയുക്തവുമായി ഇടവിടാതെ ഉൽബോധനം നൽകിക്കൊണ്ടിരുന്നാൽ അവരെ പുരോഗമനത്തിന്റെ പന്തിയിലേക്കാകഷ്ടിക്കാൻകഴിയും എന്നു് ഷാ വിശ്വസിച്ചിരുന്നു. തന്റെ നാടകങ്ങൾക്കു സുദീർഘവും ചിന്താദ്യോതകവുമായ ആമുഖോപന്യാസങ്ങളെഴുതിച്ചേർക്കാനദ്ദേഹത്തെ പ്രേരിപ്പിച്ചതതാണു്.

അകൃത്രിമമായ ശൈലി.

അനുവാചകന്റെ ശ്രദ്ധയെ പിടിച്ചുനിർത്തത്തക്കവണ്ണം ശക്തവും, എന്നാൽ, നിറപ്പകിട്ടില്ലാത്തതുമായ ഒരു ഭാഷാശൈലിയാണു് ഷായുടേതു്. അതു ആകർഷകമായ ഒരു ശൈലിയുടെ ഉടമയായ അദ്ദേഹത്തിനു് ശൈലിയെസ്സംബന്ധിച്ചേടത്തോളം ഇതുയേ പറയാനുള്ളൂ: നിങ്ങൾക്കു പറയാനുള്ളതു് വളച്ചുതിരിക്കലൊന്നുംകൂടാതെ — നേർക്കുനേരെ—വ്യക്തമായും ശക്തമായും പ്രകടിപ്പിക്കുക. ഒരെഴുത്തുകാരനു് എന്താണു് പറയുവാനുള്ളതു് എന്നതാണു്, അല്ലാതെ എങ്ങനെയാണു് പറയുന്നതു് എന്നുള്ളതല്ല പ്രധാനം—അതായതു്, നിങ്ങൾ വിൽപ്പനയ്ക്കു കൊണ്ടുപോകുന്ന സാധനങ്ങളാണു്, അവ വഹിച്ചുകൊണ്ടുപോകുന്ന വാഹനമല്ല, പരിഗണനീയം. പിന്നെ വ്യക്തതയുടെ കാര്യമല്ലേ. നിങ്ങളുടെ ആശയം സുവ്യക്തമാണോ, സ്വാഭാവികമായി ശൈലിയും വ്യക്തവും ആകർഷകവുമായിക്കൊള്ളും. * ജോഡു് വ്യക്തമാക്കുന്നതുപോലെ, "വസ്തുകളെ നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നതിലുള്ള ഷായുടെ പ്രത്യേകതയും അവ വ്യക്തമായി പ്രകടിപ്പിക്കുവാനുള്ള അനന്യസാധാരണമായ

---

* മലയാളത്തിൽതന്നെ ഇതിനുവേണ്ടത്ര ഉദാഹരണങ്ങളുണ്ടു്. നല്ലവണ്ണം ചിന്തിച്ച ദഹിച്ച ആശയങ്ങളെ മാത്രം പ്രകടിപ്പിക്കാവുള്ളു—താൻ പ്രസ്താവിക്കുന്ന വിഷയത്തെക്കുറിച്ചു് സ്പഷ്ടമായ ബോധമുള്ള—കെ. സുരേന്ദ്രനെപ്പോലുള്ളവരുടെ ഭാഷാശൈലി 'മണിമണിപോലെ' വ്യക്തമാണെങ്കിൽ, ബുദ്ധിപരമായ ദഹനക്കേടുബാധിച്ച വേറെ ചിലരുടെ ശൈലി എത്ര മാത്രം ക്ലിഷ്ടവും അസ്പഷ്ടവുമാണെന്നു് വായനക്കാർ അനുഭവിച്ചറിഞ്ഞിരിക്കും.

കഴിവും പരസ്പരം ഗാഢമായി ബന്ധിക്കപ്പെട്ടിരിക്കുന്നു—ആദ്യം പറഞ്ഞതിന്റെ സ്വാഭാവികമായ ഫലമാണ് രണ്ടാമത്തെ ഗുണം.'' ലിഖിതഭാഷയുടേയും സംസാരഭാഷയുടേയും ഉത്തമാംശങ്ങളുംകൊള്ളുന്ന ഒന്നാണ് ഷായുടെ ശൈലി.

വസ്തുതകളുടെ ഇരുവശവും നോക്കിക്കാണുവാനുള്ള അനുയോജ്യമായ ക്രാന്തദർശിത്വമുണ്ടായിരുന്നിട്ടും ഷായുടെ ചില പ്രസ്താവനകളും, ഭാഗികയാഥാർത്ഥ്യങ്ങളെ അതിശയോക്തിപരമായി ചിത്രീകരിക്കുന്നവയായിക്കാണുന്നതെന്തുകൊണ്ടാണ്? അദ്ദേഹം അങ്ങനെ അതിശയോക്തിപരമായി ആവിഷ്കരിക്കുന്ന സത്യത്തിന്റെ അംശം മിക്കപ്പോഴും പൊതുജീവിതത്തിൽ അവഗണിക്കപ്പെട്ട സത്യാംശമായിരിക്കുമെന്ന വസ്തുത അതിലേക്കു വെളിച്ചംവീശുന്നുണ്ട്. യാഥാർത്ഥ്യത്തിന്റെ പ്രസ്തുതവശവും നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തണമെന്നേയുള്ളൂ ഷായ്ക്ക്; അതു പ്രത്യക്ഷരം ശരിയാണെന്നോ, വേദവാക്യമെന്നോണം സ്വീകരിച്ചുകൊള്ളണമെന്നോ ശഠിക്കാൻമാത്രം ബുദ്ധിഹീനനല്ല അദ്ദേഹം. ''വിനോദപൂർവ്വകമായോ അമ്പരപ്പിക്കുന്നവിധത്തിലോ ഷാ തന്റെ ആശയങ്ങൾ അവതരിപ്പിക്കുന്നു. സന്തോഷത്തിന്റെയോ അമ്പരപ്പിന്റെയോ ഉപാധിയിലൂടെ തങ്ങളുടെ ഗാഢമായ ശ്രദ്ധക്ഷവിഷയീഭവിപ്പിക്കപ്പെടുന്ന ആശയങ്ങളെ അനുവാചകലോകത്തിനു് ഓമ്മയിൽനിന്നു് ഒഴിക്കുവാൻ കഴുകയില്ല.''

വാദപ്രതിവാദത്തെക്കുറിച്ചു്.

നിലവിലുള്ള സകല സ്ഥാപനങ്ങളേയും തന്റെ മൂച്ചയേറിയ എതിർപ്പിനു് ശരവ്യമാക്കിയിട്ടുള്ള ആളാണ് ഷാ. എന്നിട്ടും, മറേറതൊരു പരിഷ്കർത്താവിനുമുണ്ടായിരുന്നതിനേക്കാളധികം ശത്രുക്കൾ അദ്ദേഹത്തിനുണ്ടായിരുന്നുവെന്നു പറഞ്ഞുകൂടാ. ഷാ, വ്യക്തികളെയല്ല, സ്ഥാപനങ്ങളേയാണെതിർത്തിരുന്നതു്; വ്യ

ക്തിവിദ്വേഷം അദ്ദേഹത്തെ തീണ്ടിയിട്ടുപോലുമില്ല. ശത്രുക്ക ളുടെ സംഖ്യ പൂജ്യങ്ങളാകുന്നതിനുള്ള കാരണവുമതുതന്നെ.

വാദപ്രതിവാദത്തെക്കുറിച്ച് ശ്രദ്ധേയമായ അഭിപ്രായമാ ണ് ഷാ പ്രകടിപ്പിച്ചിട്ടുള്ളത്: നിങ്ങൾക്കെതിരായി വ്യക്തി പരമായ ആരോപണങ്ങളുന്നയിക്കുകയാണെങ്കിൽ, —— അതിന്റെ ഉച്ചസ്ഥലം നിങ്ങളുടെ വ്യക്തിവൈശിഷ്ട്യത്തെ എത്രതന്നെ ബാധി ക്കുന്നതായാലും ശരി—അതിനു പകരംവീട്ടാൻ വ്യക്തിപരമായ പ്രത്യാരോപണങ്ങളും ഉന്നയിക്കുവാനുള്ള പ്രേരണക്ക് ഒരിക്കലും വശംവദരായിപ്പോകരുത്. വ്യക്തിപരമായ പരാമർശം വി കാരങ്ങളെ ചൂടുപിടിപ്പിക്കും; ശരിയായ തീരുമാനമെടുക്കാനുള്ള മനോഭാവത്തിൽ കരിപിടിപ്പിക്കും; വാദപ്രതിവാദം ആരോഗ്യക രമായവസാനിപ്പിക്കാനുള്ള സാധ്യത വിദൂരമാക്കും; സർവ്വോപരി, സ്വാഭിപ്രായം മറുഭാഗത്തെക്കൊണ്ട് സ്വീകരിപ്പിക്കുന്നതിൽ അമ്പേ പരാജയപ്പെടുത്തും—ഇതാണദ്ദേഹത്തിന്റെ വിശദീക രണം.

ബഹുമുഖമായി വികസിപ്പിച്ച വ്യക്തിത്വം.

ഒരു സാഹിത്യകാരനെന്ന നിലയിലുള്ള ഷായുടെ നേട്ട ങ്ങൾതന്നെ ആശ്ചര്യം അസൂയജനിപ്പിക്കാൻ പര്യാപ്തമായതു വിപു ലമാണ്. എന്നാൽ സാഹിത്യത്തിൽ മാത്രമല്ല മറ്റു പല രംഗ ങ്ങളിലും അദ്ദേഹം കൈവെച്ചിട്ടുണ്ട്. അതിലും പ്രധാനമായ കാര്യം, താൻ രംഗപ്രവേശംചെയ്ത ഓരോകളിലെല്ലാം അദ്ദേഹം മുന്നണിയിലായിരുന്നുവെന്നതത്രേ. ഷാ, അദ്വിതീയനായൊരു ഗദ്യരചയിതാവാണ്, ലഘുലേഖാകർത്താവാണ്, താർക്കിക നാണ്, നാടകകൃത്താണ്, സർവ്വോപരി, ഒരു ദാർശനികനു മാണ്! ഷായുടെ വ്യക്തിത്വത്തിനു വിലയിരുത്താൻ ശ്രമി ക്കുന്നവരെ വിഷമിപ്പിക്കുന്നൊരു ഘടകമാണിതു്. അദ്ദേഹത്തി

ലുള്ള ഏതംശത്തിന്നാണ് പ്രാധാന്യം നൽകേണ്ടതു്? ഇപ്പറഞ്ഞതിൽ രണ്ടോ മൂന്നോ വിഷയങ്ങളിൽമാത്രം അഭിജ്ഞനായൊരു വിമർശകൻ ഷായുടെ ബൃഹത്തും ബഹുമുഖവുമായ വ്യക്തിത്വത്തിന്നു് ശരിയായി വിലയിരുത്താനെങ്ങനെ പ്രാപ്തനാകും?

വിമോചകൻ.

കഴിഞ്ഞ നൂറ്റാണ്ടിന്റെ "തറവാടിത്തം" ശാശ്വതവും പരിപാവനവുമായി പരിഗണിച്ചിരുന്ന നൂനൂറു വിശ്വാസാചാരങ്ങളെ തകർത്തുതരിപ്പണമാക്കിയെന്നതാണു് ഷായുടെ ഏറ്റവുംവലിയ നേട്ടം. പഴമയുടെ അംഗീകൃത തത്വങ്ങൾ—യാഥാസ്ഥിതികത്വത്തിന്റെ ഭക്തിപാരവശ്യപൂർവ്വകമായ ആരാധനക്കു പാത്രീഭവിച്ചിരുന്ന വിഗ്രഹനിരകൾ—ഷായും വെൽസും ആഴിച്ചുവിട്ട കൊടുങ്കാറ്റിൽ നിലംപതിച്ചു ചിന്നിച്ചിതറി. കാറ്റിൽ പറക്കുന്ന പഞ്ഞിക്കഷണങ്ങളെയാണല്ലോ, ഇളക്കമില്ലാത്ത പവ്വത്തങ്ങളായി തങ്ങളതുവരെ പരിഗണിച്ചിരുന്നതെന്നോർത്തു് ചിന്താലോകം ലജ്ജിച്ചുപോയി! അങ്ങനെ, കഴിഞ്ഞ നൂറ്റാണ്ടുകളുടെ പ്രേതം കഴുത്തിൽ ബന്ധിച്ച ഉരുക്കുചങ്ങലകളിൽനിന്നു് സമകാലീന സമുദായത്തിന്നു് മോചനം നൽകിയ വിമോചകനായി ഷാ എന്നുമെന്നും സ്മരിക്കപ്പെടും. ജെ. ബി. പ്രീസ്റ്റ്‌ലിയുടെ വാക്കുകളിൽ ഷാ, "head of the Victorian rubbish disposal squad" ആയിരുന്നു.

രാഷ്ട്രീയ പ്രവർത്തകൻ.

ഷാ പൊതുജീവിതത്തിൽ പ്രവേശിച്ചതു് ഒരു രാഷ്ട്രീയ പ്രവർത്തകനായാണു്. സോഷ്യലിസത്താലാകൃഷ്ടനായ അദ്ദേഹം സോഷ്യലിസ്റ്റാശയ പ്രചരണത്തിന്നു്, 'ഫേബിയൻ സൊസൈറ്റി' മുഖേനയും മറ്റും കുറച്ചൊന്നുമല്ല പ്രവർത്തിച്ചിട്ടുള്ളു. സാമ്പത്തിക വിതരണത്തിൽ ഗണിതശാസ്ത്രപരമായി കണിശമായ സമ

തപം പാലിക്കണമെന്നൊന്നും ഷാ ആഗ്രഹിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ വാക്കുകളിൽത്തന്നെ പറയുകയാണെങ്കിൽ, ജനവിഭാഗങ്ങളന്യോന്യം വിവാഹബന്ധത്തിലേർപ്പെടത്തക്ക വിധത്തിലുള്ള സാവ്വത്രികമായ അഭിവൃദ്ധിയാണ്—അങ്ങനെയുള്ള സാമ്പത്തിക സമത്വ(Inter-marriagable equality)മാണ്, അഭിലഷണീയം. ഒരാളുടെ വരുമാനം പതിനായിരമുറുപ്പികയും മറെറാരാളുടേതു് അമ്പതിനായിരമുറുപ്പികയുമാണെങ്കിൽ ആ അസമത്വം കാര്യമായെടുക്കേണ്ടതില്ല—സമൃദ്ധി, എന്തായാലും, സമൃദ്ധിതന്നെയാണല്ലോ. സമുദായത്തിലെ ഓരോ അംഗത്തിനും ഭൌതികാവശ്യങ്ങൾ ക്ലേശരഹിതമായി നിവ്വഹിക്കാൻ കഴിവുണ്ടാകണമെന്നതാണ് കാര്യം. പ്രസ്തുത കഴിവു് ചിലർക്ക് നാലോ അഞ്ചോ ഇരട്ടിയുണ്ടെങ്കിൽ അങ്ങനെയായിക്കൊള്ളട്ടെ! നിലവിലുള്ള സാമൂഹ്യസാമ്പത്തിക വ്യവസ്ഥിതികളുടെ സൃഷ്ടിയായ വൃത്തികേടുകൾ പുറത്തുകൊണ്ടുവരുന്നതിൽ മറാരുടേയും പിന്നിലല്ല ഷാ എന്നതിനു് ഉത്തമോദാഹരണമാണ് അദ്ദേഹത്തിന്റെ "MAJOR BARBARA" എന്ന നാടകം.

ജനാധിപത്യത്തിന്റെ പ്രവത്തനങ്ങളിൽ കണ്ട തകരാറുകൾ—ജനസാമാന്യത്തിന്റെ ഔത്സുക്യങ്ങളും വിവേകരാഹിത്യവും—കണ്ടു് മനംമടുത്ത ഷാ, ഒരു അതിമാനുഷന്നുമാത്രമേ സാമൂഹ്യവ്യവസ്ഥ ശരിപ്പെടുത്തി സമുദായത്തെ മുന്നോട്ടു നയിക്കാനാവൂ എന്ന വിശ്വാസത്തിലാണ് ഒടുവിൽ എത്തിച്ചേർന്നതു്: സേച്ഛാധിപതികളെ സ്വാഗതംചെയ്യാനുള്ള ഔത്സുക്യകരമായ അദ്ദേഹത്തിന്റെ സന്നദ്ധതക്കു പിന്നിൽ പ്രവത്തിച്ചതു് ഈ നൈരാശ്യബോധമായിരിക്കണം.

ചലനാത്മകമായ വീക്ഷാഗതി.

ജീവിതത്തിന്റെ പുരോഗതിക്കു് വിഭിന്ന സ്വഭാവത്തോടുകൂടിയ വ്യക്തിത്വങ്ങളുടെ സവ്വതോമുഖമായ വികാസം അവശ്യ

ഘടകമായീ പരിഗണിച്ചിരുന്ന ഒരാളാണു് ഷാ. എന്നാൽ, മുതലാളിത്ത — പ്രജാധിപത്യാരാധകന്മാർ പുരപ്പുറത്തു കയറി നിന്നൽഘോഷിക്കാവുള്ള കടിഞ്ഞാണില്ലാത്ത ''വ്യക്തിസ്വാതന്ത്ര്യ'' മാണദ്ദേഹമാവശ്യപ്പെട്ടിരുന്നതെന്നു് തെറ്റിദ്ധരിച്ചേക്കരുതു്. വ്യക്തികളുടെ വാസനാവിശേഷങ്ങൾ വ്യത്യസ്തങ്ങളായിരിക്കും; അവയ്ക്കെല്ലാം വളരാനും വികസിക്കാനുമുള്ള സാഹചര്യമുണ്ടായിരിക്കണം; എല്ലാവരോടും ഒരേവിധത്തിൽ പെരുമാറുകയും ഒരേവിധത്തിൽതന്നെ ചിന്തിക്കാനെല്ലാവരേയും നിർബ്ബന്ധിക്കുകയും ചെയ്യുകയല്ല വേണ്ടതു്—ഇതുയുമാണദ്ദേഹം ആവശ്യപ്പെട്ടന്നതു്. ''മറവുള്ളവർ നിങ്ങളോടെങ്ങനെ വർത്തിക്കണമെന്നു് നിങ്ങളാഗ്രഹിക്കുന്നുവോ, അപ്രകാരം നിങ്ങളും മറവുള്ളവരോടു് പെരുമാറുവിൻ. അവരുടെ വാസനകളും വ്യത്യസ്തമായിരിക്കാം....'' എന്നു് ബൈബിളിലെ വചനം മറിച്ചുപറയാനദ്ദേഹത്തെ പ്രേരിപ്പിച്ചതു് സ്വതന്ത്രചിന്തയുടെ കുസൃതിത്തമല്ല, വ്യക്തിതന്ത്രങ്ങളുടെ വൈവിധ്യത്തിലുള്ള വിശ്വാസമത്രേ.

ആശയപരമായ സമരവും സംഘട്ടനങ്ങളുമില്ലാത്ത - ജോലീയൊന്നും ചെയ്യാത്തതുമൂലം വിശ്രമത്തിനു് അതിന്റെ സകല ആകർഷകത്വവും വിനഷ്ടമായിത്തീരുന്ന — ഒരു ലോകത്തിൽ ഷാക്കു് ജീവിക്കുവാൻതന്നെ കഴിയുമോയെന്നു് സംശയമാണു്. വെറുതെയിരുന്നു് സ്വപ്നംകാണുകയെന്നതു് അദ്ദേഹത്തിന്റെ പ്രകൃതിക്കു യോജിച്ചതേയല്ല. ഷായുടെ ചലനാത്മകവും ചൈതന്യവത്തുമായ ഈ വീക്ഷണഗതി അദ്ദേഹത്തിന്റെ സകല പ്രവർത്തനങ്ങൾക്കും നിറംകൊടുത്തിരിക്കുന്നതായി കാണാം. ചൈതന്യവത്തായൊരു വീക്ഷാഗതിയുടെ അഭാവം — പ്രവർത്തനരാഹിത്യത്തിന്റെ ആലസ്യനിദ്ര — ''മരണത്തിന്റെ സഖി'' യാണെന്നകാര്യം മറാരെക്കാളുമേറെ ഷാ മനസ്സിലാക്കിയിരുന്നു. താൻ സ്വർഗ്ഗത്തിൽതന്നെ യാണെങ്കിലും ശരി, സ്വർഗ്ഗീയമായ ഒരു മണിക്കൂർ ആസ്വദിക്കുന്നതിനുമുമ്പു് അതിനുവേണ്ടി ചൂരുങ്ങിയതു്

രണ്ടാഴ്ചക്കാലമെങ്കിലും എന്തെങ്കിലും തരത്തിലുള്ള കഠിനാധ്വാനം ചെയ്യേണ്ടിവരികയാണെങ്കിൽ അതാസ്വാദ്യമായനുഭവപ്പെടുകയുള്ളുവെന്നും അത്തരത്തിലുള്ള മാനസികഘടനയാണു് തനിക്കുതന്നതെന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടാണു്. പ്രവർത്തനമാണു് ജീവിതധർമ്മം; ദുഃഖിക്കലോ സന്തോഷിക്കലോ അല്ല—എന്ന തത്വം സഹജമായ നർമ്മബോധത്തോടെ ഷാ പ്രകടിപ്പിക്കുന്നതു കാണുക: "നിങ്ങളം ദുഃഖപരവശനായി തുങ്ങിയിരിക്കുകയാണോ? — എങ്കിൽ, നിങ്ങൾക്കനുഭവപ്പെടുന്നതു് സന്താപമാണോ, സന്തോഷമാണോയെന്നാലോചിച്ചിരിക്കാൻ മാത്രം ഒഴിവുസമയം നിങ്ങൾക്കുള്ളതാണതിനു കാരണം."

സൃഷ്ടികർത്താവായ മനുഷ്യൻ.

ഷാ ചൈതന്യപൂർണ്ണനായൊരു വ്യക്തിയായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ തത്വവിജ്ഞാനീയവും അങ്ങനെതന്നെയായിരിക്കാൻ വഴി. അദ്ദേഹത്തിന്റെ ദർശനത്തിൽ ജീവശ്ശക്തി * (Life Force)യാണു് പുരോഗതിയുടെ പിന്നിലെ ചരടുവലിക്കാരൻ. പ്രപഞ്ചത്തിൽ നിരന്തരം പരിണാമങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. ഈ പരിണാമങ്ങൾ യാദൃച്ഛികങ്ങളല്ല, സർഗ്ഗാത്മക പരിണാമ(Creative Evolution)ങ്ങളാണു് എന്നതത്രേ ഷാ സിദ്ധാന്തിക്കുന്നതു്. അദ്ദേഹത്തിന്റെ നോട്ടത്തിൽ, പ്രപഞ്ചം യാദൃച്ഛികമായോ നിരുദ്ദേശമായോ നീങ്ങിക്കൊണ്ടിരിക്കുകയല്ല, ജീവശ്ശക്തി പ്രപഞ്ചത്തെ മുന്നോട്ടു നയിച്ചുകൊണ്ടിരിക്കുകയാണു് ചെയ്യുന്നതു്. പുതിയ ശക്തികളും സിദ്ധികളും കൈക്കലാക്കി സ്വന്തം ബോധമണ്ഡലം വിസ്തൃതമാക്കാൻവേണ്ടി ജീവൻ ഭൌതികവസ്തുവിൽ പ്രവേശിക്കുകയും അങ്ങനെ ജീവിതപുരോഗതി സംസാധ്യമാക്കുകയും ചെയ്യുന്നുവെന്നതാണു് ഷാ പറയുന്നതു്.

---

* "Life Force"—നു് വിപുലമായ അർത്ഥവ്യാപ്തിയാണു് ഷാ കൽപ്പിച്ചിട്ടുള്ളതു്.

കൂടാതെ, ജീവശ്ശക്തി, ചില പ്രതിഭാസമ്പന്നന്മാരുടെ ബോധ മണ്ഡലത്തിൽ സർഗ്ഗാത്മകപരിണാമത്തെ സഹായിക്കുന്ന ചില അനുഭൂതിവിശേഷങ്ങളും യാഥാർത്ഥ്യമെന്നു തോന്നിക്കുന്ന തരത്തിൽ നാടകീയമാംവിധം, ഉളവാക്കുകയും (ഒരുതരം മാനസിക വിഭ്രാന്തികളാണവ) ദൈവികമായ പ്രചോദനം ലഭിച്ചവരെന്നു പറയപ്പെടുന്ന പ്രസ്തുത പ്രതിഭാശാലികളും മനുഷ്യരാശിയെ പുരോഗതിയിലേക്കു നയിക്കുകയും ചെയ്യുന്നുവെന്നും, ജീവശ്ശക്തിയുടെ സർഗ്ഗാത്മക പരിണാമം ലോകത്തിൽ പ്രായോഗികരൂപം കൈക്കൊള്ളുന്നതിങ്ങനെയാണെന്നും അദ്ദേഹം തുടർന്നു പ്രസ്താവിക്കുന്നുണ്ട്.

ഷായുടെ തത്വവിജ്ഞാനീയത്തിൽ ഏറ്റവും ശ്രദ്ധേയമായ അംശം മനുഷ്യന്റെ സർഗ്ഗപരമായ കഴിവിനെക്കുറിച്ചും ജീവിതത്തിന്റെ സൃഷ്ടിപരമായ പുരോഗമനസ്വഭാവത്തെസ്സംബന്ധിച്ചും അതു നൽകുന്ന സൂചനയാകുന്നു. ഷാ പറയുന്നതു നോക്കുക: "ഒരു പ്രവൃത്തിചെയ്യുവാനുള്ള ആവശ്യത്തെസ്സംബന്ധിച്ച ബോധവും സ്ഥിരനിശ്ചയവും നിശ്ചിതമായ അളവോളമുണ്ടാവുമ്പോഴാം, ആ പ്രവൃത്തി നിർവ്വഹിക്കപ്പെടാനുള്ള പേശികളും സംസ്കൃതിക്കപ്പെടുന്നു." ഭൌതികമണ്ഡലത്തിൽ മാത്രമല്ല, മാനസികമായ കഴിവുകളുടെ കാര്യത്തിലും ഇതു യഥാർത്ഥമാണെന്നാണ് അദ്ദേഹം തുടർന്നു പറയുന്നുണ്ട്. വീണ്ടും: "ഭാവനയാണ് സൃഷ്ടിയുടെ ആരംഭം. ആഗ്രഹിക്കുന്നതിനെ നിങ്ങൾ ഭാവനയിൽ കാണുന്നു; ഭാവനയിൽ കാണുന്നതിനെ യാഥാർത്ഥ്യമാക്കിത്തീർക്കാൻ മനസ്സിലുറക്കുന്നു; അങ്ങനെ നിശ്ചയിച്ചുറച്ചതു് ഒടുവിൽ നിങ്ങൾ സൃഷ്ടിക്കുന്നു."

പുരോഗതിയുടെ മുന്നോടി.

"ജീവശ്ശക്തി നമ്മിൽ, അതായതു്, നമ്മിലൂടെ, തുടച്ചയായി പുരോഗമിച്ചുകൊണ്ടേയിരിക്കുകയാണെങ്കിൽ, മനുഷ്യവംശം

ഭാവിയിലെന്തായിത്തീരുമോ അതിന്റെ മുന്നോടിയായിരിക്കുകയാണ്, മഹാനായിരിക്കുകയെന്നുവെച്ചാൽ'' എന്ന ഷായുടെ നിർവ്വചനമനുസരിച്ചു നോക്കുമ്പോൾ, അദ്ദേഹം ഒരു മഹാനും പുരോഗതിയുടെ മുന്നോടിയുമായിരുന്നുവെന്നു് നിസ്സംശയം പ്രസ്താവിക്കാം. പഴയകാലത്തെ ചരിത്രത്തിന്റെ ഗതിവേഗമനുസരിച്ചാണെങ്കിൽ, ഏതാനും തലമുറകൾക്കുശേഷമേ, വിപ്ലവകരമായ ഷായുടെ ആശയാദർശങ്ങൾക്കു് സ്വീകാര്യത സിദ്ധിക്കുമായിരുന്നുള്ളൂ. എന്നാൽ ആധുനിക കാലത്തിന്റെ ചുവടുവെപ്പു് കുറെ തിരക്കേറിയതാകയാൽ, കുറച്ചുമുമ്പു് വിധ്വംസകപരമായി പരിഗണിച്ചിരുന്ന തന്റെ മിക്ക അഭിപ്രായങ്ങളും സ്വജീവിതകാലത്തുതന്നെ അംഗീകൃതതത്ത്വങ്ങളായി പരിണമിച്ചതു കാണാൻ അദ്ദേഹത്തിനു കഴിഞ്ഞു. മാത്രമോ, പ്രസ്തുതാശയാദർശങ്ങൾ തിരിച്ചറിയാൻ വയ്യാത്തത്ര വിളറ്റു പ്രാപിച്ചതുമൂലം, ഇളംതലമുറയെസ്സംബന്ധിച്ചേടത്തോളം, ഷാ ഏറെക്കുറെ ഒരു ''പഴഞ്ചൻ'' നായിത്തീരുകകൂടിയുണ്ടായി! ഈ സ്ഥിതിവിശേഷത്തിൽ ഏറ്റവുമധികം സന്തോഷിച്ചിരിക്കുക, ഒരുപക്ഷെ, ഷാതന്നെയായിരിക്കും—തന്റെ അഭിപ്രായങ്ങളെല്ലാം അനന്തരതലമുറകൾ വേദവാക്യങ്ങളെന്നോണമംഗീകരിക്കണമെന്നല്ല, ജീവിതവും ജീവിതത്തെ നയിക്കുന്ന ആശയങ്ങളും പുരോഗമിക്കണം—അധികമധികം വിശാല വീക്ഷണപരമായിത്തീരണം—എന്നേ അദ്ദേഹമാശിച്ചിരുന്നുള്ളൂ.

(കുറിപ്പു്: C. E. M. Joad-ന്റെ ''SHAW'' എന്ന ഗ്രന്ഥത്തോടു് ലേഖകനു് കടപ്പാടുണ്ടു്.

'മേജർ ബാർബറ'

(ഒരു വ്യക്തിയുടെ സ്വഭാവത്തേയും പെരുമാറ്റത്തേയും നിയന്ത്രിക്കുന്നതു് അയാളോടുള്ള ഇതരവ്യക്തികളുടേയും സമുദായത്തിന്റേയും പെരുമാറ്റത്തിന്റെ പ്രതിഫലനമത്രേ)

ആശയപുഷ്ടലങ്ങളും രൂപസുന്ദരങ്ങളുമായ സാഹിത്യസൃഷ്ടികൊണ്ടു് വിശ്വസാഹിത്യത്തിന്റെ മുതൽക്കൂട്ടു് വർദ്ധിപ്പിച്ച ജോർജ്ജു് ബെർണാർഡ്ഷായുടെ ചിന്തോദ്ദീപകമായൊരു നാടകമാണു് 'മേജർ ബാർബറ'. ഷായുടെ മറ്റു ചില പുസ്തകങ്ങളെ സംബന്ധിച്ചെന്നപോലെ ഇതിനെക്കുറിച്ചും അനുവാചകനിൽ ഒരു സംശയം ജനിച്ചേക്കും—നാടകത്തിനോ അതിനെഴുതിച്ചേർത്തിട്ടുള്ള ആമുഖത്തിനോ ഏതിനാണു് കൂടുതൽ വില കല്പിക്കേണ്ടതെന്നു്! സി. ഇ. എം. ജോഡു് ചൂണ്ടിക്കാണിക്കുന്നതുപോലെ ഷായുടെ നാടകങ്ങളും ആമുഖങ്ങളും തമ്മിലുള്ള ബന്ധം അഭേദ്യമാണു്—"ആമുഖങ്ങളാണു് അനുവാചകന്റെ മനസ്സാക്ഷി പിടിച്ചുടക്കാനുള്ള 'വസ്തു;' പ്രസ്തുത വസ്തുവിനെ വഹിക്കുന്ന വാഹനമത്രേ നാടകം."

മാനവജീവിതത്തിന്റെ വിവിധവശങ്ങളിൽ വെളിച്ചംവീശുന്നവയാണു് ഷായുടെ ഓരോ നാടകവും. സമകാലീന മുതലാളിത്ത സാമൂഹ്യ സാമ്പത്തിക വ്യവസ്ഥിതിയെ സത്യസന്ധ

മായും വിജയപൂവ്വമായും ചിത്രീകരിക്കുകയത്രേ 'മേജർ ബാർബറാ' ചെയ്യുന്നതു്. യാതൊരു വ്യാമോഹവും മൻധാരണയും കൂടാതെ ഷാ അങ്ങനെ ചെയ്യുമ്പോൾ പലർക്കും ഇഷ്ടപ്പെടാത്ത അസുഖകരങ്ങളായ പരമാർത്ഥങ്ങൾ കൽവെളിച്ചത്തു പ്രദർശിപ്പിക്കപ്പെടുന്നു. പരമാർത്ഥത്തിൽനിന്നുള്ള ഒളിച്ചോട്ടം 'മത'മാക്കിയിട്ടുള്ളവരെ വിളറിപിടിപ്പിക്കുന്ന അത്തരം പൂവ്വെളിച്ചം നിങ്ങൾ ഇഷ്ടപ്പെടുന്നതോ അല്ലാത്തതോ എന്ന ചിന്ത നാടകകൃത്തിനെ അലട്ടുന്നില്ല.

മാരകമായ സമരോപകരണങ്ങൾ നമ്മിച്ചു പണം കുന്നുകൂട്ടുന്ന അണ്ടർഷാഫ്റ്റ്റ് (Undershaft) മേജർ ബാർബറയിലെ നായകനാണു്; സമകാലീനസദാചാരത്തിന്റെയും മര്യാദയുടെയും പ്രതിരൂപമായ ലേഡി ബ്രിട്ടോമാർട്ട്റ് (Lady Britomart) അദ്ദേഹത്തിന്റെ പത്നിയും. അവരിരുവരുടേയും മകനായ സ്റ്റീഫനെ തന്റെ ഫാക്ടറിയുടെ അനന്തരാവകാശിയാക്കാൻ നിവൃത്തിയില്ലെന്ന അണ്ടർ ഷാഫ്റ്ററിന്റെ ശാഠ്യംമൂലം പത്നി ലേഡി ബ്രിട്ടോമാർട്ട്റ് അദ്ദേഹവുമായി തെറ്റിപ്പിരിഞ്ഞു് മക്കളോടൊപ്പം വളരെനാൾ വേറെ താമസിക്കുന്നു. ലേഡി ബ്രിട്ടോമാർട്ടിന്റെ സംരക്ഷണത്തിൽ വളർന്നുവന്നിട്ടും അവരുടെ ഉപദേശം വകവെയ്ക്കാതെ ഒരു രാഷ്ട്രീയപ്രവർത്തകനായിത്തീരാനാഗ്രഹിക്കുന്ന മകൻ സ്റ്റീഫൻ; സാൽവേഷൻ ആർമി (സാധുജനസംരക്ഷണത്തിനും മറ്റുമുള്ളൊരു ധർമ്മസ്ഥാപനം)യിൽ ചേർന്നു സമുദായസേവനം ചെയ്യുന്ന മകൾ മേജർ ബാർബറാ; ബാർബറയുടെ കാമുകനും ഗ്രീക്കുപണ്ഡിതനുമായ Adolphus Cusins തുടങ്ങിയവർ മറ്റു കഥാപാത്രങ്ങളാണു്.

ലേഡി ബ്രിട്ടോമാർട്ടിനും അവരുടെ നിയന്ത്രണത്തിൽ വളർന്നുവന്ന സന്താനങ്ങൾക്കും അണ്ടർഷാഫ്റ്ററിനെ ഇഷ്ടമല്ല. ധാർമ്മികഭ്രഷ്ട്യാ അപലപനീയമായ ഒരു വ്യാപാരത്തിൽ അദ്ദേഹം

ഏപ്പെട്ടിരിക്കുന്നതാണു് കാരണം പറയുന്നതു്. എന്നാൽ ഇക്കാരണംകൊണ്ടല്ല ലേഡി ബ്രിട്ടോമാർട്ടു് അദ്ദേഹത്തെ ഇഷ്ടപ്പെടാത്തതെന്നു സൂക്ഷ്മമാലോചിച്ചാൽ മനസ്സിലാക്കാം. അണ്ടർഷാഫ്റർ തീരെ സന്മാർഗ്ഗനിരതനല്ലെന്നു ബ്രിട്ടോമാർട്ടു് വാദിക്കാനുള്ള പ്രധാന കാരണമിതാണു്; താൻ ഗുരിയായ പ്രവൃത്തികളും ചെയ്യുന്നതുകൂടി തെറ്റായ ഉദ്ദേശത്തോടുകൂടിയാണെന്നു് അദ്ദേഹം പറഞ്ഞുകളയും. (ഒരുദാഹരണം: അണ്ടർഷാഫ്റർ് സാൽവേഷൻ ആർമിക്കു് അയ്യായിരം പവൻ സംഭാവന നൽകുകയും, തന്റെ പേർ വെളിപ്പെടുത്താതിരിക്കാൻ 'ശട്ടംകെട്ടുക'യും ചെയ്യുന്നു. ഇതിനു കാരണം തികഞ്ഞ നിഷ്കാമതയാണെന്നു്, പ്രസിദ്ധിവൈമുഖ്യമാണെന്നു് സാൽവേഷൻ ആർമിക്കാരും മറ്റും പറയുന്നു. എന്നാൽ മറ്റു ധർമ്മസ്ഥാപനങ്ങളുടെ ഭാരവാഹികളും സംഭാവനയ്ക്കുവേണ്ടി സമീപിച്ചു് തന്നെ ബുദ്ധിമുട്ടിക്കാതിരിക്കാനാണു് താൻ പേരു വെളിപ്പെടുത്താതിരുന്നതെന്നാണു് അണ്ടർഷാഫ്റർ് പറയുന്നതു്!) പൊള്ളയായ സന്മാർഗ്ഗവാദത്തിന്റെ പ്രതിരൂപമായാണു് ലേഡി ബ്രിട്ടോമാർട്ടിനെ വരച്ചുകാണിച്ചിട്ടുള്ളതെന്നു തോന്നുന്നു. സ്വഭാവത്തിലും പെരുമാറ്റത്തിലും അങ്ങേ അറ്റത്തെ മര്യാദയും സാന്മാർഗ്ഗികതയും ദീക്ഷിക്കുന്ന ബ്രിട്ടോമാർട്ടിനു്, തന്റെ ഉടമസ്ഥയിൽ അപലപനീയമായൊരു വ്യാപാരത്തിൽ വ്യാപൃതനായ അസാന്മാർഗ്ഗികനായ അണ്ടർഷാഫ്റരിന്റെ പണം ലഭിക്കണമെന്നാഗ്രഹമുണ്ടു്—അദ്ദേഹവുമായി തെറ്റിപ്പിരിയാനുള്ള മൂലകാരണംതന്നെ സ്വന്തം മകനെ അദ്ദേഹത്തിന്റെ അനന്തരാവകാശിയാക്കാൻ വിസമ്മതിച്ചതാണല്ലോ. അണ്ടർഷാഫ്റർ് തന്റെ പ്രവൃത്തികളിൽ യാതൊരു മാറ്റവും വരുത്തിയില്ലെങ്കിലും, താനൊരു സന്മാർഗ്ഗനിരതനാണെന്നു് നടിക്കുകയേ വേണ്ടൂ. ലേഡി ബ്രിട്ടോമാർട്ടിന്റെ (മിക്ക സാന്മാർഗ്ഗികവാദികളുടേയും) ഉടമസ്ഥയിൽ തികഞ്ഞ സദാചാരതല്പരനാവാൻ!

സമരോപകരണനിർമ്മാതാക്കളായ ലക്ഷപ്രഭുക്കളുടെ 'സന്താന'ങ്ങളും 'ബന്ധു'ക്കളുമൊക്കെയാണ് രാജ്യതന്ത്രജ്ഞന്മാരും പണ്ഡിതശ്രേഷ്ഠന്മാരും സാമൂഹ്യസേവാനിരതരായ മാന്യന്മാരും മറ്റുമെന്നു് ഷാ എത്ര ഭംഗിയായാണ് ചിത്രീകരിച്ചിരിക്കുന്നതു്! പണച്ചാക്കുകളുടെ താളത്തിനു തുള്ളാൻമാത്രം കൊള്ളുന്ന ഇത്തരക്കാർ ബോധപൂർവ്വമോ അബോധപൂർവ്വമോ എങ്ങനെ മുതലാളിമാരെ സംരക്ഷിച്ചു സഹായിക്കുന്നുവെന്നു് ഗ്രന്ഥകാരൻ വ്യക്തമായി തെളിയിച്ചിട്ടുണ്ട്.

ലേഡി ബ്രിട്ടോമാർട്ടിനു് കൂടുതൽ പണമാവശ്യമായിവന്നു. അണ്ടർഷാഫ്റ്റിന്റെ കയ്യിൽനിന്നല്ലാതെ അതു കിട്ടാൻ വഴിയില്ല. വിവരം ധരിപ്പിക്കാൻ അണ്ടർഷാഫ്റ്റിനെ വീട്ടിലേക്കു ക്ഷണിക്കുന്നു. അങ്ങനെ വളരെകാലത്തെ വേർപാടിനുശേഷം അണ്ടർഷാഫ്റ്റ് തന്റെ കുടുംബത്തെ കണ്ടുമുട്ടുന്നതും, അതിനു ശേഷം ലേഡി ബ്രിട്ടോമാർട്ടും മക്കളും പെൺമക്കളുടെ ഭാവിഭർത്താക്കന്മാരും അണ്ടർഷാഫ്റ്റിന്റെ ഫാക്ടറി സന്ദർശിക്കുന്നതും, (ഇതിനിടയ്ക്കു് മദ്യസാരോൽപാദകരിൽനിന്നും സമരോപകരണനിർമ്മാതാക്കളിൽനിന്നുമാണ് സാൽവേഷൻ ആർമിക്കു പണം ലഭിക്കുന്നതെന്നു മനസ്സിലാക്കിയ മേജർ ബാർബറ പ്രസ്തുത സംഘടനയോടു് അന്ത്യയാത്ര പറഞ്ഞിരുന്നു) അവിടെവെച്ചു് അവരെല്ലാവരും പരസ്പരധാരണയിലെത്തിച്ചേരുന്നതുമാണ് കഥ.

പ്രസ്തുത കഥയുടെ പുരോഗതിക്കിടയിൽ, ജി. ബി. ഷാ സ്വതസ്സിദ്ധമായ ക്രാന്തദർശിത്വത്തോടെ, പണവും ദാരിദ്ര്യവും, കുറവും ശിക്ഷയും, പാപവും പശ്ചാത്താപവും തുടങ്ങിയ ഗഹനവിഷയങ്ങളെ സ്പർശിക്കുന്നുണ്ട്.

ഇല്ലായ്മയെ—ദാരിദ്ര്യത്തെ ഷാ ഒരനുഗ്രഹമായി കണക്കാക്കുന്നില്ല. എന്നു മാത്രമല്ല, ലോകത്തിലെ എതിർക്കപ്പെടേണ്ട

ഏറ്റവും വലിയ ശാപമാണതെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു. ധനത്തെ (ഭൌതികസുഖസൌകര്യങ്ങളെ) ഒരു വിധത്തിലും അപലപിക്കേണ്ടതില്ല; സമുദായത്തിലെ ചുരുക്കം ചിലർ മാത്രം അതെല്ലാം കയ്യടക്കി വെക്കുന്നതിലാണ് തെറ്റ്. ഷാ വ്യക്തമാക്കുന്നു.

'ചുരുക്കം ചിലക്ക് നിർല്ലോഭമായി ലഭിക്കുകമൂലം അവക്കു പണത്തിന്റെ ശരിയായ വില മനസ്സിലാക്കാൻ കഴിയാതെ വരിക; മറവള്ളവരെസ്സംബന്ധിച്ചാണെങ്കിൽ, അതു് കയ്യെത്താത്ത ദൂരത്തിൽ സ്ഥിതിചെയ്യുന്ന അമ്പിളിമാമനായിരിക്കുക — ഇങ്ങനെ വരുമ്പോഴാണ് പണം ഒരു ശാപമായിത്തീരുന്നതു്. ചുരുക്കത്തിൽ ജീവിതംതന്നെ ശാപമായിത്തീരുമാറ് വിവേകരഹിതമായി കെട്ടിപ്പടുത്തിട്ടുള്ള ഒരു സാമൂഹ്യവ്യവസ്ഥിതിയിൽ മാത്രമേ ധനം ഒരു ശാപമായിരിക്കുകയുള്ളൂ.'*

വിവിധ സ്വഭാവക്കാരായ മനുഷ്യജീവികളിൽ ഒരാളിലും പരിപൂർണ്ണമായ നന്മകാണാൻ കഴിയില്ല; അതുപോലെതന്നെ അവരിലാരുംതന്നെ തിന്മയുടെ മൂർത്തീകരണവുമല്ല—എന്തുയും ശാസ്ത്രീയമായ ഈ നിഗമനം ഷാ ഉയർത്തിക്കാണിക്കുന്നു. അതോടൊപ്പം സാധാരണ ആരും അതു ഗൌനിക്കാത്തതെങ്കിലും അതിപ്രധാനമായ താഴെ കാണിക്കുന്ന ശാസ്ത്രീയസത്യവും കൂടി ഗ്രന്ഥകാരനാവിശ്ലേഷിക്കുന്നുണ്ട്: ഒരു വ്യക്തിയുടെ സ്വഭാവത്തെയും പെരുമാറ്റത്തെയും നിയന്ത്രിക്കുന്നതു് അയാളോടുള്ള ഇതരവ്യക്തികളുടേ

---

* "It is only when it (money) is cheapened to worthlessness for some and made impossibly dear to others that it becomes a curse. In short, it is a curse only in such a foolish social conditions that life itself is a curse".

യും സമുദായത്തിന്റെയും പെരുമാറ്റത്തിന്റെ പ്രതിപ്രവർത്തനമാണ്. ഒരാളോട് നിങ്ങൾ സ്നേഹപൂർവ്വം വർത്തിക്കുകയാണെങ്കിൽ, അയാളുടെ ഇങ്ങോട്ടുള്ള പെരുമാറ്റത്തിൽ സദ്പ്രചോദനങ്ങളുടെ മോഹനകാന്തി കലർന്നിരിക്കും. അതേ വ്യക്തിയോട് വെറുപ്പോടുകൂടി പെരുമാറുകയാണെങ്കിലോ, വിദ്വേഷദൂഷിതമായ പ്രതികരണമായിരിക്കും അതയാളിലുളവാക്കുക. ഇവിടെ ഒരു കാര്യം പറഞ്ഞുവെക്കേണ്ടതുണ്ട് — ഒരു വ്യക്തി, സമൂഹത്തോട് സ്നേഹസമേതം പെരുമാറിയാൽ, സമൂഹം പ്രസ്തുത വ്യക്തിയോട് സ്നേഹപൂർവ്വം വർത്തിച്ചുകൊള്ളണമെന്നില്ല. ഈ വെളിച്ചത്തിൽ നിരീക്ഷിക്കുമ്പോൾ ഒരു സമുദായം ഉൾക്കൊള്ളുന്ന അംഗങ്ങൾ അനുവർത്തിക്കുന്ന ഉർവ്വൃത്തികളുടെ ഉത്തരവാദിത്വത്തിന്റെ അതിപ്രധാനമായ ഭാഗം ആ സമുദായഘടനതന്നെയല്ലേ വഹിക്കേണ്ടിവരിക? അവസാന വിശകലനത്തിൽ, സാമൂഹ്യഘടനയുടെ സ്വാധീനശക്തികൾ രൂപംകൊടുക്കുന്നവരായിരിക്കുമല്ലോ സമുദായാംഗങ്ങളുടെ ചെയ്തികൾ. അപ്പോൾ മനുഷ്യനെ നന്നാക്കാൻ, പുരോഗമിപ്പിക്കാൻ പുറപ്പെടുന്ന കൂട്ടർ, സമുദായത്തിൽ നിലനിൽക്കുന്ന ഉർവ്വൃത്തികൾക്ക് യഥാർത്ഥത്തിൽ കാരണഭൂതമായ ഇന്നത്തെ സാമൂഹ്യഘടന നിലനിർത്തിക്കൊണ്ട് വ്യക്തികളോട് സന്മാർഗ്ഗോപദേശങ്ങളെക്കുറിച്ചു പ്രസംഗിക്കുന്നതുകൊണ്ട് വലിയ പ്രയോജനമൊന്നുമില്ല; വ്യക്തികളിൽ സൽപ്രതികരണങ്ങൾ സൃഷ്ടിക്കത്തക്കവിധം അവരോടുള്ള സമുദായത്തിന്റെ പെരുമാറ്റം നല്ലനിലയിലാക്കിത്തീർക്കാൻ — അപ്രകാരം സാമൂഹ്യവ്യവസ്ഥിതി പുനഃസംഘടിപ്പിക്കാൻ — സമരംചെയ്യുകയാണ് ആദ്യമായിവേണ്ടത് എന്നുള്ള നിഗമനത്തിലാണ് ഇതു നമ്മെ എത്തിക്കുന്നത്. പ്രസ്തുത യാഥാർത്ഥ്യത്തെ മാർക്സിസ്റ്റുകളുടെ പിടിവാദമെന്നുപഹസിച്ചുതള്ളിക്കളയുന്നതു സൂക്ഷിച്ചുവേണം: 'ഇന്നത്തെ കുറങ്ങൾക്ക് അധികവും ഉത്തരവാദിത്വം വഹിക്കുന്നതു സാമൂഹ്യ — സാമ്പത്തികച്ചുറ്റുപാടുകളാ

ണ്ട്. വേദനാപൂർണ്ണങ്ങളായ ചുറ്റുപാടുകളിൽ ജനിക്കുകയും സ്നേഹമോ സുഖമോ അറിയാതെ വളരുകയും ചെയ്യുന്ന പൈതങ്ങാം ചെറുപ്പംമുതൽക്കെ സാമൂഹ്യനിയമങ്ങളേയും മര്യാദകളേയും ലംഘിക്കുന്നു എന്നുള്ളതു് അപരാധപരതകൊണ്ടാണെന്നു വിധികൽപ്പിക്കുന്നു,' എന്നു് പ്രസ്താവിച്ചതു് മാർക്സിനെ അന്ധമായാരാധിക്കുന്ന ഒരു കമ്യൂണിസ്റ്റല്ല, ഐക്യരാഷ്ട്രസഭയുടെ ക്രിമിനോളജി വിദഗ്ധനായ വാൾട്ടർറെക്ക്ലസ്സ് അത്രേ.

സ്നേഹപൂർവ്വമായ പെരുമാറ്റംകൊണ്ടു് എതിരാളിയുടെ മനസ്സുമാറ്റുക എന്ന ഗാന്ധിജിയുടെ തത്വപരമായ 'സത്യാഗ്രഹമാർഗ്ഗം' ഉപരിസൂചിതമായ തത്വം സ്വീകരിക്കാതിരിക്കുന്നില്ല--കീഴ്മേൽ മറിച്ചാണെന്നുമാത്രം! മുൻ പ്രസ്താവിച്ചതുപോലുള്ള മൌലികമായ ഒരു ശാസ്ത്രീയ വീക്ഷണഗതിയുടെ അടിസ്ഥാനത്തിലല്ല സത്യാഗ്രഹമാർഗ്ഗം ഉടലെടുത്തിട്ടുള്ളതെന്ന വസ്തുത അതിൻെറ വമ്പിച്ച തോതിലുള്ള പ്രായോഗികതയ്ക്കു വിഘ്നം വരുത്തുന്നുവെന്നു് ഈ ലേഖകൻ വിചാരിക്കുന്നു.

അഗണ്യമല്ലാത്ത ഒരു വിഭാഗത്തെ കുറ്റംചെയ്യാൻ പ്രേരിപ്പിക്കുന്ന ഒരു സാമൂഹ്യഘടനയാണു് നമുക്കുള്ളതെങ്കിൽ, ഒരിക്കൽ കുറ്റംചെയ്തതായി കണ്ടുപിടിക്കപ്പെട്ട ആളെ കൂടുതൽ കുറ്റംചെയ്യാൻ നിർബ്ബന്ധിക്കുന്ന ഒരു ശിക്ഷാസമ്പ്രദായമാണു് നിലവിലുള്ളതെന്നു് ഷാ തെളിയിക്കുന്നു. കടിക്കുന്ന ഒരു പട്ടിയെ കുറെ നാൾ ചങ്ങലക്കിട്ടു് അതിൻെറ സകല ക്രൂരതയും വളത്തിയതിനുശേഷം അതിനെ ജനതാമധ്യത്തിലേയ്ക്കു അഴിച്ചുവിട്ടതിനോടാണു് ഗ്രന്ഥകാരൻ ഇതിനെ ഉപമിക്കുന്നതു്.

തങ്ങളുടെ ഏതൊരു ഉർവ്വത്തിക്കും മാപ്പുകിട്ടുമെന്നു വിശ്വസിക്കുന്നൊരു ജനതയിൽ ഉയർന്നനിലവാരത്തിലുള്ള ഒരു സാന്മാർഗ്ഗികബോധം നിലനില്ക്കുകയില്ലെന്നു ചൂണ്ടിക്കാണിച്ചുകൊണ്ടു്

പുരോഹിതന്മാർക്കും മറവും പാപങ്ങൾക്കു മാപ്പുലഭിക്കാൻ 'കൈക്കുലി' കൊടുക്കുന്ന സമ്പ്രദായത്തെ ഷാശക്തിയായപലപിക്കുന്നു. ഒരാൾ കുറെ കുറ്റംചെയ്താൽ അതിന്നായാൾക്കു ശിക്ഷലഭിക്കുമോ, മാപ്പുകിട്ടുമോ, എന്നതല്ല പ്രശ്നമെന്നും, താൻ അത്യന്തം മഹനീയമായ സ്വന്തം മനുഷ്യത്വത്തെ അപമാനിക്കുകയും അസൂയാവഹമായ തന്റെ കഴിവുകൾ ദുരുപയോഗപ്പെടുത്തുകയും ചെയ്തുവെന്നു് അയാൾ ഉള്ളിൽതട്ടി ഗ്രഹിക്കുകയോ അയാളെ ഗ്രഹിപ്പിക്കുകയോ ചെയ്യലാണു് പ്രധാനകാര്യമെന്നുമാണു് ഈ ലേഖകന്റെ വിനീതാഭിപ്രായം.

ഇംഗ്ലീഷറിയുന്നവർ അവശ്യം വായിച്ചിരിക്കേണ്ട ഒന്നാണു് 'മേജർ ബാർബറ'; അതുപോലെതന്നെ പരിഭാഷയിൽ പ്രാവീണ്യമുള്ളവർ മലയാളത്തിലേക്കു പരിഭാഷപ്പെടുത്താൻ ശ്രമിക്കേണ്ടുന്ന അതിപ്രധാനമായ ഒരു ഗ്രന്ഥവുമാണതു്.

ഇഖ്ബാലിന്റെ ലോകം.

''നിരന്തരമായ ചലനത്തിൽനിന്നാണു് ജീവിതം ഉരവെടുക്കുന്നതു്'' എന്നു് പ്രഖ്യാപിച്ച ഡോക്ടർ മുഹമ്മദു് ഇഖ്ബാലിനെസ്സംബന്ധിച്ചു് പര്യാലോചിക്കുമ്പോൾ മനസ്സിലുയരുന്ന ചിത്രം പ്രശാന്തമായൊരു പൊയ്കയുടേതല്ല, അലയടിച്ചിരമ്പുന്ന ആഴിയുടേതത്രേ. അദ്ദേഹത്തിനു് ഒരുവിധത്തിലും പൊരുക്കാനാവാത്ത രണ്ടു കാര്യങ്ങളുണ്ടു്. ഒന്നു്, ഭൌതിക ജീവിതയാഥാർത്ഥ്യങ്ങളിൽനിന്നോടിയകന്നു് പ്രവർത്തനരാഹിത്യത്തിന്റെ മലമുകളിൽ കയറി അലസതയുടെ ആശയാനുഭൂതികളിൽ അമർന്നിരിക്കാനുള്ള ആത്മീയവാദികളുടെ ഉത്തരവാദിത്വരഹിതമായ ആകാംക്ഷ; രണ്ടു്, മനുഷ്യസമുദായം സ്വേച്ഛാധിപത്യപരമായൊരു വിധിയുടെ കയ്യിലുള്ള പാവയാണെന്നും മനുഷ്യന്റെ പൌരുഷം ഈ ലോകത്തിന്റെ വിധിനിർണ്ണയിക്കുന്ന കാര്യത്തിൽ നിഷ്ഫലമാണെന്നുമുള്ള വിധിവിശ്വാസികളുടെ പിടിവാദം.

മതവിശ്വാസം.

ഇഖ്ബാൽ ഒരു മതവിശ്വാസിയായിരുന്നുവെന്നു പറഞ്ഞില്ലെങ്കിൽ അതു് നുണയാവും; അതേസമയംതന്നെ, ഇന്നു മതത്തിന്റേതായറിയപ്പെടുന്ന അധഃപതനോന്മുഖമായ സകല പ്രവണതകൾക്കുമതീതനായിരുന്ന ആ തത്വചിന്തക കവി എന്നും ഉടനെ

തന്നെ പറഞ്ഞുവെക്കേണ്ടിയിരിയ്ക്കുന്നു. മതത്തേയും മതതത്വങ്ങളേയും അന്ധമായംഗീകരിക്കുകയല്ല, ആധുനിക ശാസ്ത്രീയവിജ്ഞാനത്തിന്റെ വെളിച്ചത്തിൽ സ്വതന്ത്രമായ പരിശോധനക്കു വിധേയമാക്കുകയാണദ്ദേഹം ചെയ്യുന്നതു്.

പ്രവാചകത്വത്തെസ്സംബന്ധിച്ചുള്ള ആ ചിന്തകന്റെ വിശദീകരണംതന്നെ നോക്കുക. ഒരു മിസ്റ്റിക്കിന്റെതിനോടു് സാദൃശ്യപ്പെടുത്താവുന്ന മാനസികാനുഭൂതിയോടുകൂടിയ മനുഷ്യനാണു് പ്രവാചകൻ എന്ന അഭിപ്രായക്കാരനത്രേ ഇഖ്ബാൽ. മിസ്റ്റിക്കു് അനന്യസാധാരണമായ അനുഭൂതിയിൽ ആണ്ടുമുങ്ങുന്നതിൽ മാത്രം ആനന്ദം കണ്ടെത്തുന്നവനാകുന്നു. സൃഷ്ടിപരമായെന്തെങ്കിലും ചെയ്യാൻ അയാളെ കാക്കേണ്ട. പ്രവാചകന്റെ നൈസർഗ്ഗികാനുഭൂതിയുടെ ഫലമതല്ല, ആദർശസുന്ദരമായൊരു നവീനസമുദായം കെട്ടിപ്പടുക്കാൻ, സാമൂഹ്യജീവിതം പുരോഗമനപരമായി പൊളിച്ചു പണിയുവാൻ, പ്രചോദനം നൽകുന്നതാണു് പ്രവാചകന്റെ മാനസികാനുഭൂതി. വിശകലനാത്മകമായ ആധുനിക ശാസ്ത്രീയചിന്ത വികാസം പ്രാപിച്ചിട്ടില്ലാതിരുന്ന പൌരാണികകാലങ്ങളിൽ, ജീവിതപ്രശ്നങ്ങളെ കഴിയുന്നത്ര ഫലപ്രദമായഭിമുഖീകരിക്കാൻ മനുഷ്യസമുദായത്തിനു് പ്രതിഭാശാലികളായ പ്രവാചകന്മാരുടെ മാർഗ്ദർശനം അംഗീകരിക്കുകയേ നിവൃത്തിയുണ്ടായിരുന്നുള്ളു. എന്നാൽ മനുഷ്യവർഗ്ഗം അതിനു് ബാല്യകാലത്തണിയാനുദ്ദേശിക്കപ്പെട്ടിരുന്ന ഉടുപ്പുകളിലൊതുങ്ങാത്തവിധം വളർച്ച പ്രാപിച്ചിട്ടുണ്ടെന്ന വസ്തുതയുടനേരെ കണ്ണടയ്ക്കാൻ അദ്ദേഹം ആവശ്യപ്പെടുന്നില്ല. ഈ പശ്ചാത്തലത്തിൽ പ്രവാചകത്വത്തിന്റെ യുഗം അവസാനിച്ചുവെന്ന ഇസ്ലാമിന്റെ പ്രഖ്യാപനത്തെ അദ്ദേഹം വിശദീകരിക്കുന്നു: വിശകലനസാധ്യമല്ലാത്ത, വിഭാവനാജന്യമായ, പ്രവാചകത്വത്തിന്റെ യുഗം അവസാനിച്ചുവെന്നതിന്റെ അർത്ഥം യുക്തിപരമായ ശാസ്ത്രീയചിന്തയുടെ ഉദയാരംഭിച്ചുവെന്നാണു്. യുക്തിചിന്ത ഉടലെടുത്തുകഴിഞ്ഞ

തിന്നുശേഷവും അശാസ്ത്രീയമായ വിഭാവനകളുടെ പുകയും തപ്പിയലഞ്ഞുതിരിയുകയും ജീവിതപുരോഗതിയുടെ മാർഗ്ഗം വെട്ടിത്തെളിയിക്കുന്ന ശാസ്ത്രവിജ്ഞാനത്തിനുനേരെ നെറ്റിചുളിക്കുകയും ചെയ്യുന്നതു് ന്യായീകരിക്കാനാവില്ല.

വിഹായസ്സിനെപ്പോലെ വിശാലവും ആഴിയെപ്പോലെ അഗാധവുമായ മനുഷ്യമനസ്സിന്റെ അനുഭൂതിമണ്ഡലത്തിന്റെ വൈവിധ്യത്തെയും വൈചിത്ര്യത്തെയും നിഷേധിക്കുന്നില്ലെങ്കിലും ജീവിതയാഥാർത്ഥ്യങ്ങളുടെയും സാമൂഹ്യവും വ്യക്തിപരവുമായ ജീവിതത്തിന്റെതന്നെയും നേരെ പുറംതിരിക്കുന്ന മിസ്റ്റിക്ക്—സൂഫിവര്യത്തോടു് ഇഖ്ബാലിനു് ആദരവോ അനുഭാവമോ ഇല്ലാതിരുന്നതിനു് ഇതുതന്നെയാണു് കാരണം.

ബഹുഭൂരിപക്ഷം മതവിശ്വാസികളിൽനിന്നു വ്യത്യസ്തമായി, ജീവിതത്തിലെ മറേറതു പ്രവർത്തനവിഭാഗത്തിലുമെന്നപോലെ മതത്തിലും മനുഷ്യന്റെ നിർമ്മാണപരമായ സ്വാതന്ത്ര്യത്തിന്റെ വാതിൽ കൊട്ടിയടക്കുന്ന യാഥാസ്ഥിതികതപം വർജ്ജമാണെന്നു ഇഖ്ബാൽ പ്രഖ്യാപിക്കുന്നു. താനടക്കമുള്ള യാതൊരു ചിന്തകന്റെയും തത്വസഞ്ചയങ്ങളും അന്തിമങ്ങളോ തെറ്റുപററാത്തവയോ അല്ലെന്നും, വിജ്ഞാനശാഖകളും കൂടുതൽ വളർച്ച പ്രാപിക്കുമ്പോൾ അതിന്റെ വെളിച്ചത്തിൽ അവ പരിശോധിച്ചുകൊണ്ടേയിരിക്കുകയെന്നതാണു് മനുഷ്യന്റെ കർത്തവ്യമെന്നും ഉറപ്പിച്ചുപറയുന്ന ആ ചിന്തകനു്, ചോദ്യംചെയ്യാതെയുള്ള വിശ്വാസം അവകാശപ്പെടുന്ന മതപണ്ഡിതന്മാരുമായി യാതൊരു ബന്ധവുമില്ല.

മനുഷ്യനും പ്രപഞ്ചവും.

ചലിച്ചുകൊണ്ടും മാറിക്കൊണ്ടും വികസിച്ചുകൊണ്ടുമിരിക്കുന്ന പ്രപഞ്ചത്തിൽ മനുഷ്യവ്യക്തിക്കുള്ള സ്ഥാനമെന്താണു്? മനുഷ്യജീവിതത്തെ സംബന്ധിച്ചേടത്തോളം,

"നിത്യത തൻ വിനോദത്തിനായ്
നാടകം നടക്കുകയാണായതിൻ നിർവ്വാഹകനു-
മാട്ടവോനും കാണുവോനുമവനൊരുവൻ"

എന്ന നിസ്സഹായതാബോധമല്ല ഇബ്സന്റെ ബാലിനുള്ളത്. തന്റെ ലോകത്തിന്റെ സ്വരൂപവും സ്വഭാവവും രൂപപ്പെടുത്തുന്നതിൽ മനുഷ്യൻ തികച്ചും സ്വതന്ത്രനാണെന്നും ആ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറാനാവില്ലെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. മനുഷ്യനും എല്ലപ്പുത്തിൽ മാറാൻ കഴിയാത്ത പ്രതികൂലഘടകങ്ങളും നിലനില്ക്കുമ്പോഴും—കാലം അനുകൂലമല്ലാതിരിക്കുമ്പോഴും—മനുഷ്യപ്രയത്നം അനുകൂലപരിതസ്ഥിതിയിലെന്നപോലെ ഫലപ്രദമാവുകയില്ലെന്ന പരമാത്മത്തിനും നേരെ അദ്ദേഹം കണ്ണടയ്ക്കുന്നില്ല. വ്യക്തിത്വം (Self) സ്വന്തമായ പ്രവർത്തനമാർഗ്ഗം തിരഞ്ഞെടുക്കുന്നതിൽ തികച്ചും സ്വതന്ത്രനാണ്—മറ്റു ചില ഘടകങ്ങളെ സംബന്ധിച്ചേടത്തോളം ഭാഗികമായി പരതന്ത്രമാണെങ്കിലും, മനുഷ്യവ്യക്തിത്വത്തിന്റെ ഭാഗികമായ പാരതന്ത്ര്യത്തെച്ചൊല്ലി സ്വന്തം ഉത്തരവാദിത്വത്തിൽനിന്നും തലയൂരുന്നതു് മനുഷ്യത്വത്തെ അവമാനിക്കലാണു്.

മനുഷ്യന്റെ ഗതി മുൻകൂട്ടി തീരുമാനിക്കപ്പെട്ടുന്നില്ല. പണ്ടെന്നോ നിശ്ചയിക്കപ്പെട്ട രൂപമല്ല ലോകത്തിനുള്ളതു്—ഇനിയുണ്ടാവാനിരിക്കുന്നതും. കാലേ കരുതിയൊരു ലക്ഷ്യത്തിലേക്കു് ഈശ്വരനാൽ തെളിക്കപ്പെടുന്ന ആട്ടിൻകൂട്ടവുമല്ല മനുഷ്യസമൂഹം.

മനുഷ്യജീവിതം സൃഷ്ടിപരമായകഴിവുള്ള സ്വതന്ത്രമായൊരു പ്രതിഭാസമാണു്. പ്രപഞ്ചം സദാ ചലിച്ചുകൊണ്ടും വികസിച്ചുകൊണ്ടുമിരിക്കുന്നു. നിശ്ചേഷ്ടത പ്രപഞ്ചത്തിൽ കാണാൻ കഴിയാത്ത ഒന്നാണു്. "....ഒരിക്കലും മാറ്റമില്ലാത്തതു് ചലനത്തെ

ത്തിന്നു് മാത്രമാണു്'' എന്ന മാർക്സിന്റെ വാക്കുകൾക്കു കീഴ്വരയിട്ടുകൊണ്ടു് ഇഖ്ബാൽ പാടുന്നു:

''പ്രകൃതിയുടെ ഈ പ്രവൃത്തിശാലയിൽ നിശ്ചേഷ്ടത അസാദ്ധ്യമാണു്; ലോകത്തിൽ ശാശ്വതമായുള്ളതു് മാറ്റം മാത്രമത്രേ''

മാറ്റവും ചലനവും വികാസവും ലോകത്തിൽ പുത്തൻ പ്രശ്നങ്ങളും സൃഷ്ടിക്കും; അവ്യവസ്ഥിതികളുളവാക്കും. അവ്യവസ്ഥിതികളെ സമരസപ്പെടുത്തുക, നവീനപ്രശ്നങ്ങളെ പുത്തൻ പരിഹാരമാർഗ്ഗങ്ങളുമായഭിമുഖീകരിക്കുക; അങ്ങനെ ജീവിതപുരോഗതിയെ സഹായിക്കുക—ഇതാണു് മനുഷ്യൻ ബോധപൂർവ്വം ചെയ്യേണ്ടതു്. ഇപ്പറഞ്ഞതിന്നു് മനുഷ്യനു് കഴിവുണ്ടോ എന്നതാണു് പ്രശ്നം. ഇഖ്ബാൽ തികച്ചും അനുകൂലമായാണിതിന്നു മറുപടി പറയുന്നതു്: ''നമ്മുടെ കണ്ണുകളുടെ കാഴ്ചശക്തിയുടെ ഉറവിടമെന്തു്· കാണുന്നതിലുള്ള നമ്മുടെ ആനന്ദം കാണാത്തക്ക രൂപംപ്രാപിച്ചതുതന്നെ'' എന്നു പാടുന്ന ആ കവി, ''ഒരു പ്രവൃത്തിചെയ്യേണ്ട ആവശ്യകതയെസ്സംബന്ധിച്ചു ബോധവും സ്ഥിരനിശ്ചയവും നിശ്ചിതമായ അളവിലെത്തുമ്പോൾ, പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കപ്പെടാനുള്ള പേശികൾ സംസ്പഷ്ടിക്കപ്പെടുന്നു'' എന്നു് പ്രസ്താവിക്കുന്ന ബെർണാർഡ് ഷായുടെ ദാർശനികവീക്ഷണത്തോടു് യോജിച്ചാണു് നില്ക്കുന്നതു്. ലോകത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നതിൽ മനുഷ്യപ്രവർത്തനത്തിന്നാണു് നിർണ്ണായകമായ പങ്കു വഹിക്കുവാനുള്ളതെങ്കിൽ, ലോകസംഭവങ്ങളെല്ലാം ദൈവത്തിന്റെ തന്നിഷ്ടപ്രകാരമാണു് നടക്കുന്നതെന്ന വാദത്തിന്നു് നില്ക്കക്കള്ളിയെവിടെ?

ദൈവത്തെസ്സംബന്ധിച്ചു് പുരോഹിതസാധാരണമായ വിശ്വാസംവെച്ചുപുലർത്താതിരുന്ന ഇഖ്ബാൽ സഹൃദയരുമായി പലപ്പോഴും വ്യത്യസ്തമായ അഭിപ്രായമാണു് പ്രകടിപ്പിച്ചിട്ടുള്ളതു്. തന്നെയന്ധമായനുകരിക്കുകയും സ്തുതിക്കുകയും ചെയ്യാൻ കൂട്ടാക്കാതിരുന്ന

മനുഷ്യരോട് പ്രതികാരം ചെയ്യാൻ ദൈവം തയ്യാറാക്കിവെച്ചിട്ടുള്ള കെടാത്ത തീയാളിക്കത്തിക്കൊണ്ടിരിക്കുന്ന ഒരു ശിക്ഷാകേന്ദ്രമാണ് നരകമെന്നോ, ദൈവത്തെ സ്തുതിക്കുന്നവർക്കു പ്രതിഫലമായി നൽകപ്പെടുന്ന വിശ്രമസ്ഥലമാണ് സ്വർഗ്ഗമെന്നോ അദ്ദേഹം വിശ്വസിക്കുന്നില്ല. മനുഷ്യനെന്ന നിലയിലുള്ള ഒരാളുടെ ലജ്ജാവഹമായ പരാജയത്തെസ്സംബന്ധിച്ചുള്ള വേദനാജനകമായ ബോധത്തെയാണു നരകം എന്ന അവസ്ഥാവിശേഷംകൊണ്ടദ്ദേശിക്കപ്പെടേണ്ടതെന്നു് അദ്ദേഹം വെളിവാക്കുന്നു. സ്വർഗ്ഗം പ്രവൃത്തിരഹിതമായുറക്കം തൂങ്ങിയിരിക്കാനുള്ളൊരിടമല്ലതാനും.

ജീവിതനിരീക്ഷണം.

''പ്രഭാതാരുണിമയെപ്പോൽ പ്രകാശോജ്ജ്വലമായൊരാദർശത്താലുത്തേജിതരായുണരൂന്നെഴുനേല്ക്കുക;

സ്വർഗ്ഗസ്ഥലത്തേക്കാൾ മഹോന്നതമായൊരാദർശം—

മാനവഹൃദയഹാരിയും ആകർഷകവും വിജയോന്മുഖവുമായൊരാദർശം,

പഴഞ്ചൻ കള്ളത്തരങ്ങളുടെ അന്തകനായൊരാദർശം.

—അതു് ദൈവമൊഴിച്ചു് മറവുള്ളതിനെയെല്ലാം ചുട്ടെരിയ്ക്കട്ടെ!''

എന്നു് ഉച്ചൈസ്വരം ഉൽഘോഷിക്കുന്ന ഇഖ്ബാൽ അലസമായ ആദർശവാദത്തിന്റെ മണൽകയറ്റപ്പിരിക്കുന്ന ഒരു ദർശനികനായിരുന്നില്ല. മനുഷ്യമനസ്സിനു് ഇതഃപര്യന്തം സുന്ദരമായനുഭവപ്പെട്ടിട്ടുള്ള എല്ലാ 'നല്ല'തിന്റെയും ആകത്തുകയാണല്ലൊ ദൈവം. അപ്പോൾ മഹത്തരവും സുന്ദരവുമായുള്ളവയൊഴിച്ചുള്ള സകല ജീർണ്ണിപ്പുകളെയും വൈരൂപ്യങ്ങളെയും തുടച്ചുനീക്കുക എന്നാണ് ഇഖ്ബാൽ ഉൽബോധിപ്പിക്കുന്നതു്. നാം ഈ ഭൂമു

ഖത്തുണ്ടായിരിക്കുന്നകാലത്തോളം ജീവിതയാഥാത്ഥ്യങ്ങളിൽനി ന്നൊളിച്ചോടാൻ ശ്രമിക്കുന്നതു് വിഡ്ഢിത്തമാണു്—സമരം മുറു കിക്കൊണ്ടിരിക്കുന്ന അവസരത്തിൽ പരിച വലിച്ചെറിയുന്നതു പോലെ ബുദ്ധിഹീനം. പ്രത്യക്ഷ വസ്തുതകളുടെ നേരെ കണ്ണടയ്ക്കുകയല്ല, അവയെ എങ്ങനെയെല്ലാം മനുഷ്യോപയോഗപ്രദ മാക്കിത്തീർക്കാം, പുരോഗതിയുടെ മുമ്പിൽ അവ വലിച്ചിടുന്ന തടസ്സങ്ങളെയെങ്ങനെ മാറിക്കടക്കാം എന്നു കണ്ടുപിടിക്കാൻ വേണ്ടി അവയുടെനേരെ കണ്ണയക്കുകയാണു് വേണ്ടതു്. ഇഖ്ബാൽ തുറന്നുപറയുന്നു: ജീവത്തായ ആത്മാവിനു് മധുരമാണു് പ്രത്യക്ഷവസ്തുക്കളുടെ ലോകം: മൃതപ്രായാത്മാക്കൾക്കാകട്ടെ. ആദർശങ്ങളുടെ ലോകമാണു് പ്രിയതരം.''

ജീവിക്കുക എന്നുവെച്ചാൽ ഈ ലോകത്തിന്റെ വെറുമൊരു പ്രേക്ഷകനായിരിക്കുകയല്ല; പ്രകൃതിയിലെ പ്രതികൂലസാഹചര്യങ്ങൾക്കു പ്രശാന്തമായി കീഴടങ്ങലുമല്ല. ലോകത്തെ കൂടുതൽ കൂടുതൽ സുന്ദരമായി, ഏറെയേറെ പുരോഗമനപരമായി, പുതുക്കിപ്പണിതുകൊണ്ടിരിക്കുന്നതിലാണു് ജീവിതരസം അടങ്ങിയിരിക്കുന്നതു്. അപ്പോൾ മനുഷ്യസമുദായത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്കും മാറ്റം സംഭവിച്ചുകൊണ്ടിരിക്കണം. കാട്ടിലലഞ്ഞു നടന്നിരുന്ന പ്രാകൃതമനുഷ്യന്റെയും ഇരുപതാംനൂറ്റാണ്ടിലെ മനുഷ്യന്റെയും ലക്ഷ്യം ഒന്നായിരിക്കാൻ നിവൃത്തിയില്ല. മനുഷ്യനെത്തിച്ചേരേണ്ട ലക്ഷ്യം വേറെയേതെങ്കിലും ശക്തിക്കു്—അതു് ദൈവം തന്നെയായാലും—തിരഞ്ഞെടുക്കാൻ കഴിയുകയില്ല. സ്വന്തം മാർഗ്ഗം തിരഞ്ഞെടുക്കേണ്ടതു്, തന്റെ ലക്ഷ്യമെന്തായിരിക്കണമെന്നു നിശ്ചയിക്കേണ്ടതു് മനുഷ്യന്റെമാത്രം ചുമതലയിലുൾപ്പെടുന്നതാണെന്നു സാരം.

ഏതുതരത്തിലും, പ്രവർത്തനരാഹിത്യത്തിലേക്കുള്ള മുതലക്കുപ്പു് എതുയും ഗർഹണിയമായാണു് ഇഖ്ബാൽ ഗണിക്കുന്നതു്.

മനുഷ്യന്റെ വൈകാരികവശത്തെ തൃപ്തിപ്പെടുത്തുമാറ് ഭക്തയാദൃന്തികളിൽ മുഴുകുന്നു് അഭിലഷണീയമാണെങ്കിലും അതു് പ്രവർത്തനരാഹിത്യത്തിലേക്കു് നയിക്കാതിരിക്കാൻ പ്രത്യേകം കരുതലെടുത്തേ പറ്റൂവെന്നു് അദ്ദേഹം മുന്നറിയിപ്പു തരുന്നു. സ്വതന്ത്രമനുഷ്യർക്കു് വെറുതെയിരിക്കാൻ സമയമെവിടെയെന്നാണദ്ദേഹം ചോദിക്കുന്നതു്. സ്വതന്ത്രമനുഷ്യൻ എപ്പോഴും അപൂർണ്ണമായ ഈ ലോകജീവിതത്തെ വീണ്ടും വീണ്ടും പൂർണ്ണിമയിലേക്കു നയിക്കാൻ വ്യഗ്രനായിരിക്കും. അലസതയുടെ രൂപഭേദമായ അടിമമനസ്ഥിതിയോ, അതു് മഹനീയനായ മനുഷ്യനെ നായയെക്കാൾ ഹീനനാക്കിത്തീർക്കുകയാണു് ചെയ്യുന്നതു്; എന്തുകൊണ്ടെന്നാൽ, ഒരു നായ എത്രയായാലും മറ്റൊരു നായയുടെ മുമ്പിൽ തല കുനിക്കാറില്ലല്ലൊ.

"മാനുഷിക പ്രവർത്തനങ്ങളുടെ പരമോദ്ദേശം ജീവിതമാണു്—മഹത്തും ശക്തിമത്തും പ്രഭാപ്രചുരിമയെഴുന്നതുമായ ജീവിതം ഈ ഉദ്ദേശത്തെ ഉന്നംവെക്കുന്നതായിരിക്കണം എല്ലാ കലകളും. ജീവചൈതന്യം പ്രദാനംചെയ്യാനുള്ള കഴിവിനെ ആസ്പദിച്ചുവേണം സകലതിനും വിലയിരുത്താൻ. ഉറങ്ങിക്കിടക്കുന്ന നമ്മുടെ ഇച്ഛാശക്തിയെ തട്ടിയുണർത്തുകയും ജീവിതവൈഷമ്യങ്ങളെ പൌരുഷപൂർവ്വം നേരിടാൻ കരുത്തരാക്കിത്തീർക്കുകയും ചെയ്യുന്ന കലയേതോ അതാണേറ്റവും മഹത്തായതു്. ആലസ്യത്തിന്റെ കറുപ്പു് തീറ്റിക്കുകയും ചുറുചുറുക്കുള്ള യാഥാർത്ഥ്യങ്ങളുടെനേരെ കണ്ണടപ്പിക്കുകയുംചെയ്യുന്നതെത്രതന്നെയായാലും അതു് വിനാശത്തിന്റെയും മരണത്തിന്റേയും സന്ദേശമത്രേ. ജീവിതം നിലനിർത്തുന്നതുതന്നെ സാഹചര്യത്തെ ഗുണകരമായുപയോഗപ്പെടുത്തുന്നതിലാകുന്നു." ഇബ്സന്റെ ജീവിതനിരീക്ഷണത്തിന്റെ ഏകദേശസ്വഭാവം ഇതിൽനിന്നു് ഗ്രഹിക്കാം.

സോഷ്യലിസത്തിനുനേരെ.

ഇങ്ങിനെ നോക്കുമ്പോൾ, "ജീവനാണു് മനുഷ്യന്റെ ഏറ്റവും പ്രിയപ്പെട്ട സ്വത്തു്. ഒരിക്കൽ മാത്രമേ അവനു ജീവിക്ക

വാൻ കഴിയുകയുള്ള എന്നതിനാൽ, ഭീരുത്വം നിറഞ്ഞതും നിസ്സാരവുമായ ഒരു ഭൂതകാലത്തിന്റെ നാണക്കേടുകൊണ്ടു മൂടുങ്ങിപ്പോകാത്തവണ്ണം, നിരുദ്ദേശ്യമായി നെടുനാൾ കഠിനയാതനകളേൽക്കാനിടവരാത്തവണ്ണം, 'ലോകത്തിലെ സർവ്വോന്നതമായ ലക്ഷ്യത്തിനുവേണ്ടി മാനുഷ്യകത്തിന്റെ മുക്തിക്കായി എന്റെ ജീവനും ശേഷിയും നൽകപ്പെട്ട' എന്നു മരണവേളയിൽ പറയാൻ കഴിയത്തക്കവണ്ണം, അങ്ങനെ വേണം അവൻ ജീവിക്കുക'' എന്നു പ്രസ്താവിച്ച ലെനിന്റേതുപോലെ, ചൈതന്യമുള്ളതും പ്രവർത്തനാത്മകവുമായ ഒന്നായിരുന്നു ഇഖ്ബാലിന്റെ ജീവിതവീക്ഷണഗതിയെന്നു് കാണാം. ചലനാത്മകമായ ജീവിതത്തിനു നേരെയുള്ള ചൈതന്യവത്തായ വീക്ഷാഗതി, സ്വന്തം ലോകത്തിനു രൂപംകൊടുക്കുന്നതിൽ മനുഷ്യനുള്ള സ്വാതന്ത്ര്യത്തെസ്സംബന്ധിച്ച യാഥാർത്ഥ്യബോധം, പ്രശ്നങ്ങളെ ശാസ്ത്രീയവും യുക്തിയുക്തവുമായഭിമുഖീകരിക്കാനുള്ള സന്നദ്ധത, സാമൂഹ്യജീവിതത്തിൽ കാണുന്ന ജീർണ്ണിപ്പുകളോടേയും മുരടിച്ച യാഥാസ്ഥിതികത്വത്തിന്റെയും നേരെയുള്ള ധാർമ്മികരോഷം, മനുഷ്യസ്നേഹത്തെ പ്രയോഗപരിധിയിൽവരുത്തുമാറു് ആദർശസുന്ദരമായൊരു പുത്തൻലോകം സൃഷ്ടിച്ചെടുക്കാനുള്ള ഉദ്വേഗം, സർവ്വോപരി ജീവിതപുരോഗതിയിലും മനുഷ്യമഹത്വത്തിലുമുള്ള അതിയായ വിശ്വാസം—ഇതൊക്കെ സ്വാഭാവികമായും ഇഖ്ബാലിനെ സോഷ്യലിസത്തിനുനേരെ തിരിക്കേണ്ടതായിരുന്നു. എന്നിട്ടും അദ്ദേഹം ഒരു സോഷ്യലിസ്റ്റായിരുന്നില്ല. സോഷ്യലിസത്തിന്റെ വിശാലമായ അടിസ്ഥാനതത്വങ്ങളോടു് അദ്ദേഹത്തിനു് അനുഭാവമില്ലാതിരിക്കാൻ കാരണമില്ലെങ്കിലും, മാർക്സും ലെനിനും മറ്റും നിരീശ്വരവാദികളായിരുന്നുവെന്ന വസ്തുത സോഷ്യലിസത്തിനുനേരെയുള്ള അദ്ദേഹത്തിന്റെ വീക്ഷണത്തെ കരിപിടിപ്പിച്ചുകളഞ്ഞുവെന്നു വേണം മനസ്സിലാക്കാൻ. സോഷ്യലിസത്തെപ്പറ്റി സംസാരിക്കുന്ന മിക്ക അവസരങ്ങളിലും ''നിരീശ്വരവാദപരമായ സോഷ്യലിസം'' എന്നാണദ്ദേഹം വിശേഷിപ്പിച്ചിരുന്നതു്. പിന്നെ,

പലരും പറയാറുള്ളപോലെ സോഷ്യലിസം 'വെറുപ്പ്' (വർഗ്ഗ വൈരം) വളർത്തുന്നുവെന്നും അതൊട്ടും അഭിലഷണീയമല്ലെന്നും മറ്റും അദ്ദേഹം പറയുന്നുണ്ട്. പാശ്ചാത്യസംസ്കാരത്തിന്റെ കർമ്മോന്മുഖതയേയും സാഹസപരതയേയും പ്രകീർത്തിക്കുന്നുവെങ്കിലും, അതിന്റെ ആകപ്പാടെയുള്ള നിരുദ്ദേശ്യതയെ—അടിയുറപ്പില്ലാത്ത മരണപ്പാച്ചിലിനെ—ഇഖ്ബാൽ ശക്തിപൂർവ്വം അപലപിയ്ക്കുന്നു. ഈ പശ്ചാത്തലത്തിൽ ഒരാദർശലോകത്തിനു രൂപം നൽകാൻ, തുർക്കിയുടെ പുനരുദ്ധാരണത്തിനുശേഷം നവോത്ഥാനത്തിന്റെ ജീവചൈതന്യം മിടിച്ചിരുന്നതായദ്ദേഹത്തിനു തോന്നിയ 'ഇസ്ലാമികലോക'ത്തിനു കഴിയുമെന്നാണദ്ദേഹം വിശ്വസിച്ചതു്. തുർക്കിയുടെ നവോത്ഥാനം ആ ചിന്തകനിൽ പ്രസ്തുത വിശ്വാസം നട്ടുപിടിപ്പിക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ടു്. എന്നാൽ തുർക്കിയിലേയും ഇതര 'മുസ്ലിംരാജ്യ'ങ്ങളിലേയും അനന്തരകാലസംഭവങ്ങളും അദ്ദേഹത്തിന്റെ മുൻവിശ്വാസത്തിനുലച്ചിൽതട്ടിക്കുമായിരുന്നു. അതോടുകൂടി, സോഷ്യലിസം പ്രായോഗികമാക്കാൻ ശ്രമിച്ചിരുന്ന സോവിയറുയൂനിയനിലെ പരീക്ഷണഫലം ആ മനുഷ്യസ്നേഹിയെ മറ്റൊരിടത്തേക്കു പിടിച്ചുവലിക്കുകയും ചെയ്തിട്ടുണ്ടാവാം. ''ഇഖ്ബാൽ തന്റെ അന്ത്യവർഷങ്ങളിൽ സോഷ്യലിസത്തിന്റെ നേർക്കു് ഏറെയേറെ തിരിഞ്ഞു. സോവിയറുറഷ്യ സാധിച്ച വമ്പിച്ച പുരോഗതി അദ്ദേഹത്തെ ആകർഷിച്ചു. തന്റെ കവിതകളുടെ വ്യത്യസ്തമായ ഒരു തിരിവുവന്നു''എന്ന പണ്ഡിറ്റു് ജവഹർലാൽ നെഹറുവിന്റെ പ്രസ്താവന അതാണു് കാണിക്കുന്നതു്

മനുഷ്യജീവിതത്തിന്റെ മഹത്വം—ഇഖ്ബാലിന്റെ സന്ദേശത്തിൽ മുഴങ്ങിക്കേൾക്കുന്ന പല്ലവിയതാണു്. ചില പ്രകൃതിശക്തികളെ അപേക്ഷിച്ചു് ദുർബ്ബലമാണെന്നു തോന്നിയേക്കാമെങ്കിലും, അടിയോളമാലോചിക്കുമ്പോൾ മനുഷ്യാത്മാവിനെപ്പോലെ സുന്ദരവും ശക്തവും ആദരണീയവുമായി ഈ ലോകത്തു്

ഒന്നുംതന്നെയില്ലെന്ന വസ്തുത ആ കവികോകിലത്തിന്റെ ഗാനത്തിൽ മാധുര്യത്തോടൊപ്പം ആവേശം പകർന്നു.

മനുഷ്യമനസ്സിനു മനനംചെയ്യാൻ കഴിഞ്ഞിട്ടുള്ളതിൽവെച്ചേറ്റവും ഉത്തമവും മഹനീയവും സുന്ദരവുമായ ഗുണവിശേഷങ്ങളുടെ ആകത്തുകയായിട്ടാണല്ലോ ഈശ്വരൻ സങ്കല്പിക്കപ്പെട്ടിരിക്കുന്നതു്. ദൈവത്തിനുള്ളതായി വിശ്വസിക്കപ്പെടുന്ന പ്രസ്തുത ഗുണങ്ങളെല്ലാം തന്നിൽ വളർത്താനുദ്യമിക്കുകയെന്നതാണു് മനുഷ്യന്റെ കർത്തവ്യം എന്ന പ്രവാചകവചനത്തിൽ ഇഖ്ബാലിന്റെ തത്വശാസ്ത്രം മുഴുവനും ചുരുക്കത്തിലുൾക്കൊള്ളുന്നുണ്ടെന്നു പറയാം.

ഇസ്‌ലാമികസംസ്കാരം.

മുരടിച്ച യാഥാസ്ഥിതികന്മാരടക്കമുള്ള ആധുനിക മുസൽമാന്മാരെല്ലാം, തികഞ്ഞ അഭിമാനബോധത്തോടെ അനുസ്മരിക്കുന്ന ഇസ്‌ലാമികസംസ്കാരത്തിന്റെ പുരോഗമനാത്മകമായ പ്രവണതകളും, യാതൊരെതിർപ്പും നേരിടാനില്ലാതെ നിശ്ശബ്ദമായും സ്വാഭാവികമായും വളർച്ചപ്രാപിക്കുകയാണുണ്ടായതെന്നു് കരുതുന്നതു് മുഴുത്ത അസംബന്ധമായിരിക്കും.

ഇസ്‌ലാമിന്റെ ഉദയദശയിൽ അക്കാലത്തെ പൂർവ്വാചാരപ്രണയികളിൽനിന്നും, ഇസ്‌ലാമിക സാമ്രാജ്യസംസ്ഥാപനാനന്തരം മുസ്‌ലിംലോകത്തിന്നകത്തുതന്നെയുള്ള ഇസ്‌ലാമികയാഥാസ്ഥിതികകേന്ദ്രങ്ങളിൽനിന്നും ഉണ്ടായ, കനത്തതും കട്ടത്തുമായ എതിർപ്പിനെ അതിജീവിച്ചുകൊണ്ടാണു് ഇസ്‌ലാമികസംസ്കാരം സ്ഥിരപ്രതിഷ്ഠ നേടിയതു്.

പലരും പറയാറുള്ളപോലെ, കലങ്ങിമറിഞ്ഞ ഒരു കാലഘട്ടമാണിതു്. എവിടെ നോക്കിയാലും സമരത്തിന്റെയും സംഘട്ടനത്തിന്റേയും സംസാരംതന്നെ! വിശപ്പടക്കാനുള്ള ഭക്ഷണം കിട്ടാൻവേണ്ടി സമരംചെയ്യുന്നവർ മുതൽ, സർവ്വരക്ഷനായ ദൈവത്തെത്തന്നെ ''സംരക്ഷിക്കാൻ'' വേണ്ടി സമരം സംഘടിപ്പിക്കുന്നവർവരെയുണ്ടു് അള്ളട്ടത്തിൽ. അതിലൊരു

കൂട്ടർ നിഴലിനോട്° സമരംചെയ്യുന്നതു° താന്താങ്ങളുടെ പ്രത്യേക സംസ്ഥാരങ്ങളും സംരക്ഷിക്കാനാണത്രെ.

സംസ്ഥാരസംരക്ഷണാർത്ഥം കച്ചകെട്ടിയിറങ്ങുന്നവർ ചരിത്രത്തിന്റെ ദുഷ്ടിക്കു° പുത്തനല്ല. സംസ്ഥാരത്തിന്റെപേരിൽ യാഥാസ്ഥിതികത്വം, സംരക്ഷണം നൽകാനാവശ്യപ്പെട്ടക. അവർ പ്രതിനിധീകരിക്കുന്നതായവകാശപ്പെട്ടന്ന സംസ്ഥാരങ്ങളുടെ ഉത്തമാംശങ്ങളാവില്ല; പിന്നെയോ, ജീർണ്ണിച്ച ചില വിശ്വാസാചാരങ്ങളോ കാലോചിതമല്ലാത്ത സാമൂഹ്യനിയമങ്ങളോ ഒക്കെയായിരിക്കുമെന്നു കാണാം. വിജ്ഞരും വിശ്രുതരുമായ തങ്ങളുടെ "കാക്കാകാരണവന്മാർ" അംഗീകരിച്ചിരുന്ന വിശ്വാസാചാരങ്ങളിൽ എന്തെങ്കിലും മാറ്റംവരുത്തുന്നതു° തങ്ങളുടെ സംസ്ഥാരത്തോടു° ചെയ്യുന്ന കടുംകയ്യായാണവർ കണക്കാക്കുക. അങ്ങനെ ചെയ്യാൻ മുതിരുന്നവരെ അവർ വെറുതെ വിടുകയുമില്ല. "മനുഷ്യൻ ശബ്ബത്തു നിമിത്തമല്ല; ശബ്ബത്തു മനുഷ്യൻ നിമിത്തമത്രെ ഉണ്ടായതു°"* എന്ന യുക്തിയെടുത്തു കാണിച്ചുകൊണ്ടു°, മോശെയുടെ നിയമപ്രകാരമുള്ള ശാബത്തുദിനത്തിൽ, ശാബത്താചരിക്കാതിരുന്ന യേശുവെ യാഥാസ്ഥിതികാചാരപ്രണയികളായ "സാസ്ഥാരസംരക്ഷകർ" കുരിശിൽ തറച്ചു; കുലീനതയുടെ പവ്വതശിഖരത്തിൽ വിഹരിക്കുന്നവരെന്നഭിമാനിച്ചിരുന്ന 'ഖുറൈശി'യും അധ:കൃതരിൽ അധ:കൃതരായി ഗണിക്കപ്പെട്ടിരുന്ന നീഗ്രോവും സമന്മാരാണെന്ന പ്രഖ്യാപനംവഴി യാഥാസ്ഥിതികത്വത്തെ വെല്ലുവിളിച്ച മുഹമ്മദിനെ (ആ മഹാത്മാവിന്റെ ആവേശകരമായ സ്മരണ മനുഷ്യകുലത്തിനു° എന്നുമെന്നും മാർഗ്ഗദർശകമാവട്ടെ!) അവർ നാട്ടിൽനിന്നോടിച്ചു.

ഏതൊരുകാലം ജനനം നൽകിയ സംസ്ഥാരത്തിന്റെയും ഉത്തമാംശങ്ങളെസ്സംബന്ധിച്ചേടത്തോളം, ഡോൺകപികുസോട്ട

* ബൈബിൾ—മത്തായി.

മാരുടെയൊന്നും സംരക്ഷണമില്ലെങ്കിലും കാലത്തിന്റെ കെട്ടതിയെ അതിജീവിച്ചുകൊണ്ട് അവ നിലനിന്നുകൊള്ളും—ലോകപുരോഗതിയുടെ മാർഗ്ഗത്തിൽ വെളിച്ചം വിതറുന്ന മുക്താഫലമായി മാനവസംസ്കാരഭണ്ഡാരത്തിലെ മുതൽക്കൂട്ട് വർദ്ധിപ്പിച്ചുകൊള്ളും. ഇനി ആയുധത്തിന്റെയോ അധികാരത്തിന്റെയോ പിൻബലത്തോടെ പുരോഗതിയുടെ മുഖത്തു് കരിവാരിത്തേക്കുന്ന വല്ല 'സംസ്കാര'ത്തിനും കൃത്രിമമായ ജീവൻ നൽകാൻ ശ്രമിച്ചാലോ, ''നാസിസംസ്കാര''ത്തിന്റെയും 'ഫാസിസ'ത്തിന്റെയും വിധിയിൽ നിന്നു വ്യത്യസ്തമായ യാതൊന്നും ഭാവി അതിനൊരുക്കിവെച്ചിരിക്കുകയില്ലതാനും. ഇസ്ലാമികസംസ്കാരത്തിന്റെ സംരക്ഷകന്മാരായാലും, ആഷ്സംസ്കാരപുനഃസ്ഥാപകന്മാരായാലും, ക്രൈസ്തവനാഗരികതയുടെ വക്താക്കളായാലും ഈ വസ്തുത മനസ്സിൽ വെക്കുന്നതു നന്നു.

താന്താങ്ങളുടെ പ്രത്യേക സംസ്കാരങ്ങളും സംരക്ഷിക്കേണ്ട ആവശ്യകതയെച്ചൊല്ലി, പരസ്പരവിദ്വേഷത്തിന്റെ പടുകുഴിയിൽപടക്കളത്തിലെ ചോരപ്പുഴകളിൽയഥാർത്ഥസംസ്കാരത്തെ മുക്കിക്കൊല്ലുന്ന പാരമ്പര്യമാണ് മനുഷ്യസമുദായത്തിനുള്ളതു്. അപ്പോഴാം, 'സംസ്കാരം', ''സംസ്കാരസംരക്ഷണം'' എന്നൊക്കെ വിളിച്ചുപറയുന്നതു് കേൾക്കുമ്പോഴേക്കും മുമ്പും പിമ്പും നോക്കാതെ 'ഹാലിളകി' ചാടിത്തുള്ളാൻ നിൽക്കാതെ, സംസ്കാരികപ്രശ്നത്തെ വസ്തുനിഷ്ഠമായ നിലയിൽ സമീപിക്കുന്നതാണ് ബുദ്ധിജനവിഭാഗങ്ങളുടേയും രാഷ്ട്രങ്ങളുടേയും ഒഴിച്ചുകൂടാത്ത കടമയും മറെറാന്നല്ല.

ഇസ്ലാമികസംസ്കാരത്തിന്റെ അസ്തിവാരം.

ഈയൊരു പശ്ചാത്തലത്തിൽവേണം ഇസ്ലാമിക സംസ്കാരത്തെ പരിശോധിക്കാൻ. ശാസ്ത്രീയമായൊരു മനോഭാവത്തോടെ ഇസ്ലാമികസംസ്കാരത്തെ സമീപിക്കുവാൻ സന്ന

ഭൂതയുള്ളവക്കെല്ലാം ബോധ്യപ്പെട്ടതും, ഇസ്ലാമികസംസ്ക്കാരത്തിന്റെ പേരിൽ പൊതുവെ പുലർത്തിവരുന്ന പല ധാരണകളും അടിസ്ഥാനരഹിതങ്ങളാണെന്നു്,—പല വിശ്വാസങ്ങളും വ്യാമോഹങ്ങളാണെന്നു്.

ഇസ്ലാമികസംസ്ക്കാരത്തിനും നാഗരികതക്കും രൂപം നൽകിയ മൌലികാശയങ്ങളെന്തൊക്കെയായിരുന്നു? വർഗ്ഗവംശരാഷ്ട്രഭേദമെന്യേയുള്ള മനുഷ്യസമത്വം ജീവിതത്തിൽ പകർത്താനുള്ള ആവേശം; പ്രാപഞ്ചികരഹസ്യങ്ങളുടെ ഉള്ളറയിലേക്കു എത്തിനോക്കാനുള്ള ഉൽക്കടമായ ഉദ്വേഗം; ഐഹികജീവിതം വിറ്റു് പാരത്രികം നേടുക എന്ന പഴഞ്ചൻ ചിന്താഗതിയുടെ നേരെയുള്ള വെല്ലുവിളി; അന്നേവരെ അവഗണിക്കപ്പെട്ടിരുന്ന മനുഷ്യസമൂഹത്തിന്റെ അദ്ധ്വാനശക്തിയിന്നു്, സ്ത്രീകൾക്കു്, പരിഗണന—ഇതൊക്കെയായിരുന്നു മൊത്തത്തിൽ ഇസ്ലാമികസംസ്ക്കാരത്തിനു് ജീവൻ നൽകിയ അടിസ്ഥാനാദർശങ്ങളെന്നു പറയാം. ഭരണീയരിലൊരു വ്യക്തിയെങ്കിലും അരിഷ്ടിക്കാനിടവരുന്നതു് ഭരണാധികാരിയെസ്സംബന്ധിച്ചേടത്തോളം അക്ഷന്തവ്യമായ അപരാധമാണെന്നു് ആത്മാർത്ഥമായി വിശ്വസിച്ചു പ്രവർത്തിച്ചിരുന്ന ഉമർഫാറൂഖ്, ശാസ്ത്രീയവിജ്ഞാനത്തിനേറയും സ്വതന്ത്രചിന്തയുടേയും തിരികൊളുത്തപ്പെട്ട ബഗ്ദാദിലേയും സ്പെയ്നിലേയും വിജ്ഞാനക്ഷേത്രങ്ങളും (ആ തിരിയിൽനിന്നു കൊളുത്തപ്പെട്ടതാണു് അനന്തരകാല സംസ്ക്കാരത്തിന്റെ ഉജ്വലമായ തീപ്പന്തം) അടിമവംശജരെ സിംഹാസനത്തിലെത്തിച്ച സാഹചര്യവും മറ്റും ഉപരിസൂചിതമായ ആശയങ്ങളും ഭൌതികരൂപം കൈക്കൊണ്ടതത്രേ. ശാസ്ത്രീയവിജ്ഞാനത്തിന്റെ വിവിധശാഖകളെ പരിപോഷിപ്പിക്കാൻ മാത്രമല്ല, ആധുനികശാസ്ത്രത്തിന്റെ അടിത്തറതന്നെ കെട്ടിപ്പടുക്കാൻ ഇസ്ലാമികസംസ്കാരത്തിനാണു് കഴിവുണ്ടായതു്. പുത്തൻവിജ്ഞാനമേഖലകളെ കീഴടക്കാനുള്ള ഒടുങ്ങാത്ത ഉത്സാഹം; ലോകത്തിന്റെ വിവിധ

ഭാഗങ്ങളെയധിവസിക്കുന്ന പല ജനസമുദായങ്ങളുടേയും അന്നുവരെയുള്ള വൈജ്ഞാനിക — സാംസ്ക്കാരിക നേട്ടങ്ങളെ — അതു 'കാഫിറു'കളുടേതോ നിരീശ്വരവാദികളുടേതോ ആയാലും — സ്വായത്തമാക്കുന്നതിൽ കാണിച്ച ആർജ്ജവവും വിശാലവീക്ഷണവും; വിവിധജനതകളുമായി നിർബ്ബാധം സമ്പർക്കം പുലർത്താനും ആശയവിനിമയം ചെയ്യാനുമുള്ള സാഹചര്യസിദ്ധിയും സന്നദ്ധതയും ഇവയൊക്കെയാണ് ഇസ്ലാമികസംസ്ക്കാരോന്നമനത്തിനു് വഴിവെച്ച പ്രധാനോപാധികൾ.

വിചാരമണ്ഡലത്തിലെ ദീപസ്തംഭമായ ശാസ്ത്രീയവിജ്ഞാനത്തെ പ്രവൃദ്ധമാക്കുന്നതിൽമാത്രമല്ല, വികാരസാമ്രാജ്യത്തിലെ അഭിരാമാരാമങ്ങളായ കലാസാഹിത്യാദികളെ പ്രോത്സാഹിപ്പിക്കുന്നതിലും, സ്പെയ്നിലെ കൊർഡോവ അഥവാ 'കർത്തുബാ'യും ഹാറൂന്റെയും മാമൂന്റെയും ബഗ്ദാദും, മുഗിളരുടെ ദെൽഹിയും ഒട്ടും പിന്നിലായിരുന്നില്ല. തത്വജ്ഞാനിയായ ഇബ്നുറുഷ്ദിനോടൊപ്പം, കവികോകിലങ്ങളായ ഹാഫിസും ഉമർഖയാമും ദാർശനിക — ശാസ്ത്രജ്ഞനായ ഇബ്നുസീനായോടൊപ്പം മിസ്റ്റിക്കും, യുക്തിചിന്തകനുമായ ഇബ്നു അറബിയും ഇസ്ലാമിക സംസ്ക്കാരത്തിന്റെ പ്രതിനിധികളായി വിഹരിക്കുന്നു. മാർബിളിൽ വിരചിച്ച മനോജ്ഞ കവിതയായ താജ്മഹാളിനോടൊപ്പം കാവ്യപ്രപഞ്ചത്തിലെ താജ്മഹാളായ റൂമിയുടെ "മസ്നവി"യും, ഇബ്നുഖൽദൂന്റെ ചരിത്രശാസ്ത്രവും — പ്രത്യേകിച്ച് "Prolegomena" — അക്ഷയ സൌന്ദര്യത്തോടെ വിരാജിക്കുന്നു.

ഐക്യത്തിന്റെ സന്ദേശം.

പ്രപഞ്ചത്തിലെ നിയാമകശക്തിയൊന്നേയുള്ളൂ; മാനവസമുദായത്തിന്റെ ഉൽഭവകേന്ദ്രം ഏകമാണ് — എന്നുള്ള ഇസ്ലാമിന്റെ പ്രബോധനം സംഘർഷങ്ങളുടേയും വൈരുദ്ധ്യങ്ങളുടേയു

മായ ആ കാലഘട്ടത്തിൽ വന്നുചേർന്ന ഏകീകരണശക്തിയായിരുന്നുവെന്നു് പണ്ഡിറ്റുനെഹ്റുവടക്കമുള്ള ചരിത്രകാരന്മാർ സമ്മതിക്കുന്നുണ്ടു്. മനുഷ്യസമത്വവും ജനസമുദായങ്ങളും തമ്മിലുള്ള ഐക്യവും പ്രായോഗികപരിധിയിൽ വരുത്തുന്നതിൽ ഇതിനു് നിഷ്പ്രയാസമായൊരു പങ്കുവഹിക്കാൻ കഴിഞ്ഞു. അറേബ്യയെസ്സംബന്ധിച്ചേടത്തോളം, ജനങ്ങളുടെ സാമൂഹ്യജീവിതത്തെ നിയന്ത്രിക്കാൻ രക്തബന്ധത്തെക്കവിഞ്ഞ യാതൊന്നും ഉണ്ടായിരുന്നില്ല. "Studies in Muslim Political Thought and Administration" എന്ന ഗ്രന്ഥത്തിൽ ഹാരൂൻഖാൻ ഷെർവാണി പ്രസ്താവിക്കുന്നതുപോലെ, "അറബികളുടെ സാമൂഹ്യഘടന, രക്തബന്ധം എന്ന അടിത്തറയിലാണു് കെട്ടിപ്പൊക്കിയിരുന്നതു്. പുരാതന ഗ്രീസിലെപ്പോലെ ഓരോ കുലത്തിനുമുണ്ടായിരുന്ന സ്വന്തം ദേവന്മാർ. ഓരോകുലത്തിലുമുള്ള എല്ലാ അംഗങ്ങളും ഒരേ പൊതു ദൈവത്തെ ആരാധിക്കുന്നതിലൂടെയാണു് ഏകീകരിക്കപ്പെട്ടിരുന്നതു്". ഒരു ഗോത്രത്തിലുള്ളവരെല്ലാം ഒരേ പൂർവ്വപിതാവിന്റെ സന്താനപരമ്പരകളാണെന്ന ബോദ്ധമായിരുന്ന അവരിൽ ഐക്യബോധം നിലനിന്നിരുന്നതു് എന്നുകൂടി ഷെർവാണി സൂചിപ്പിക്കുന്നുണ്ടു്. അപ്പോൾ, ലോകമെങ്ങുമുള്ള ജനങ്ങളുടെ ഉൽപ്പത്തികേന്ദ്രമാണെന്നു വരുന്നതു്, വിവിധജനവിഭാഗങ്ങളുടെ ആരാധനകേന്ദ്രം ഒരേയൊരു ദൈവം തന്നെയായിത്തീരുന്നതു്, മനുഷ്യവർഗ്ഗം ഒരേ കുലത്തിലുള്ളവരെന്നോണം ഏകോദരസഹോദരന്മാരാണെന്ന ബോധംവളർത്തുന്നതിനു് എത്രമാത്രം സഹായകമായിട്ടുണ്ടാവുമെന്നൂഹിക്കാമല്ലൊ. ദൈവത്തിന്റെ പ്രത്യേകാനുഗ്രഹം തങ്ങൾക്കേ ലഭിച്ചിട്ടുള്ളുവെന്നു് ഇസ്രായീല്യർ ദൃഢമായി വിശ്വസിച്ചിരുന്നപ്പോൾ, ചില സമുദായങ്ങളിൽ ജനിക്കുന്നവർ ജന്മനാ ദിവ്യന്മാരും മൂയർന്നവരുമാണെങ്കിൽ മറ്റു ചില സമുദായക്കാർ ജന്മനാ അധഃകൃതരും അനഭിലഷണീയരുമാണെന്നു് ഇന്ത്യക്കാർ കരുതിയിരുന്നപ്പോൾ,

മനുഷ്യവർഗ്ഗൈക്യത്തിന്റെ പൂതുവെളിച്ചം പ്രകാശിപ്പിക്കുന്നതിൽ ഇസ്ലാമികസംസ്കാരത്തെപ്പോലെ മറ്റൊന്നുംതന്നെ വിജയം വരിക്കുകയുണ്ടായില്ല.

ചലനാത്മകമായ പ്രപഞ്ചം.

ഭൌതികവസ്തുക്കളേയോ വസ്തുതകളേയോ അധികരിച്ച് സംസാരിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്നതു്, മിക്കവാറും അധമമാണെന്ന മനോഭാവമാണു് ഇസ്ലാമിനു മുമ്പുള്ള സാംസ്കാരികശക്തികളും പുലർത്തിവന്നതു്. ഭൌതിക യാഥാർത്ഥ്യങ്ങളുടെ സമതലത്തിലേക്കിറങ്ങിവരാതെ കേവലചിന്തയുടെ മണൽകയറു പിരിച്ചുകൊണ്ടു് ആത്മീയതപത്തിന്റെ പർവ്വതശിഖരങ്ങളിൽ വിഹരിക്കുന്നതിലാണവർ സായൂജ്യം കണ്ടിരുന്നതു്. ഇസ്ലാമിനു മുമ്പുള്ള ലോകത്തിലെ അതിപ്രധാന സാംസ്കാരികശക്തിയായ യവനചിന്തകന്മാരെസ്സംബന്ധിച്ചേടത്തോളവും, പ്രപഞ്ചം ഒരു ജഡവസ്തുവും നശ്വരജീവിതം മായാവിലാസവുമായിരുന്നു. ദൈവത്തിന്റെ മഹത്വവും മനോജ്ഞതയും വർണ്ണിക്കുന്നതോടൊപ്പംതന്നെ, ഭൂമിയെ മരതകപ്പച്ചകൊണ്ടു് പട്ടുടുപ്പിക്കാനുള്ള മഴയേയുംകൊണ്ടു വരുന്ന കാർമേഘങ്ങളടക്കമുള്ള പ്രകൃതിയിലെ പ്രതിഭാസങ്ങളും നിരീക്ഷിക്കുവാനും, അവയെക്കുറിച്ചു് ഗാഢമായി ചിന്തിക്കുവാനും ഉൽബോധിപ്പിക്കുന്ന ഇസ്ലാം, ആത്മീയതപത്തിൽ ആമൂലാഗ്രം ആണ്ടുകിടന്ന പ്രാചീന ചിന്താഗതിയിൽനിന്നു് ഭൌതിക യാഥാർത്ഥ്യങ്ങളുടെ ഇടയിലേക്കുള്ള ഇറക്കത്തെയാണു് കുറിക്കുന്നതെന്നു പറയാം. പ്രപഞ്ചം വളർന്നുകൊണ്ടേയിരിക്കുകയാണെന്നും ജീവിതം നിരുദ്ദേശ്യമല്ലെന്നുമുള്ള ആശയഗതിയാണു് ഇസ്ലാം ആവിഷ്കരിച്ചതു്. സേച്ഛാധിപതിയായ ഒരു ദൈവം ഒരു സുപ്രഭാതത്തിൽ പടച്ചെടുത്ത പ്രപഞ്ചത്തിൽ അവന്റെ ഇച്ഛാനിഷ്ടങ്ങൾക്കനുസരിച്ചു് ജനങ്ങൾക്കു് അഭിവൃദ്ധിയോ അപകർഷമോ സംഭവിക്കുന്നുവെന്നും, ഓരോ മനുഷ്യനും

സൃഷ്ടിക്കപ്പെട്ടന്ന നിമിഷത്തിൽതന്നെ അവന്റെ ഭാവി മുഴുക്കെ തീരുമാനിക്കപ്പെട്ടന്നതിനാൽ തന്റെ ജീവിതഗതി നിയന്ത്രിക്കുന്നതിൽ മനുഷ്യൻ തികച്ചും നിസ്സഹായനാണെന്നും, നശ്വരമായ ജീവിതം ഗൌരവമായെടുക്കേണ്ടതില്ലെന്നും മറവുമുള്ള അഭിപ്രായഗതിയല്ലേ,—അതിസ്ലാമികസംസ്കാരത്തിന്റേതല്ല. ഇബ്നുഖൽദൂൻ ചൂണ്ടിക്കാണിച്ചു, കാലത്തിന്റെ വലയത്തിൽ നിരന്തരമായി ചലിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് ജീവിതമെന്നും പ്രസ്തുത ചലനത്തിന്റെ സ്വഭാവം മുൻകൂട്ടി തീരുമാനിക്കപ്പെട്ടിട്ടില്ലെന്നും. കാലം (ഭാവിയുൾപ്പെടെ) വരക്കപ്പെട്ട ഒരു രേഖയല്ല, വരഞ്ഞുകൊണ്ടേയിരിക്കുന്ന ഒരു രേഖയാകുന്നു എന്ന അത്ഥവത്തായ പ്രസ്താവനയിലൂടെ ഡോക്ടർ മുഹമ്മദ് ഇഖ്ബാൽ ഈ വസ്തുതക്കൂടുതൽ വ്യക്തമാക്കുന്നുണ്ട്. വരഞ്ഞുകൊണ്ടേയിരിക്കുന്ന ആ രേഖയുടെ ഗതി നിയന്ത്രിക്കുന്നതിൽ നിർണ്ണായകമായ പങ്കാണ് മനുഷ്യനു വഹിക്കാനുള്ളതെന്നും ഇസ്ലാമികസംസ്കാരത്തിന്റെ വക്താവായ അദ്ദേഹം വെളിപ്പെടുത്തുന്നു. കാലം വരഞ്ഞുകഴിഞ്ഞ ഒരു രേഖയാണെങ്കിൽ—ഭാവി അനാവരണം ചെയ്യാനിരിക്കുന്ന സംഭവഗതികളെല്ലാം മുമ്പേതന്നെ നിശ്ചയിക്കപ്പെട്ട കഴിഞ്ഞതാണെങ്കിൽ—മാനുഷയത്നങ്ങളെല്ലാം നിഷ്ഫലമാണ്. നേരെമറിച്ച്, വരഞ്ഞുകൊണ്ടേയിരിക്കുന്ന ഒരു രേഖയാണ് കാലമെങ്കിൽ, അതിന്റെ ഗതി നിയന്ത്രിക്കേണ്ട പ്രധാനശക്തി മനുഷ്യൻതന്നെയാണെങ്കിൽ സ്ഥിതി മറിച്ചാകുമല്ലോ.

കർമ്മമേ, നിന്നിൽവാഴ്വൂ ജീവി
താസവം; സൃഷ്ടി—
കർമ്മത്തിലാമോദിക്ക ജീവിത
ധർമ്മം നിത്യം.
ആലസ്യലാസ്യംകൊള്ളും മാനു—
ഷനുണരട്ടേ

ആദർശരമ്യം പുത്തൻലോക
ത്തിന്നായിരേകാൻ * —

("The pith of life is contained in Action, To delight in creation is the law of Life. Arise and create a new world !"*)

എന്ന ആ തത്വചിന്തകകവി പാടിയതും മറെറാന്നുകൊണ്ടുമല്ല.

ജീവിതം വികസിപ്പിക്കുകയും വിമോഹനമാക്കുകയും ചെയ്യേണ്ടതു് മനുഷ്യന്റെ ഭൂമതലയിൽപെട്ടതാണെങ്കിൽ ആ മാർഗ്ഗത്തിൽ അവനു വെളിച്ചം കാണിക്കാനെന്താണുള്ളതു്? വിജ്ഞാനംതന്നെ! സഹജാവബോധം സംജാതമായിട്ടുള്ള ആന്തരികമായ അറിവിന്നപുറമെ ജ്ഞാനാർജ്ജനത്തിനു് രണ്ടു് മാർഗ്ഗങ്ങം ഖുർആൻ നിർദ്ദേശിക്കുന്നു—പ്രകൃതിയും ചരിത്രവും. മാനവസമുദായത്തെസ്സംബന്ധിച്ചേടത്തോളം ചരിത്രത്തിൽനിന്നും പ്രകൃതിരഹസ്യങ്ങം വെളിപ്പെടുത്തുന്ന ശാസ്ത്രീയജ്ഞാനത്തിൽനിന്നും പഠിക്കുന്ന പാഠത്തേക്കാം കൂടുതൽ അവലംബനീയമായി മറെറാന്നും തന്നെയില്ലെന്നു് സംശയാതീതമായി തെളിഞ്ഞുകഴിഞ്ഞു.

ഒരു പുതിയ യുഗത്തിന്റെ തുടക്കം.

ഇസ്ലാമികസംസ്കാരത്തിന്റെ ഔന്നത്യം കണ്ടു മതിമറന്ന ചിലർ തെറിദ്ധരിക്കുന്നു, ഇസ്ലാമികസംസ്കാരത്തിന്റെഉദയത്തോടെ വിശ്വസംസ്കാരം പരിപൂർത്തി പ്രാപിച്ചുവെന്നു മനുഷ്യസ

---

* ലേഖകന്റെ പരിഭാഷ.

* "Secrets of the self".

മുമ്പായത്തിനും പുതുതായൊന്നും നേടാനില്ലെന്നു്! മുഹമ്മദുനബി ക്കുശേഷം പണ്ടത്തെപ്പോലെ പ്രവാചകന്മാർ ജനിക്കുകയില്ലെന്ന പ്രഖ്യാപനമാണു് ഈ തെറ്റിദ്ധാരണയുടെ അടിസ്ഥാനം. എന്നാൽ, മതങ്ങളുടെ കാലഘട്ടം അവസാനിക്കുകയും യുക്തിചിന്തയുടെ യുഗം പിറക്കുകയും ചെയ്തുവെന്നാണു് പ്രസ്തുത പ്രഖ്യാപനം വിവക്ഷിക്കുന്നതെന്നു് അല്ലാമാ ഇഖ്ബാൽ സമർത്ഥിക്കുന്നു. അപ്പോഴാം, ശാസ്ത്രീയമല്ലാത്ത വിഭാവനകളുടെ മേൽ വസ്തുനിഷ്ഠവും വിശകലനാത്മകവുമായ ചിന്ത നേടിയ വിജയത്തെയാണല്ലോ അതു കുറിക്കുന്നതു്. മാത്രമല്ല, ആഗോളപ്രാധാന്യമുള്ള മൂന്നു മതങ്ങളുടെ ഈറ്റില്ലമായ മദ്ധ്യപൌരസ്ത്യദേശത്തെ സെമിറ്റിക്കു് വർഗ്ഗക്കാർ പുലർത്തിവന്ന മാരകമായൊരു മാനസികരോഗത്തിനുള്ള ഫലപ്രദമായ ഔഷധവുംകൂടിയായിരുന്നു അതു്. ലോകത്തെ അപ്പപ്പോഴം അഭിമുഖീകരിക്കുന്ന വിഷമപ്രശ്നങ്ങളം പരിഹരിക്കാൻ ദൈവം 'മശീഹ'മാരെ അയച്ചുകൊള്ളും — പ്രസ്തുത ദൈവദൂതന്മാരുടെ കല്പനകളം അനുഷ്ഠിക്കേണ്ട ചുമതലമാത്രമേ ജനതകളുള്ളൂ — എന്നു വിശ്വസിച്ചിരുന്ന ജനസമുദായങ്ങളോടു് അന്ത്യപ്രവാചകൻ വ്യക്തമായി പ്രഖ്യാപിച്ചു, തങ്ങളുടെ കാര്യങ്ങളം ശരിപ്പെടുത്താൻ 'മശീഹ'മാർ വരുമെന്ന പ്രതീക്ഷയേ ഇനി വേണ്ടെന്നു. മനുഷ്യരോരോരുത്തരും ദൈവത്തിന്റെ പ്രതിനിധികളാണെന്നുകൂടി അദ്ദേഹം ഉൽബോധിപ്പിച്ചു. തങ്ങളുടെ പാപഭാരം ചുമക്കാനോ, 'റെഡീമെയ്ഡ്' ഉപദേശങ്ങളം നൽകാനോ ആരും വരാനിരിക്കുന്നില്ലെന്നും, വ്യക്തിയും സമുദായവും സമ്പാദിക്കുന്നതു് സ്വന്തം ചെയ്തികളുടെ ഫലം ചുമലിലേറ്റണമെന്നും വരുമ്പോഴം, തികഞ്ഞ ഉത്തരവാദിത്തബോധത്തോടെവേണം ജീവിതത്തെ അഭിമുഖീകരിക്കാനെന്നു വ്യക്തമല്ലേ.

പിന്തിരിപ്പന്മാരെന്നുമുണ്ടു്.

മുരടിച്ച യാഥാസ്ഥിതികന്മാരടക്കമുള്ള ആധുനിക മുസൽമാന്മാരെല്ലാം, തികഞ്ഞ അഭിമാനബോധത്തോടെ അനുസ്മരിക്കുന്ന

ഇസ്ലാമിക സംസ്കാരത്തിന്റെ പുരോഗമനാത്മകമായ പ്രവണതകളും, യാതൊരെതിപ്പും നേരിടാതെ നിശ്ശബ്ദമായും സ്വാഭാവികമായും വളർച്ച പ്രാപിക്കുകയാണുണ്ടായതെന്നു് കരുതുന്നതു് മുഴുത്ത അസംബന്ധമായിരിക്കും. പുരോഗമനപരമായ സകല പ്രവണതകളുടേയും കുമ്പു് നുള്ളുകയെന്നതല്ലാതെ, യാഥാസ്ഥിതികത്വത്തിനു് എക്കാലത്തും മറ്റൊന്നും ചെയ്യാനില്ലല്ലോ. ഇസ്ലാമിന്റെ ഉദയദശയിൽ അക്കാലത്തെ പൂർവ്വാചാരപ്രണയികളിൽനിന്നും, ഇസ്ലാമിക സാമ്രാജ്യസംസ്ഥാപനാനന്തരം മുസ്ലിം ലോകത്തിന്നകത്തുതന്നെയുള്ള ഇസ്ലാമിക യാഥാസ്ഥിതിക കേന്ദ്രങ്ങളിൽനിന്നും ഉണ്ടായ, കനത്തതും കട്ടത്തുമായ എതിർപ്പിനെ അതിജീവിച്ചുകൊണ്ടാണു് ഇസ്ലാമികസംസ്കാരം സ്ഥിരപ്രതിഷ്ഠ നേടിയതു്. ഇസ്ലാമിക സംസ്കാരത്തിന്റെ ദീപവാഹകരായി ലോകം ഇന്നംഗീകരിച്ചിട്ടുള്ള പ്രതിഭാശാലികളിൽ ഒരാളെയെങ്കിലും ആത്മീയതത്ത്വത്തിന്റെയും 'ഇസ്ലാമികപാരമ്പര്യ'ത്തിന്റെയും കുത്തകക്കാരായി ചമഞ്ഞിരുന്നവർ അപലപിക്കാതെ, എതിർക്കാതെ, വിട്ടിട്ടില്ല. ഇസ്ലാമിക സംസ്കാരത്തിന്റെ പേരിൽ ഒച്ചപ്പാടുണ്ടാക്കി സമുദായ പുരോഗതിയുടെ മാർഗ്ഗത്തിൽ ഇന്നു് തടസ്സം വലിച്ചിട്ടുകൊണ്ടിരിക്കുന്ന കേന്ദ്രങ്ങളെ തനിനിറത്തിൽ കാണാൻ, ഈ വസ്തുത ധരിച്ചുവെക്കുന്നതുപകരിക്കും.

ഇസ്ലാമികസംസ്കാരം വസ്തുനിഷ്ഠമായ പഠനത്തിന്നു വിധേയമാക്കാനൊരുക്കമില്ലാത്ത ചിലർ വിശ്വസിക്കുന്നുണ്ടു്, ഇസ്ലാമികസംസ്കാരം അത്യുച്ചനില പ്രാപിച്ചിരുന്നപ്പോഴെ മുസ്ലിംരാഷ്ട്രങ്ങളിൽ എല്ലാം മഹത്തരവും മനോജ്ഞവുമായിരുന്നുവെന്നു് —'രാമരാജ്യ'ത്തിൽ പാലും തേനുമൊഴുകിയിരുന്നതു്, അസത്യവും അധർമ്മവും കേട്ടുകേൾവിയിൽപോലുമുണ്ടായിരുന്നില്ല എന്നു്, ചില ആർഷഭാരതാരാധകന്മാർ വിശ്വസിക്കുന്നതുപോലെ! പഴയകാലത്തെ ഇതരസംസ്കാരങ്ങളെയപേക്ഷിച്ചു എതുയും

ഉന്നതമായ ഒരു നിലവാരമാണ് ഇസ്‌ലാമിക സംസ്കാരം പുലത്തിയിരുന്നതെന്നതു് നേരാണ്; എന്നാൽ, മുൻ സൂചിപ്പിച്ചപോലെയുള്ള അതിശയോക്തിപരമായ ഒരു വിശ്വാസം വെച്ചുപുലത്തുന്നതിനു് അതു് ന്യായീകരണമാവില്ല — ചരിത്രയാഥാർത്ഥ്യങ്ങൾ കൂഴിച്ചുമൂടാനൊരുക്കമില്ലാത്ത കാലത്തോളം! ഇക്കൂട്ടർ വിശ്വസിക്കുന്നപോലെ ഇസ്‌ലാമികസംസ്കാരോദയത്തോടെ മാനവസംസ്കാരം പരിപൂർണ്ണത പ്രാപിച്ചുവെങ്കിൽ മനുഷ്യസമുദായത്തിനു പുതുതായൊന്നും നേടാൻ ബാക്കിവെച്ചിട്ടില്ലെങ്കിൽ — അതിനു ശ്രേഷ്ഠമുള്ള മാനവജീവിതം നിരുദ്ദേശ്യപരവും അർത്ഥരഹിതവുമായേനെ. പരമാർത്ഥമതല്ല. ഇഖ്‌ബാൽ ചൂണ്ടികാണിക്കുന്നതുപോലെ, ഇസ്‌ലാമികസംസ്കാരം മാനവസംസ്കാരത്തിന്റെ പരിപൂർത്തിയെയല്ല, അതിപ്രധാനമായൊരു കാലഘട്ടത്തിന്റെ ആരംഭത്തെ മാത്രമാണ് കാണിക്കുന്നതു്.

ഇസ്ലാമിക സംസ്കാരമെന്നുവെച്ചാൽ.

ഇസ്‌ലാമിക സംസ്കാരമെന്നുവെച്ചാൽ, ഇസ്‌ലാം ഉദയം ചെയ്യുന്നതിനു മുമ്പുള്ള ലോകത്തിന്റെ സാംസ്ക്കാരിക നേട്ടങ്ങളോടു് യാതൊരു കടപ്പാടുമില്ലാത്ത — ഇസ്‌ലാം മതവിശ്വാസികളല്ലാത്തവർക്കു് യാതൊരു പങ്കുമില്ലാത്ത — കഴിഞ്ഞ പതിനാലു ശതാബ്ദങ്ങളിൽ മുസൽമാന്മാർ കരസ്ഥമാക്കിയിട്ടുള്ള നേട്ടങ്ങളുടെ പട്ടികയോ, അവരുടെ മതപരമായ വിശ്വാസാചാരങ്ങളോ ഒക്കെയാണെന്ന തെറ്റായ ധാരണ അനുവാചകരെ വഴിതെറ്റിക്കാതിരിക്കാൻ ശ്രദ്ധിക്കണം. "Islamic culture" എന്ന ശ്രദ്ധേയമായ ഗ്രന്ഥത്തിൽ ആസഫ് എ. എ. ഫൈസി (M. A., Bar-at-law) പ്രസ്താവിക്കുന്നു: "ഇസ്‌ലാമികസാംസ്ക്കാരമെന്നാൽ മുസ്‌ലിം രാഷ്ട്രീയാധീശത്വത്തിൻ തണലിൽ തഴച്ചുവളർന്ന സംസ്ക്കാരമെന്നേ നിർവ്വചിക്കാനാവൂ — അതു് മുസ്‌ലിംകളുടെയോ അറബികളുടേയോ മാത്രം സൃഷ്ടിയായിക്കൊള്ളണമെ

ന്നുമില്ല.....ഇസ്ലാമികസംസ്കാരം മുസ്ലിംകളുടെ മാത്രം സ്വത്തായാണെന്നു് പറഞ്ഞുകൂടാ. മുസൽമാന്മാർ, ജൂതന്മാർ, ക്രൈസ്തവർ, സ്വതന്ത്രചിന്തകന്മാർഎന്നിവരുടെ കൂട്ടായ പ്രവർത്തനത്തിന്റെ പരിഗണിതഫലമാണതു്. ക്രൈസ്തവവൈദ്യന്മാരും കവികളുംപല മുസ്ലിം ഭരണാധികാരികളുടേയും കൊട്ടാരങ്ങളിൽ സസുഖം വിഹരിച്ചിരുന്നു. എണ്ണമറ്റ മുസ്ലിം വൈജ്ഞാനികന്മാരോടൊപ്പം ജൂതദാർശനികരും സാമ്പത്തിക വിദഗ്ദ്ധരും ഇസ്ലാമിക നാഗരികതയുടെ അവിഭാജ്യഘടകമായിരുന്നു.''

മതവും സംസ്കാരവും തമ്മിൽ കൂട്ടിക്കുഴക്കാനുള്ള വാസനയും കാലാഹരണപ്പെട്ടതാണു്. മതവും സംസ്കാരവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നാണു് ചിലർ കരുതുന്നതു്. രാഷ്ട്രങ്ങൾക്കും ജനസമൂഹങ്ങൾക്കും വലിയതോതിൽ പരസ്പരസമ്പർക്കം പുലർത്താനുള്ള സാധ്യതയും സന്നദ്ധതയുമില്ലാതിരുന്ന പഴയകാലത്തു് ഇതേറെക്കുറെയെങ്കിലും ന്യായീകരിക്കാമായിരുന്നു. എന്നാൽ ഏകലോകത്തിനേറെതായ ഇക്കാലത്തും പ്രസ്തുത മനോഭാവം പുലർത്തിപ്പോരുന്നതു് യഥാർത്ഥസംസ്കാരത്തോടുള്ള വെല്ലുവിളിയത്രേ. മാനസിക കായ്കല്പം സാധ്യമാകുന്ന അവ ഒരു പ്രത്യേക മതത്തിന്റെയോ വർഗ്ഗത്തിന്റെയോ രാജ്യത്തിന്റെയോ സ്വകാര്യസ്വത്തല്ല. ഒരു പ്രത്യേക സാംസ്കാരിക കാലഘട്ടത്തിനേറെതെന്നു് വേണമെങ്കിൽ അവയെ വേർതിരിച്ചു കാണിക്കാമെന്നു മാത്രം—'' എന്ന ഫൈസിയുടെ പ്രസ്താവന പ്രത്യക്ഷരം പരമാർത്ഥമത്രേ. അപ്പോൾ, ഇസ്ലാമികസംസ്കാരമെന്നുവെച്ചാൽ, ലോകത്തിന്നേവരെയുണ്ടായിട്ടുള്ള മുസ്ലിംകളുടെ സാംസ്കാരിക നേട്ടങ്ങളല്ല, പ്രത്യുത, ഇസ്ലാമികഭരണാധികാരത്തിൻ തണലിൽ തഴച്ചുവളർന്നും ചില ശതാബ്ദങ്ങളോളം ലോകസംസ്കാരത്തിന്റെ നേതൃത്വം വഹിച്ചിരുന്നുമായ ആ പ്രത്യേക സാംസ്കാരികകാലഘട്ടത്തിലെ സംസ്കാരമെന്നേ വിവക്ഷിക്കാവൂ.

അധഃപതനം. 3913

ചരിത്രപരമായ ഒരു വീക്ഷണഗതിയോടുകൂടിയ ഖുർആൻ (അറേബ്യയുടേയും അയൽരാജ്യങ്ങളുടേയും ചരിത്രത്തിൽനിന്നും ഐതിഹ്യങ്ങളിൽനിന്നും പല സംഭവങ്ങളും എടുത്തുപറഞ്ഞു കൊണ്ടാണല്ലൊ ഖുർആൻ പല തത്വങ്ങളും വിശദീകരിക്കുന്നതു*) ഉറപ്പിച്ചുപറഞ്ഞു: "അസ്തമനാദിത്യന്റെ അരുണാഭയെയോ, നിശയെയോ, നിശയിലെ നിരവധി പ്രഭാപുഞ്ജങ്ങളെയോ, പൂർണ്ണിമപ്രാപിച്ച നിശാനാഥനേയോ മൻനിത്തി നാം ആണയിടേണ്ടതില്ല, നിശ്ചയമായും ഒരവസ്ഥയിൽനിന്നു് മറെറാന്നിലേക്കു് മുന്നോട്ടു നയിക്കപ്പെട്ടം നിങ്ങൾ." (പ്രകൃതിയുടെ നിത്യനിയമമായ നിരന്തരപരിവർത്തനത്തെ വിളിച്ചോതുന്ന പ്രതീകങ്ങളാണല്ലോ വാർതിങ്കളും സന്ധ്യാരാഗവും മറവും.) ചരിത്രത്തെ വസ്തുനിഷ്ഠമായ ഒരു ശാസ്ത്രമായി പരിഗണിച്ച ലോകത്തിലെ ഒന്നാമത്തെ സാമൂഹ്യചരിത്രകാരനായ ഇബ്നുഖൽദൂൻ രാഷ്ട്രങ്ങളുടെ (സംസ്കാരങ്ങളുടേയും) ഉയർച്ചയും വളർച്ചയും തകർച്ചയും, ചരിത്രത്തിന്റെയും പ്രകൃതിയുടേയും നീക്കുപോക്കില്ലാത്ത നിയമമാണെന്നു കണ്ടറിയുകയും, പ്രസ്തുത നിയമത്തിൽനിന്നു് ഇസ്ലാമികസംസ്കാരത്തിനും ഒഴിഞ്ഞുമാറുവാൻ കഴിയുകയില്ലെന്നു് അതിന്റെ അധഃപതനത്തിനും മുമ്പുതന്നെ പ്രവചിക്കുകയും ചെയ്തിരുന്നു. അങ്ങനെ ഇസ്ലാമികസംസ്കാരത്തിനു് കാലത്തോടൊപ്പം പുരോഗമിക്കാൻ കഴിയാതെവന്നപ്പോൾ—പുരോഗമനോന്മുഖമായ ആശയഗതികളിൽനിന്നു് പ്രചോദനം നേടുന്നതിൽ ഇസ്ലാമികലോകം പരാജയപ്പെട്ടപ്പോൾ—അതീതകാലചരിത്രത്തിലെ ഇതരസംസ്കാരങ്ങളെപ്പോലെ ഇസ്ലാമികസംസ്കാരവും നാശോന്മുഖമായി പരിണമിച്ചു. വിശ്വസംസ്കാരത്തിന്റെ നേതൃത്വം വഹിക്കാൻ ഇതര ജനതകളും മുന്നോട്ടുവന്നു. ഇസ്ലാമികസം

---

* See: "Studies in Muslim Solitical Thought and Administration" S—22.

സ്ഥാരപ്രണയികമം ഈ സംഭവവികാസത്തിൽ ഹൃദയംനൊന്തു കേഴുന്നതു് മനസ്സിലാക്കാം. എന്നാൽ, ഇസ്ലാമികസംസ്ഥാരമെന്ന പേരിൽ ഏതാനും നൂറ്റാണ്ടുകൾക്കു മുമ്പുള്ള ഒരു പ്രത്യേക സാംസ്ഥാരിക കാലഘട്ടം ജനനം നൽകിയ, തത്വജ്ഞാനപരവും കലാപരവും സാഹിത്യപരവുമായ നേട്ടങ്ങളും വിശ്വാസാചാരങ്ങളും പുനരുജ്ജീവിപ്പിക്കുകയാണെങ്കിൽ, മുസ്ലീംസമുദായത്തിനു് ലോകോത്തരമായ ഒരു സാംസ്ഥാരികശക്തിയായിത്തീരാൻ കഴിയുമെന്ന ചിലരുടെ വ്യാമോഹമാണു് മനസ്സിലാക്കാനാവാത്തതു്. വിവിധ തലങ്ങളിലുള്ള ഇതരജനതകളുടെ നേട്ടങ്ങളും മുസ്ലിംകളും സ്വായത്തമാക്കേണ്ടതില്ല, കാലത്തിന്റെ പിന്നിൽപ്പെട്ടുപോകാതിരിക്കാൻ ആധുനിക ചിന്താപ്രവണതകളിൽനിന്നു് അവർ പ്രചോദനമുൾക്കൊള്ളേണ്ടതില്ല, പാഠം പഠിക്കേണ്ടതില്ല, ഇതരജനതകളുമായി സ്വതന്ത്രമായി സമ്പർക്കം പാലിക്കേണ്ടതില്ല — എന്നൊക്കെ വാദിക്കുന്നവരോടു് ഉറക്കെ പറയേണ്ടിയിരിക്കുന്നു, സാംസ്ഥാരികാഭിവൃദ്ധിയുടെ അനുപേക്ഷണീയോപാധികളുടെ നേരെയാണവർ നിരോധം പാസ്സാക്കുന്നതെന്നു്! ഫൈസി ചൂണ്ടിക്കാണിക്കുന്നപോലെ, ''നാഗരികതയുടെ വളർച്ചക്കുള്ള അവശ്യോപാധി, എല്ലായ്പോഴും, വിവിധ ജനതകളും തമ്മിലുള്ള പരസ്പരസമ്പർക്കമത്രേ.'' വാണിജ്യമാർഗ്ഗങ്ങളും സ്വാധീനമാവുകമൂലം വിവിധ ജനസമുദായങ്ങളും തമ്മിലുള്ള അനിയന്ത്രിതമായ ആശയവിനിമയത്തിനു് സൌകര്യം ലഭിച്ചതാണു് ഇസ്ലാമികസംസ്ഥാരത്തിന്റെ വളർച്ചക്കു് പ്രധാനമായും വഴിവെച്ചതെന്നും, യൂറോപ്യന്മാർ വാണിജ്യമാർഗ്ഗങ്ങളുടെ അധീശാധികാരികളായപ്പോൾ സാംസ്ഥാരികനേതൃത്വവും അവരുടെ ഹസ്തങ്ങളിലേക്കു കൈമാറ്റം ചെയ്യപ്പെട്ടുവെന്നും സുപ്രസിദ്ധ സാംസ്ഥാരികചരിത്രകാരനായ ബാർത്തോൾഡും പ്രസ്താവിച്ചിട്ടുണ്ടു്.

കഴിഞ്ഞ കാലങ്ങളോടു് കടപ്പാടില്ലാത്ത ഒരു സംസ്ഥാരവുമുണ്ടായിരിക്കില്ല. ഒരു സംസ്ഥാരം ഉടലെടുത്തശേഷം അതു് ഇത

രസംസ്കാരങ്ങളുടെ സ്വാധീനശക്തിക്കു് ഒട്ടും വിധേയമാവാതിരിക്കയോ, ഇതര സംസ്കാരങ്ങളിൽ അങ്ങോട്ടു സ്വാധീനത ചെലുത്താതിരിക്കുകയോ ഉണ്ടാവില്ല. ഇസ്ലാമികസംസ്കാരചരിത്രത്തിൽതന്നെ നിസാമുൽമുൽക്കിന്റെ കാലത്തു് (പതിനൊന്നാം നൂറ്റാണ്ടിൽ) അറബിസംസ്കാരവും അനറബിസംസ്കാരവും തമ്മിൽ സംഘട്ടനമുണ്ടാവുകയും, ഒടുവിൽ നിസാമുൽമുൽക്കു് പ്രതിനിധീകരിച്ചിരുന്ന അനറബി സംസ്കാരത്തിന്റെ വിജയത്തിലതു് പര്യവസാനിക്കുകയും ചെയ്തതു് ഇവിടെ അനുസ്മരിക്കാം. ഒരേ സംസ്കാരമായറിയപ്പെട്ടന്ന ഇസ്ലാമികസംസ്കാരത്തിനുള്ളിൽതന്നെ ഇതു് സംഭവിക്കാമെന്നുണ്ടെങ്കിൽ, സംസ്കാരങ്ങളും പരസ്പരം സ്വാധീനത ചെലുത്തുകയും ചിലപ്പോൾ സംഘട്ടനംതന്നെയുണ്ടാവുകയും, ഒടുവിൽ കാലത്തിന്റെ ആവശ്യങ്ങളെ അംഗീകരിക്കുന്ന സാംസ്കാരികാംശങ്ങളും സകല കെട്ടുതികളെയുമതിജീവിച്ചു വിശ്വസംസ്കാരത്തിന്റെ അഭേദ്യാംശങ്ങളായിതീരുകയുംചെയ്യുന്ന സാംസ്കാരികപുരോഗതിയുടെ സ്വാഭാവികഗതി മനസ്സിലാക്കാൻ വിഷമമുണ്ടാവില്ല.

ഭാവി.

അപ്പോഴും, ലോകപുരോഗതിക്കു് അവഗണിക്കാനാവാത്ത സംഭാവനകളും നൽകിയിട്ടുള്ള ഒന്നാണു് ഇസ്ലാമിക സംസ്കാരം. എന്നാൽ, ഇസ്ലാമികസംസ്കാരോദയത്തോടെ മാനവസംസ്കാരം പരിപൂർത്തി പ്രാപിച്ചുവെന്നും, വേറൊരു കേന്ദ്രത്തിൽനിന്നും മനുഷ്യസമുദായത്തിന്റെ സാംസ്കാരിക ഭണ്ഡാരത്തിലേക്കു് യാതൊരു സംഭാവനയുമുണ്ടാവാനില്ലെന്നുമുള്ള പരമ്പര വിഡ്ഢിത്തത്തിനു് ആയുസ്സു ഇരയാവാതിരിക്കുക! 'മനോജ്ഞവും മഹനീയവുമായ അക്കാലങ്ങൾ—ഇസ്ലാമിക സംസ്കാരം പൂർണ്ണവികാസം പ്രാപിച്ചു് ലോകമൊട്ടുക്കു് സൌരഭ്യം വിതറിയിരുന്ന അവിസ്മരണീയമായ ആ നല്ലകാലം,—അതിനിടങ്ങിവരില്ലേ?'—

എന്ന ഭാവത്തിൽ പൌരാണികമഹത്വം അയവിറക്കിക്കൊണ്ട് ആധുനികലോകം കെട്ടിപ്പടുക്കുന്നതിൽ, കാലം ആവശ്യപ്പെടുന്ന വിപ്ലവപരവും സൃഷ്ടിപരവുമായ യാതൊരുത്ത വാദിത്വവും കയ്യേൽക്കാതെ കഴിച്ചുകൂട്ടുന്ന, ആ വൃദ്ധമനോഭാവമില്ലേ അതു് ഒരു ജനതയേയും ഒടുവിഞ്ഞെങ്കിലും ഉന്നമിപ്പിക്കുമെന്നുദ്ദേശിക്കേണ്ട. സംസ്കാരപ്രേമം സംസ്കാരത്തിന്റെ പേരിലുള്ള ഭ്രാന്തായാൽ അതു് ആ ജനവിഭാഗത്തിനും ലോകത്തിനും കെടുതിയേ വരുത്തിവെക്കൂ.

ഇസ്ലാമികസംസ്കാരത്തിന്റെ അതിപ്രധാനാംശങ്ങളും ഇന്നു് തിരിച്ചറിയാനാവാത്തവിധം ലോകത്തിന്റെ പൊതുമുതലായിക്കഴിഞ്ഞിട്ടുണ്ടു്. അപ്പോഴും ഇതരജനവിഭാഗങ്ങളോടൊപ്പം മുസൽമാന്മാരും ചെയ്യേണ്ടതൊന്നേയുള്ളൂ—മനുഷ്യവർഗ്ഗത്തിന്റെ ഇന്നേവരെയുള്ള നേട്ടങ്ങളും സംഗ്രഹിക്കുന്ന വിശ്വസംസ്കാരത്തിന്റെ ഉത്തമവും പുരോഗമനാത്മകവുമായ അംശങ്ങളുൾക്കൊള്ളുകയും, മാനവസംസ്കാരവികാസത്തിനു മറ്റുള്ളവരോടൊപ്പം തങ്ങളുടേതായ സംഭാവനകളും നൽകുകയും ചെയ്യുക. സങ്കുചിതത്വത്തിന്റേതായ സകല അതിർവരമ്പുകളേയും ഭേദിച്ചു് ജനങ്ങളെ കൂടുതൽ അടുപ്പിക്കുകയത്രേ സംസ്കാരം എക്കാലത്തും ചെയ്തിട്ടുള്ളതു്. അതേ സംസ്കാരത്തെത്തെച്ചൊല്ലി ജനവിഭാഗങ്ങളേയും രാഷ്ട്രങ്ങളെയും അകറ്റിനിർത്താനും ഒറ്റപ്പെടുത്താനും സാഹസപ്പെടുന്നതിൽപരം ഗർഹണീയമായെന്തെങ്കിലുമുണ്ടോ? വിവിധ രാഷ്ട്രീയ—സാമുദായിക സംസ്കാരങ്ങളുടെ ഉത്തമാംശങ്ങളാൽ പ്രചോദിതവും വർഗ്ഗ—വംശ—മത—രാഷ്ട്രഭേദങ്ങൾക്കതീതമായി വിശാലമായൊരു രംഗത്തിൽ വിടർന്നു വികസിക്കാനിരിക്കുന്നതുമായ വിശ്വസംസ്കാരം മൊട്ടിടുന്ന ഈ കാലഘട്ടത്തിൽ, 'പ്രത്യേകസംസ്കാ'രങ്ങളുടെ പേരിൽ അബദ്ധസത്യങ്ങളും വ്യാമോഹങ്ങളും പ്രചരിപ്പിക്കുന്നവരാണു് സാംസ്കാരികാഭിവൃദ്ധിയുടെ കഴുത്തു് ഞെരിക്കുന്നതിൽ മുമ്പന്മാർ.

യൂറോപ്യന്മാർ കണ്ടുപിടിച്ച 'ആൻറിബയോട്ടിക്കു്' മരു
ന്നുകളൊന്നും ഉപയോഗിച്ചുകൂടെന്നും ഇബ്നു സീനായുടെയോ
മരകൻറയോ 'ചാർത്തിൽ'പെട്ട മരുന്നുകളേ ഉപയോഗിച്ചു
കൂടുവെന്നും ശഠിക്കുന്നതുപോലെതന്നെ ബുദ്ധിശൂന്യമാണു്, മാന
വ സംസ്കാരത്തിനുണ്ടായിട്ടുള്ള ആധുനികനേട്ടങ്ങൾക്കെതിരാ
ച്ചു് ജീവിതവീക്ഷാഗതി സംസ്കരിക്കാതിരിക്കാൻ വിസമ്മതി
ക്കുന്നതുംഎന്നു് എതുവേഗത്തിൽ ഗ്രഹിക്കുന്നുവോഅതുയും നന്നു്.

മിസ്റ്റിസിസവും യുക്തിചിന്തയും.

'യുക്തിചിന്താപരമായ മിസ്റ്റിസിസ'ത്തിന്റെ പ്രഘോഷകനായ ഇബ്ൻ അറബിയുടെ ചിന്താപ്രപഞ്ചത്തിലേക്ക ഒരു പാശ്ചവീക്ഷണം.

തീയും വെള്ളവുമെന്നപോലെ വിരുദ്ധഗുണങ്ങളോടുകൂടിയവയാണ് മിസ്റ്റിസിസവും യുക്തിചിന്തയും എന്നാണല്ലോ പൊതുധാരണ സാമാന്യമായി പറയുമ്പോൾ പരമാർത്ഥവുമതുതന്നെ! എന്നാൽ തിളച്ചവെള്ളത്തിൽ ജലത്തിന്റെയും അഗ്നിയുടെയും ഗുണങ്ങളൊന്നുപ്പെട്ടിരിക്കുന്നതുപോലെ യുക്തിചിന്തയുടെ ഗുണവിശേഷങ്ങളൊന്നുക്കൊള്ളുന്ന മിസ്റ്റിസിസവും—യുക്തിചിന്താപരമായ മിസ്റ്റിസിസം എന്നു് അതിനെ നാമകരണം ചെയ്യുകയോ?—അപൂർവ്വമായി കാണാൻ കഴിഞ്ഞേക്കും. പരമ്പരാഗതമായി പറഞ്ഞുകേട്ടിട്ടുള്ള അജ്ഞാതവസ്തുതകളെക്കുറിച്ചുള്ള വിശ്വാസങ്ങളൊന്നുമല്ലോ, അവയെ അതാതുകാലംവരെ അറിയപ്പെട്ടിട്ടുള്ള ശാസ്ത്രീയ ചിന്താഗതിക്കനുസൃതമായി രൂപവൽക്കരിക്കുകയും കണ്ണുമടച്ചുള്ള ചില 'റെഡിമെയ്ഡ്' വിശ്വാസങ്ങൾക്കുപകരം യുക്തിചിന്തയുടെ ദൃഷ്ടിക്കനുതാരതമ്യേന കൂടുതൽ പൊരുക്കാവുന്ന ഒരു വീക്ഷണഗതി പുലർത്തുകയും ചെയ്യുക എന്നതാണതിന്റെ ലക്ഷണം. മധ്യകാലത്തായാലും അതിനുമുമ്പായാലും മതപരവും മറ്റുമായ ഇടുങ്ങിയ ചട്ടക്കൂടുവിട്ടു പുറത്തുപോവാൻ മാനവചിന്ത അനുവദിക്കപ്പെടാതിരുന്നപ്പോൾ, അക്കാലങ്ങളിലെ അത്യുന്നതധിഷണാശാലികളിൽ ചി

ലർ മനസ്സിനെ വിശാലമായ വിഹായസ്സിൽ സ്വതന്ത്രമായി വി ഹരിക്കാനനുവദിച്ചിരുന്ന 'സൂഫിസ'ത്തിലേക്കാകർഷിക്കപ്പെട്ടക യുണ്ടായി. യുക്തിചിന്താപരമായ മിസ്റ്റിസിസത്തിന്റെ ഉത്ഭവ ത്തിനുള്ള പ്രധാനകാരണമിതായിരിക്കണം. ക്രി. വ. 1165-ൽ സ്പെയ്നിൽ പണ്ഡിതനായൊരു കുബേരന്റെ പുത്രനായി ജനി ക്കുകയും കാലാന്തരത്തിൽ വിശ്വവിഖ്യാതനായിത്തീരുകയും ചെയ്ത ഇബ്നുഅറബിയാണ് യുക്തിചിന്താപരമായ മിസ്റ്റിസിസത്തി ന്റെ ഉന്നതനായ ഒരു പ്രഘോഷകൻ.

അക്കാലത്തു് കിട്ടാവുന്നതിൽവെച്ചു് മഹത്തരമായ വിദ്യാ ഭ്യാസം കൈവരിക്കാനുള്ള ഭാഗ്യം ബാലനായ ഇബ്നു അറബി ക്കുണ്ടായി. അതിരില്ലാത്ത വിജ്ഞാനദാഹത്താൽ അനുഗ്രഹീത നായിരുന്ന ആ വിദ്യാർത്ഥിയുടെ ശിരസ്സ് എല്ലായ്പ്പോഴും തന്റെ സഹപാടികളുടേതിൽനിന്നുയർന്നിരുന്നു. ധിഷണയും ഭാവനാശ ക്തിയും അത്യപൂർവ്വമാംവിധം ഉൾക്കൊണ്ടിരുന്ന അദ്ദേഹം സത്യ നിഷ്ഠ, ആത്മാർത്ഥ ഭക്തി, സൽസ്വഭാവം തുടങ്ങിയ ഗുണങ്ങള ടെയും വിളനിലമായിരുന്നു. വിദ്യാർത്ഥിജീവിതകാലത്തെ ഒഴി വുസമയങ്ങളും സൂഫികളുമായിടപഴകിക്കൊണ്ടാണദ്ദേഹം വിനി യോഗിച്ചതു്. മിസ്റ്റിക്കുകൾക്കുണ്ടെന്നവകാശപ്പെടുന്ന മാനസിക ശക്തികളും—സപ്പോന്നഭൂതി, പരവിചാരപ്രക്ഷേപണം, അദൃശ്യ ദർശനം തുടങ്ങിയവ ഇബ്നുഅറബിക്കുണ്ടായിരുന്നുവെന്നു വിശ്വ സിക്കപ്പെടുന്നു.

വിപ്ലവകാരിയായ ചിന്തകൻ.

1202-മാണ്ടിൽ ഇബ്നുഅറബി സ്വദേശമായ സ്പെയിൻ വിട്ടു് ആഫ്രിക്കയിലേക്കു പോയി. ഇരുണ്ട വൻകരയിലെ പല നഗരങ്ങളും സന്ദർശിച്ചതിനുശേഷം അദ്ദേഹം ഈജിപ്തിൽ താമ സമാക്കുകയും പുതിയ വിജ്ഞാനനുഭവങ്ങളുടെയും പഠനത്തി

ന്റെയും ഫലമായി അതേവരെ അറിയപ്പെടാതിരുന്ന ഒരു പുത്തൻമാഗ്ഗം വെട്ടിത്തെളിയിക്കുമാറ് നൂതനതത്വോപദേശത്തിൽ വ്യാപൃതനാവുകയും ചെയ്തപ്പോഴും അന്തരീക്ഷം ആകപ്പാടെ ഇരുണ്ടുകൂടി. തന്റെ പ്രവൃത്തിമുഖേന ഒരു കൊടുങ്കാറ്റിനെയാണ് ഇബ്നുഅറബി കൈകൊട്ടിവിളിച്ചതു്. ആ നിർഭയചിന്തകന്റെ പുത്തൻപ്രവണതകളൊട്ടും ഇഷ്ടപ്പെടാതിരുന്ന അധികൃതന്മാർ അദ്ദേഹത്തെ ഉടൻതന്നെ ഈജിപ്തിൽനിന്നു് നാടുകടത്തി. നിഗ്രഹിക്കാനുള്ള ഗൂഢാലോചനകൂടി അക്കാലത്തുണ്ടായിരുന്നുവെന്നു് പറയുമ്പോഴും, ഇബ്നു അറബിയുടെ നൂതനചിന്താഗതി യാഥാസ്ഥിതികർക്കു് എത്രമാത്രം ആരോചകമായിരുന്നുവെന്നു ഹിക്കാമല്ലോ.

പണ്ടുള്ളവർപോയ വഴിവിട്ടു് സ്വന്തമായൊന്നു തിഞ്ഞെടുക്കാൻ ധൈര്യപ്പെടുന്നവർക്കു് എന്നുമുള്ള വിധിയാണതു്. ഇതിലത്ഭുതപ്പെടാനൊന്നുമില്ല. ഇബ്നുഅറബിയുടെ മതവിശ്വാസവും ഭക്തിയും മറ്റും സാധാരണ മതവിശ്വാസികളുടേതിൽനിന്നു തികച്ചും വ്യത്യസ്തമായിരുന്നുതാനും! ലോകാരംഭംമുതൽ ആയിരമായിരം ചിന്തകന്മാരുടെ അളവറ്റ ചിന്താശക്തിയും സംഭാഷണശക്തിയും വിനിയോഗിക്കപ്പെട്ടിട്ടുള്ള — ടൺകണക്കിനു് കടലാസ്സും മഷിയും ചിലവഴിച്ചിട്ടുള്ള — ഈശ്വരാന്വേഷണത്തിൽ അദ്ദേഹം പുലർത്തുന്ന നിലപാടു് പരിശോധിക്കുകയേ വേണ്ടൂ, ഇക്കാര്യം പളുങ്കുപോലെപ്രസ്പഷ്ടമാവൻ. അദ്ദേഹം വ്യക്തമാക്കുന്നു: മതവിശ്വാസാനുസൃതമായ ദൈവത്തെസ്സംബന്ധിച്ചുള്ള അറിവു് പരിമിതമാണു്, അല്ലാതെ പരിപൂർണ്ണമല്ല. കാരണം, മതപ്രവാചകന്റെ ഹൃദയത്തിനുക്കൊള്ളാൻ കഴിഞ്ഞിട്ടുള്ള ദൈവം മാത്രമാണതു്.' (ദൈവത്തിന്റെ പരിപൂർണ്ണത സ്വഭാവം ആക്കെങ്കിലും ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു് വിശ്വസിക്കാൻ ന്യായമില്ല.) 'ദൈവത്തെസ്സംബന്ധിച്ചുള്ള ഓരോരുത്തന്റേയും കാഴ്ചപ്പാടു് അവന്റെ ആശയഗതിക്കനുസരിച്ചിരിക്കും; അല്ലാതെ

അറിവിൽനിന്നും രൂപം പ്രാപിച്ചതായിരിക്കില്ല.' 'വിധിനിർണ്ണായകദിന (Day of Judgement) ത്തിൽ ദൈവത്തെ തന്റെ നഗ്നനയനങ്ങൾകൊണ്ട് കാണാമെന്നു പ്രതീക്ഷിക്കുന്നവൻ ജാഹിൽ (അജ്ഞൻ) ആണ്. ദൈവം ഭക്തന്റെ ദൃഷ്ടിയിൽ അവന്റെ വിശ്വാസത്തിന്നനുസൃതമായാണ് പ്രത്യക്ഷപ്പെടുക. തെളിവു്, നീ നിന്റെ മുഖം ഏതിടത്തേക്കു തിരിച്ചാലും അവിടെയെല്ലാം നിന്റെ നാഥന്റെ സാന്നിദ്ധ്യമുണ്ടാവും എന്ന ഖുർആൻവചനം തന്നെ.'' തന്റെ വിശ്വാസത്തിൽ നിലനില്ക്കുന്നവനും തന്റെ ജീവിതവുമായി ബന്ധിക്കപ്പെട്ടിട്ടുള്ളവനുമായ ദൈവത്തെയാണ് ഒരു വിശ്വാസി പ്രകീർത്തിക്കുന്നതു്. അപ്പോൾ അവൻ തന്നെയല്ലാതെ മറ്റാരെയുമല്ല സ്തുതിക്കുന്നതു്. കാരണം, അവൻ സ്തുതിക്കുന്ന ദൈവം അവന്റെതന്നെ സൃഷ്ടിയാണല്ലോ. ഒരു പ്രത്യേകനിമ്മിതിയെ പ്രകീർത്തിക്കുകയെന്നാൽ, അതിന്റെ നിർമ്മാതാവിനെ സ്തുതിക്കലാണ്. അതിന്റെ ഗുണോൽക്കർഷത്തിന്നാകട്ടെ വൈരൂപ്യത്തിന്നാകട്ടെ ഉത്തരവാദിത്വം വഹിക്കുന്നതു് അതിന്റെ നിർമ്മാതാവല്ലാതെ മറ്റാരാണ്'' മദ്ധ്യകാലത്തു് ഇങ്ങനെയൊക്കെ പ്രഖ്യാപിക്കാൻ അസാമാന്യ ധൈര്യംതന്നെ വേണം. വീണ്ടും, ''ദൈവം മൂസ (മോശെ) യോടു് തീയിൽ നിന്നു സംസാരിച്ചു; കാരണം, മൂസയന്വേഷിച്ചതു് തിയ്യിനെയാണ്;'' 'ഓരോരുത്തന്നും താന്താങ്ങളുടെ കഴിവനുസരിച്ചേ ദൈവത്തെ മനസ്സിലാക്കാനാവൂ'' എന്നും മറ്റും പ്രസ്താവിക്കുന്ന ഇബ്നുഅറബിയും, സാധാരണയായി സായാഹ്നസവാരിക്കിറങ്ങുമ്പോൾ മുക്കവലയിൽ കണ്ടുമുട്ടാവുള്ള ഒരാളുടെ രൂപം വിവരിച്ചുപറയുന്നതുപോലെ അതു സംശയരഹിതമായി ദൈവത്തിന്റെ സ്വരൂപസ്വഭാവങ്ങളും വർണ്ണിക്കുകയും അതിൽനിന്നു വ്യത്യസ്തമായ രൂപത്തിൽ ദൈവത്തെ കാണുന്നവരെസ്സംബന്ധിച്ചു് യാതൊരാക്ഷേപവും വകയില്ലെന്നു് വിധി പ്രസ്താവിക്കുകയും ചെയ്യുന്ന മതപണ്ഡിതന്മാരും തമ്മിൽ അലയാഴിയും മലയാദ്രിയും തമ്മിലുള്ള വ്യത്യാസമുണ്ട്.

ദൈവത്തിന്റെ പൂർണ്ണമായ രൂപം ഒരാൾക്കും ഒരിക്കലും ഗ്രഹിക്കാൻ കഴിയുകയില്ലെന്നും, വിവിധങ്ങളും ചിലപ്പോൾ വിരുദ്ധങ്ങളുമായ ഐശ്വരാംശങ്ങളിൽ ചിലതു് വിവിധജനങ്ങൾ സ്വന്തം കഴിവിനും വിശ്വാസത്തിനുമനുസരിച്ചു് കാണുന്നുവെന്നേയുള്ളുവെന്നും പ്രസ്താവിക്കുന്ന ഇബ്നു അറബി വാദിക്കുന്നു, ഈശ്വരാംശങ്ങളിൽ കുറച്ചുമാത്രം കാണാൻ കഴിവുള്ളവരെ അതിനെക്കാൾ കൂടുതൽ കാണാൻ കഴിവുള്ളവരെന്നഭിമാനിക്കുന്നവർ അപലപിക്കേണ്ടതില്ലെന്നു്. വിവിധവിശ്വാസികൾ പരസ്പരം സഹിഷ്ണുതയോടെ വർത്തിക്കുകയാണു് വേണ്ടതെന്നു് ഈയടിസ്ഥാനത്തിൽ വ്യക്തമാക്കിയതിനുശേഷം ആ സ്നേഹധനൻ തീർത്തുപറയുന്നു: ''ദൈവത്തിന്റെ സൃഷ്ടികളോടു് കരുണയോടെ വർത്തിക്കുകയും അവർക്കു് സംരക്ഷണം നൽകുകയും ചെയ്യുന്നതാണു് ദൈവികനിയമങ്ങൾ കർശനമായടിച്ചേൽപ്പിക്കുന്നതിനെക്കാൾ നല്ലതു്''.

'ദൈവവചനം'

ദൈവത്തെസ്സംബന്ധിച്ചുള്ള ഇബ്നു അറബിയുടെ അഭിപ്രായങ്ങൾ, ഉപരിസൂചിതമായതുപോലെ യുക്തി ചിന്താപരമായ മിസ്റ്റിസിസത്തിന്റെ ലക്ഷണത്തിനനുസരിച്ചുള്ളവയാണെങ്കിൽ, 'ദൈവവചന'ത്തെസ്സംബന്ധിച്ചും മറ്റുമെന്താണാദ്ദേഹത്തിനു് പറയുവാനുള്ളതു്? മതഗ്രന്ഥങ്ങൾ ദൈവപ്രോക്തങ്ങളാണെന്നും ദൈവം അയച്ച ദൂതന്മാർ (മലക്കുകൾ) മതപ്രവാചകന്മാരുടെ ചെവിയിൽ പറഞ്ഞുകൊടുത്ത ദൈവവചനങ്ങളാണവയിലെ ഉള്ളടക്കമെന്നുമുള്ള പ്രസ്താവത്തെ ഇബ്നുഅറബി അലങ്കാരഭാഷയായെടുക്കുകയാണു് ചെയ്തിട്ടുള്ളതെന്നു കാണാം. ''ഉറങ്ങുമ്പോഴോ ഉണർന്നിരിക്കുമ്പോഴോ ചിന്തയുടെ അകമ്പടിയോടെ ഉൾക്കാഴ്ചയുടെ മണിയറയിൽ വ്യക്തമായ ആശയങ്ങൾ ഉടലെടുക്കുന്നതിനാണു് ദിവ്യവെളിപാടു് (വഹി) എന്നു പറയുന്നതു്''

എന്ന ആ ചിന്താഗ്രണിയുടെ വിശദീകരണം എത്രമാത്രം യുക്തിയുക്തമായിരിക്കുന്നു! ''മാനവേന്ദ്രിയങ്ങളിലും മറവും ഒളിഞ്ഞുകിടക്കുന്ന ശക്തികളും കഴിവുകളുമാണ് മലക്കുകൾ (ദൈവദൂതന്മാർ)'' എന്നുള്ള അദ്ദേഹത്തിന്റെ പ്രസ്താവനയും ഇതിനോടുകൂടി വായിക്കുമ്പോഴാണ് ഇബ്ന അറബിയുടെ ഉദ്ദേശമെന്തായിരുന്നുവെന്നു സ്പഷ്ടമാവുന്നത്.

മനുഷ്യൻ 'വിധി'യുടെ പാവയല്ല.

വിധിയുടെ ചതുരംഗപ്പലകമേൽ ഒരു പുറം ശക്തിയുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചു നീങ്ങിക്കൊണ്ടിരിക്കുന്ന—സ്വന്തം അഭീഷ്ടമനുസരിച്ചു ചലിക്കുവാൻ പ്രാപ്തമല്ലാത്ത—ഒന്നാണ് മനുഷ്യജീവിതം എന്ന നിസ്സഹായതാബോധത്തിൽ ഇബ്ന അറബി പങ്കാളിയല്ല. ''പരമാത്മാവിന്റെ പ്രവർത്തനമാർഗ്ഗം പിൻതുടർന്നുകൊണ്ട് ആത്മാവ് സ്വന്തം വിധിനിർണ്ണയിക്കുന്നു'' എന്നതേ അദ്ദേഹം പ്രസ്താവിക്കുന്നതു്. 'എങ്ങനെയാണ് ദൈവം തികച്ചും സ്വതന്ത്രനാണെന്നു പറയുക, ഞാനവനെ സഹായിക്കുകയും നന്നാക്കിതീർക്കുകയും ചെയ്യുമ്പോൾ' എന്ന കൊച്ചുവാക്യം ജീവാത്മ പരമാത്മബന്ധത്തെക്കുറിച്ചായാലും മാനവജീവിതവികസനത്തെക്കുറിച്ചായാലും ഒരു പ്രപഞ്ചംതന്നെ ഉൾക്കൊള്ളുന്നുണ്ട്.

വികസിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചം.

'ആയിത്തീരുക' എന്ന ദൈവികവചനമാണ് പ്രപഞ്ചസൃഷ്ടിക്കു കാരണമെങ്കിൽ, ''പ്രസ്തുത ദൈവവാക്യം ഒരിക്കലും തുടരാതിരിക്കുന്നില്ല'' എന്ന അത്മവത്തായ അഭിപ്രായത്തിലൂടെ പ്രപഞ്ചം ഒരു ജഡവസ്തുവാണെന്നും അതിനു വികാസമോ പുരോഗതിയോ ഉണ്ടാവാനില്ലെന്നുമുള്ള പഴഞ്ചനാദർശനവാദത്തെ ഇബ്ന അറബി ഖണ്ഡിക്കുന്നു. ''ലോകം വളർച്ചയാണ്; അതോരോ

നിമിഷവും മാറിക്കൊണ്ടിരിക്കയാണു്.'' ദൈവം ഓരോ നിമിഷവും തന്റെ പ്രഭാവങ്ങളെ വെളിപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു; അവ വെറും ആവർത്തനങ്ങളല്ലതാനും. ഒരു പ്രത്യേക പ്രഭാവത്തിന്റെ തിരോധാനമാണു് 'ഫന' (വിനാശം); തൽസ്ഥാനത്തുള്ള മറ്റൊന്നിന്റെ ഉദയം 'ബഖ'യും. 'ഫന' ലോകത്തെ ഓരോ നിമിഷവും നശിപ്പിക്കുമ്പോഴും, 'ബഖ' അതേനിമിഷം തന്നെ പ്രസ്തുത വിടവു് നികത്തിക്കൊണ്ടിരിക്കുന്നു'' എന്നു തുടങ്ങിയ ഇബ്നു അറബിയുടെ പ്രസ്താവനകളുടെ താല്പര്യം ആധുനികശാസ്ത്രീയ തത്വങ്ങളുമായി എത്രമാത്രം അടുപ്പം പുലർത്തുന്നുണ്ടെന്നു് ആലോചിച്ചുനോക്കുക!

പഴഞ്ചൻ ചിപ്പിയിലെ പുത്തൻമുത്തു്

ധിഷണാശാലിയായ ആ ചിന്തകചൂഡാമണി തന്റെ ചിന്താഫലങ്ങളെ എല്ലായ്പോഴും വ്യക്തമായ ഭാഷയിൽ രേഖപ്പെടുത്തുകയല്ല, ഐതിഹ്യങ്ങളുടെയും മിസ്റ്റിക്കു് ഭാവനകളുടെയും ആവരണമണിയിച്ചാവിഷ്കരിക്കുകയാണു് ചെയ്തിട്ടുള്ളതു്. നേരായ മാർഗ്ഗം കൈവെടിഞ്ഞു് മിക്കവാറും അവ്യക്തമായ പ്രസ്തുത രീതി സ്വീകരിക്കാൻ ഇബ്നു അറബിയെ നിർബ്ബന്ധിച്ചതു് രണ്ടു കാരണങ്ങളാകുന്നു: ഒന്നു്, എത്രതന്നെ യുക്തിയുക്തമായ വിചാരധാരയായാലും ജനത അതെളുപ്പത്തിൽ ശ്രദ്ധിക്കണമെങ്കിൽ ജനസാമാന്യത്തിന്റെ ധാരണാപരിമിതിക്കു വകയിരുത്തിക്കൊണ്ടു് അവരുടെ ഭാഷയിൽ—അവരുടെയിടയിൽ പ്രചുരപ്രചാരമുള്ള ഐതിഹ്യങ്ങളോടും വിശ്വാസങ്ങളോടും ബന്ധപ്പെടുത്തിക്കൊണ്ടു്—വേണം നൂതനചിന്താമുഖങ്ങളെ ആവിഷ്കരിക്കാനെന്ന വസ്തുത. ഇബ്നുഅറബിതന്നെ ചൂണ്ടിക്കാണിക്കുന്നു. 'ശ്രോതാവിന്റെ ധാരണാപരിമിതിക്കനുസരിച്ചുള്ളതായിരിക്കണം വിജ്ഞാനിയുടെ ഭാഷണം—അവന്റെ ദൌർബ്ബല്യങ്ങളും ചിരപ്രതി

ുമായ വികലവിഭാവനകളും പരിഗണനയിലെടുത്തേ പറവൂ.' * രണ്ടാമതു്, താനെഴുതിയ ഗ്രന്ഥങ്ങളുടേയും സ്വജീവിതത്തിന്റെതന്നെയും നിലനിൽപ്പിനെ മുൻനിർത്തി ഇബ്ന അറബിക്കു താൻ ജീവിച്ചിരുന്ന കാലത്തു് തന്റെ ചിന്താഗതി വ്യക്തമായ ഭാഷയിൽ വെളിപ്പെടുത്താൻ സാധ്യമായിരുന്നില്ലെന്നും അവ്യക്തവും ഭാവനാത്മകവുമായ ഒരു പ്രതിപാദനരീതി സ്വീകരിക്കുകയെന്ന പോംവഴി മാത്രമേ അവശേഷിച്ചിരുന്നുള്ളുവെന്നും ഇംഗ്ലീഷിൽ അദ്ദേഹത്തിന്റെ ജീവചരിത്രമെഴുതിയിട്ടുള്ള മൌലവി എസ്. എ. ക്യൂ. ഹുസ്സെയ്നി, എം. എ ചൂണ്ടിക്കാണിക്കുന്നു. 'ദൈവസിംഹാസനം' തുടങ്ങിയ തലക്കെട്ടുകൾക്കു താഴെ ചിന്താദ്യോതകമായ തത്വരത്നങ്ങൾ നിറത്തിവെക്കാൻ ചരിത്രപുരുഷനെ പ്രേരിപ്പിച്ചതുമിതുതന്നെ.

വിജ്ഞാനവിതരണവ്യഗ്രത.

ഈജിപ്ത്വിടാൻ നിർബ്ബന്ധിതനായ ഇബ്ന അറബിക്കു് ഡമാസ്ക്കസ്സിൽ നല്ല സ്വീകരണമാണു് ലഭിച്ചതു്. അവിടെവെച്ചു അദ്ദേഹം തന്റെ സമയം മുഴുവനും വിജ്ഞാന വിഷയകമായി വിനിയോഗിക്കുന്നതിൽ വ്യാപൃതനായി—ഗ്രന്ഥങ്ങളെഴുതിയും ശിഷ്യന്മാരെ പഠിപ്പിച്ചുകൊണ്ടും. ആ പ്രതിഭാചൂടു വിരചിച്ച ഗ്രന്ഥങ്ങളുടെ എണ്ണം മുന്നൂറോളംവരും—അതും അതിഗഹനവും വിപുലവുമായ വിഷയങ്ങളെ അധികരിച്ചുള്ളവയും! ശക്തിയുക്തമായൊരു ഗദ്യശൈലി സ്വായത്തമായിരുന്ന അദ്ദേഹത്തിനു് ഹൃദയദ്രവീകരണക്ഷമമായ മിസ്റ്റിക്കു് കവിതാരചനയിലും പ്രാവീണ്യമുണ്ടായിരുന്നു. തന്റെ എഴുപത്താറാമത്തെ വയസ്സിൽ ദിവംഗതനാവുന്ന അവസരത്തിൽ കൂടി ഇബ്ന അറ

---

* 'ഞങ്ങളും, പ്രവാചകന്മാർ, ജനങ്ങൾക്കു് മനസ്സിലാവുന്ന ഭാഷയിൽ സംസാരിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.' എന്ന പ്രവാചക (മുഹമ്മദ്) വചനം ഇവിടെ അനുസ്മരിക്കാം.

ബി ഒരു ശിഷ്യനെ തന്റെ ഗ്രന്ഥങ്ങൾ പഠിപ്പിക്കുകയായിരുന്നുവത്രേ.

സമകാലീനപണ്ഡിതന്മാരിലൊരു വിഭാഗം ഇബ്നുഅറബിയെ 'അവിശ്വാസി'യെന്നു വിളിച്ചു. മറ്റു ചിലരാകട്ടെ, അദ്ദേഹത്തെ വലിയൊരു യതിവര്യ (ഔലിയ) നായും മതത്തിന്റെ സംരക്ഷകനുമായാണണ്ണിയതു്. എന്നുതന്നെയായാലും, തന്നെനേരെ ആഞ്ഞടിച്ച എതിർപ്പിന്റെ കൊടുങ്കാറ്റിനെ കട്ടകിട ഗണ്യമാക്കാതെ, ആക്ഷേപകന്മാരുടെ ആരോപണങ്ങൾക്കു് പതിവായി മറുപടിയെഴുതാൻകൂടി നില്ക്കാതെ തന്റെ കർത്തവ്യം നിർബ്ബാധം നിർവ്വഹിക്കുകയാണദ്ദേഹം ചെയ്തതു്. ഇബ്നു അറബിയുടെ വിജ്ഞാനഫലങ്ങൾ ചിലർക്കാസ്വദിക്കാൻ പിടികിട്ടാതിരുന്നതിന്റെ കാരണം അക്കൂട്ടരുടെ കരങ്ങളുടെ ദൈർഘ്യക്കുറവാണെന്നു ചുരുക്കം ചിലരേ ഗ്രഹിച്ചിരുന്നുള്ളൂ.

"ചോരയും കല്ലുകളും"

എത്ര പെട്ടെന്നാണ് മനുഷ്യൻ മൃഗംപോലായിത്തീരുന്നത്! പരിഷ്കാരത്തിനും സംസ്കാരത്തിനും നിബ്ബാധം സഞ്ചരിക്കാനെന്നോണം പണിചെയ്യപ്പെട്ടിട്ടുള്ള ബോമ്പെയിലെ വിശാലവീഥികളിൽ മനുഷ്യരക്തമാണൊഴുകുന്നത്. സഹോദരൻ മറെറാരു സഹോദരന്റെ കഴുത്തറക്കുന്നതുകണ്ട്, 'ഭാവശുദ്ധിയേവുന്ന ഭാരതസ്ത്രീകൾ' ആർത്തു ചിരിക്കുകയാണ്; അതും ഏതൊരവസരത്തിൽ? എണ്ണമററ ധീരരക്തസാക്ഷികളുടെ ആത്മത്യാഗത്തിന്റെ പരിഗണതഫലമായി, വൈദേശിക മേധാവിത്വം കെട്ടുകെട്ടാൻ നിബ്ബന്ധിതമായിത്തീർന്ന മംഗളകാലഘട്ടത്തിൽ! മഹത്തായ ഭാരതസംസ്കാരത്തിന്റെ പുളകംകൊള്ളിക്കുന്ന അംശങ്ങളും, ആവേശജനകമായ സ്വാതന്ത്ര്യ സമര ചരിത്രവും, മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ജാലിയൻ വാലാബാഗിൽ ഹിന്ദുവിന്റെയും മുസൽമാന്റെയും ജീവരക്തം കൂടിക്കലന്നൊഴുകിയ ആ മഹനീയ പാരമ്പര്യവും—എന്തിനും, ഇന്ത്യക്കഭിമാനം കൊള്ളാവുന്ന സർവ്വതുംതന്നെ—ഏതാനും ദിവസംകൊണ്ട് വർഗ്ഗീയ ലഹളയിലൊലിച്ചുപോയി. ഒരു ബ്രിട്ടീഷ് പട്ടാളക്കാരൻ ചോദിക്കുകയാണ്: "നിങ്ങടെ ഞങ്ങളോടുപറഞ്ഞു, "ഇന്ത്യവിടുക" ശരി, ഞങ്ങളിന്ത്യവിടുകയാണ്. പിന്നെ എന്തിനാണ് "മുസൽമാന്മാരിൽനിന്നു രക്ഷിച്ചാലും!" എന്നു പറഞ്ഞുകൊണ്ട് ഹിന്ദുക്കളും, "ഹിന്ദുക്കളിൽനിന്നു ഞങ്ങളെ രക്ഷിക്കണേ!" യെന്ന

പേക്ഷിച്ചുകൊണ്ട് മുസ്ലിങ്ങളും ഞങ്ങളുടെ പിന്നാലെ നടക്കുന്നു?'' ആത്മാഭിമാനവും മനുഷ്യത്വവുമുള്ള ഏതൊരിന്ത്യക്കാരനാണ് ഈ സ്ഥിതിവിശേഷങ്ങൾ സഹിക്കാൻ കഴിയുക?

വിപ്ലവസാഹിത്യകാരനായി വളർന്നുകഴിഞ്ഞ ഇന്ത്യയിലെ, ഖാജാ അഹമ്മദ് അബ്ബാസ് തന്റെ ''ചോരയും കല്ലുകളും'' എന്ന കൊച്ചുനോവൽ വിരചിച്ചിട്ടുള്ളത് ഈ പശ്ചാത്തലം വെച്ചുകൊണ്ടാണ്.

സാഹിത്യകാരനും പത്രപ്രവർത്തകനുമായ ഒരു യുവാവാണ് നിർമ്മൽ കുമാർ. വർഗ്ഗീയ ലഹള ആളിക്കത്തുന്ന ബോബെയിലെ ദാരുണ ദൃശ്യങ്ങളും അദ്ദേഹത്തിന്റെ നിർമ്മല ഹൃദയത്തെ കഠിനമായി മഥിക്കുന്നു. നിർമ്മലിന്റെ സാഹിത്യ പരമായ കഴിവുകളിൽ അതിയായ വിശ്വാസമുള്ള അദ്ദേഹത്തിന്റെ പ്രേമവതിയായ കാമിനിയാണ് കലാരാധികയായ ഭാരതി. എന്നാൽ, ആ പരിതസ്ഥിതിയിൽ ഭാരതിയുടെ പ്രേമലോലമായ പെരുമാറ്റംപോലും നിർമ്മലിനെ വെറുപ്പിക്കുകയാണ് ചെയ്യുന്നത്. വീർപ്പുമുട്ടിക്കുന്ന ആ പരിസരത്തിൽനിന്നും, അകലെയെവിടെയെങ്കിലുമുള്ള കലാകേന്ദ്രങ്ങളിലേക്കോ, പ്രകൃതി ഭംഗിയുടെ കേളീരംഗങ്ങളിലേക്കോ നിർമ്മലിനെ കൂട്ടിക്കൊണ്ടുപോകാൻ ആ പ്രേമസമ്പന്ന വളരെ ശ്രമിച്ചുനോക്കി. എന്നാൽ, നിർമ്മൽ കുമാർ അതിനു വഴങ്ങാതെ, വലിയ പ്രതീക്ഷകളോടെ, വർഗ്ഗീയ ഭ്രാന്തിനുപശാന്തിവരുത്താൻ രൂപീകൃതമായതെന്നു പറയട്ടെ 'ശാന്തിസേന'യിൽ ചേർന്നു പ്രവർത്തിക്കാനാണ് തീരുമാനിച്ചത്. എന്നാൽ കഷ്ടം! ശാന്തിസേനകൂടി വർഗ്ഗീയ വിദ്വേഷത്തിനു വിധേയമായിരുന്നു! അങ്ങനെ സകല ആശകളും നശിച്ച്, തന്റെ പ്രവർത്തനത്തിനു രംഗം കാണാതിരുന്ന കഥാനായകൻ, പ്രസ്തുത പരിസരത്തിൽ നിന്നെങ്ങനെയെങ്കിലും വിമുക്തനായാൽ

മതിയെന്നു് തീരുമാനിക്കുകയും, ഭാരതി സസന്തോഷം ശില്പകല യുടെ 'മെക്ക' യായ അജന്തയിലേക്കു് അദ്ദേഹത്തെ കൂട്ടിക്കൊണ്ടു പോകുകയും ചെയ്യുന്നു.

അജന്തയിലെത്തിയിട്ടും, അവിടത്തെ ശിൽപ്പഭംഗിയാസ്വ ദിക്കാനോ നിരീക്ഷിക്കാൻപോലുമോ നിമ്മലിനു കഴിയുന്നില്ല. അദ്ദേഹം നോക്കുന്നിടത്തെല്ലാം എന്തെങ്കിലും കാണുന്നുണ്ടെങ്കിൽ, അതു് ചുടുരക്തം മാത്രമാണു് — ബോംബെതെരുവുകളിൽ തളം കെട്ടുന്ന മനുഷ്യരക്തം. അജന്തയിലെ കലയുടെ ഔന്നത്യത്തെ ക്കുറിച്ചും ആർഷഭാരത സംസ്കാരത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചും കണുക്ഷോപം ചെയ്യുന്ന വഴികാട്ടിയുടെ വാക്കുകൾ നിമ്മലിനെ സ്സംബന്ധിച്ചേടത്തോളം, നിരർത്ഥകംമാത്രമാണു്. അതൊക്കെ കേവലം വഞ്ചനയും കാപട്യവുമല്ലേയെന്നു ചോദിക്കാൻപോലും അദ്ദേഹത്തിനു തോന്നുന്നു. വഴികാട്ടിയാലാനീതരായി പല ഗ്രഹകളും സന്ദർശിക്കുന്നതിനിടയ്ക്കു്, ഒരു ഗ്രഹയുടെ ഇരുളടഞ്ഞ ഭാഗത്തു് നിമ്മൽ ചിന്താപാർവശ്യത്തോടെ ഇരുന്നുപോയതു് ഭാ രതിയോ വഴികാട്ടിയോ കണ്ടില്ല. അദ്ദേഹം പുറത്തേക്കോ ബംഗ്ലാ വിലേക്കോ പോയിക്കാണുമെന്നു കരുതി ഭാരതി ബംഗ്ലാവിലേക്കു തിരിച്ചുപോകുന്നു.

ഇനിയങ്ങോട്ടുള്ളതാണു് അതിപ്രധാനവും ഗ്രന്ഥകാരന്റെ ആകർഷകമായ കഥാകഥനരീതിക്കു് മകുടമണിയിക്കുന്നതുമായ ഭാഗം. ദാരുണവും ഭയാനകവുമായ ഒരു പശ്ചാത്തലത്തിൽ വിര ചിക്കുന്ന ഈ നോവൽ വല്ലതരവും പ്രതിഫലിപ്പിക്കുമെങ്കിൽ അതു് ''സോഷ്യൽ സിനിസിസ്'' മോ മറ്റോ ആയിരിക്കുമെ ന്നാണു് നാം ന്യായമായും പ്രതീക്ഷിക്കുക. എന്നാൽ, ദൈവ ത്തിനുമാത്രമല്ല, പ്രഗൽഭരായ സാഹിത്യകാരന്മാർക്കുകൂടി മനു ഷ്യന്റെ പ്രതീക്ഷകളെ അസ്ഥാനത്താക്കാൻ കഴിയുമെന്നാണു് ''ചോരയും കല്ലുകളും'' കാണിക്കുന്നതു്. നോക്കുക:

ചിന്താഭാരംകൊണ്ട്, അജന്താഗുഹയിലിരുന്ന് അല്പമൊന്നു മയങ്ങിയിരിക്കാവുന്ന നിമ്മൽകുമാറിന്റെ ഉപബോധമനസ്സ് ആ സാഹചര്യത്തിൽ പല അപൂർവ്വ ദൃശ്യങ്ങളും ദർശിക്കുന്നു: പണിമുഴമിച്ചിട്ടില്ലാത്ത ഒരു ഗുഹയിൽ കാഷായ വസ്ത്രധാരികളായ നിരവധി സന്യാസിമാർ ക്ഷമാപൂർവ്വം കരിങ്കല്ലിൽ കൊത്തിപ്പണിതുകൊണ്ടിരിക്കുകയാണ്. ഉളി കരിങ്കല്ലിൽ പതിക്കുമ്പോഴുണ്ടാവുന്ന ''ക്ലിക് ക്ലിക്'' ശബ്ദത്താൽ അവിടമെല്ലാം മുഖരിതമായി. മനുഷ്യൻ മനുഷ്യന്റെ കഴുത്തറക്കുമ്പോഴും, കരിങ്കല്ലിൽ നിന്നു കമനീയമായ കല കടഞ്ഞെടുക്കാൻ പണിപ്പെടുന്ന ആ സന്യാസിമാരുടെ പ്രവൃത്തനം പാഴ്വേലയും സമയദുർവിനിയോഗവുമാണെന്നാണ് നിമ്മലിനു തോന്നിയതു്. അതിനുവേണ്ടി ചിലവഴിക്കുന്ന വിലയേറിയ സമയം, മനുഷ്യനെ അല്പം വിവേകിയാക്കിത്തീർക്കാൻവേണ്ടി വിനിയോഗിച്ചിരുന്നെങ്കിൽ എത്രനന്നായിരുന്നു എന്നു് അദ്ദേഹം ആ സന്യാസിമാരിലൊരാളോടു് ചോദിക്കുകതന്നെചെയ്തു. സന്യാസി മറുപടിപറഞ്ഞു: ഈ ലോകംതന്നെയും ഇപ്പോഴും അപൂർണ്ണമാണ്. പരിപൂർണ്ണാവസ്ഥ പ്രാപിക്കേണ്ട മനുഷ്യനും ഇന്നും അപൂർണ്ണനാണ്. അവ പൂർത്തിയാക്കിയേ കഴിയൂ.'' എന്താണ് അജന്തയുടെ സന്ദേശം എന്നു ചോദിച്ച നിർമ്മലിനോടു് ''ശ്രദ്ധിക്കുക'' എന്നുമാത്രം പറഞ്ഞുകൊണ്ടു് ആ കർമ്മയോഗി സശ്രദ്ധം കരിങ്കല്ലിൽ കൊത്തിപ്പണിയാൻ തുടങ്ങി. ഉരുക്കു് കരിങ്കല്ലിനോടേറ്റുമുട്ടുമ്പോഴുണ്ടാകുന്ന 'ക്ലിക് ക്ലിക്' ശബ്ദമല്ലാതെ മറ്റൊന്നും ആ നിശ്ശബ്ദതയെ ഭഞ്ജിച്ചില്ല. സ്വന്തം പ്രവൃത്തിയാൽ തികച്ചും ലയിച്ചുപോയ സന്യാസി, ചുറ്റിക തന്റെ കൈവിരലിൽതട്ടി ചോരത്തുള്ളി താഴെ വീഴുന്നതുകൂടി അറിയുന്നില്ല. കുറച്ചുസമയം കഴിഞ്ഞപ്പോൾ കറുത്ത കരിങ്കല്ലിൽ മനോജ്ഞമായൊരു താമരപ്പൂവ് രൂപമെടുത്തു. ആ സുന്ദരസുമത്തിനു് രൂപംകൊടുക്കാനുള്ള ശ്രമത്തിൽ ഏതാനുംതുള്ളി ജീവരക്തം നഷ്ടപ്പെട്ടാൽതന്നെ അതൊരു നഷ്ടമല്ല! അപ്പോൾ, അജന്തയുടെ സന്ദേശമാണ്—പ്രയത്നിക്കുക,

അപൂർണ്ണതയിൽനിന്നും പരിപൂർണ്ണത കടഞ്ഞെടുക്കാൻ അനവരതം യത്നിക്കുക. എന്നാൽ, ഒരു വ്യക്തിക്കോ ഒരു തലമുറക്കുപോലുമോ ഈ ലക്ഷ്യം പ്രാപിക്കാൻ കഴിയുമെന്നു് വ്യാമോഹിച്ചുപോവരുതു്. പേരില്ലാത്ത, പേരറിയപ്പെടാത്ത (അജന്തയിലെ ഒരു കലാസൃഷ്ടിയിന്മേലും തൽക്കർത്താക്കളുടെ നാമം ആലേഖനം ചെയ്യപ്പെട്ടിട്ടില്ല) അനേകം വ്യക്തികളുടെ മാത്രമല്ല ഏതാനും തലമുറകളുടെതന്നെ വളരെ വർഷങ്ങളോളമുള്ള അക്ഷീണപരിശ്രമത്തിന്റെ പരിണിതഫലമാണു് കലയുടേയും സൌന്ദര്യത്തിന്റേയും പൂങ്കാവുകളായ അജന്താഗുഹകൾ.

മനുഷ്യനും അപൂർണ്ണമായ ഒരു കലാസൃഷ്ടിയത്രേ! അവന്റെ ദൌർബ്ബല്യങ്ങൾ കണ്ടറിഞ്ഞു്, പരിപൂർണ്ണതയിലേക്കു നയിക്കാൻ അനവരതം യത്നിക്കുകയെന്നതാണു് ഓരോരുത്തന്റെയും കർത്തവ്യം. മനുഷ്യന്റെ കുറവുകളും ദൌർബ്ബല്യങ്ങളുംകണ്ടു മനം മടുക്കുകയോ, തന്റെ പ്രവർത്തനങ്ങൾ പെട്ടെന്നു ഫലപ്രദമാകാതിരിക്കുന്നതിൽ നിരാശനാവുകയോ ചെയ്തു് കർത്തവ്യത്തിന്റെ നേരെ പുറംതിരിക്കരുതു്. "തടിതപ്പിവാട"(Escapism)ത്തെ നേരിട്ടെതിർക്കുന്ന അജന്തയുടെ ഈ സന്ദേശം മിന്നൽപിണരെന്നോണം മനസ്സിൽ പതിഞ്ഞപ്പോൾ, നിർമ്മൽകുമാരിനു് പരിസരബോധമുണ്ടാവുകയും തന്റെ സ്ഥാനം വർഗ്ഗീയലഹളയിൽ എരിപൊരിക്കൊള്ളുന്ന ജനതാമധ്യത്തിലാണെന്നു മനസ്സിലാവുകയും ചെയ്യുന്നു. തൽഫലമായി അദ്ദേഹം ഭാരതിയെ കാണാൻ കൂടി നിൽക്കാതെ തൽക്ഷണം ബോമ്പെയിലേക്കു തിരിക്കുകയാണു് ചെയ്യുന്നതു്.

അനുവാചകരുടെ വികാരമണ്ഡലത്തെ അത്യുച്ചകോടിയിലെത്തിക്കത്തക്കവിധത്തിൽ, അജന്തയുടെ മാഹാത്മ്യവും വർഗ്ഗീയലഹളയുടെ ഗർഹണീയതയും അടുത്തടുത്തു ഹൃദയത്തിൽകൊള്ള

മാവ് ചിത്രീകരിക്കുന്ന ഒരു പ്രത്യേക സാങ്കേതികരീതിയാണ് അബ്ബാസ് ഈ നോവലിൽ സ്വീകരിച്ചിട്ടുള്ളത്.

'ദിവ്യമണി' (Philosophers' stone)യെക്കാളും "കായകൽപ്പ" (Elixir)ത്തേക്കാളും വിലപ്പെട്ട, ഉപരി സൂചിതമായ സന്ദേശം അജന്തയുടേതായാവിഷ്ക്കരിക്കുന്ന എതിരറ്റ തുലീകക്കു നമോവാകം! മനുഷ്യസമുദായത്തിന്റെ ഭാവിയെസ്സംബന്ധിച്ചേടത്തോളം മിക്കവാറും വിഷാദാത്മകത്വം പുലർത്തിവരുന്ന ഈ ദശാസന്ധിയിൽ, മനുഷ്യന്റെ നന്മയിലും പുരോഗതിയിലും അതിരറ്റ വിശ്വാസമുള്ള മഹദ്ഹൃദയങ്ങൾക്കുമാത്രമേ ഇത്രയും ആരോഗ്യകരമായ ഒരു വീക്ഷണഗതി പുലർത്താനാവൂ.

മുൻകൂട്ടികണ്ടുവെച്ച ഒരു തത്വം വെളിവാക്കാൻ കഥയിലെ സംഭവഗതിയെ കരുതിക്കൂട്ടി വളച്ചുതിരിക്കുകയോ ഒടിച്ചുഞെരിക്കുകയോ ചെയ്തിട്ടുണ്ടെന്നോ, ഒരു പ്രത്യേക സന്ദേശം നിങ്ങളുടെ തലയിൽ കെട്ടിവെക്കാൻ ഗ്രന്ഥകാരൻ ശ്രമിക്കുന്നുണ്ടെന്നോ, "ചോരയും കല്ലുകളും" വായിക്കുന്ന ഒരാൾക്കും തോന്നുകയില്ല. ശരീരശുദ്ധിവരുത്തേണ്ട ഉദ്ദേശത്തോടെ പൊയ്യയിലിറങ്ങിക്കുളിക്കുമ്പോൾ, കുളിക്കുന്ന ആൾക്ക് കുളിർമയും അനുഭവപ്പെടുന്നതുപോലെ അതൃപ്തിയുടെ സ്വാഭാവികമായിത്തന്നെ, നോവൽ വായിക്കുന്ന അനുവാചകന്റെ അന്തർമണ്ഡലത്തിൽ വിലപ്പെട്ട ആ സന്ദേശം പ്രതിധ്വനിച്ചുകൊണ്ടിരിക്കുമെന്നു മാത്രം! അതുതന്നെയല്ലേ ഒരു യഥാർത്ഥ കലാസൃഷ്ടിയുടെ വിജയോൽഘോഷണം?

